2012 ഒക്ടോബർ

# വേദ ദർശനം

Vedadarsanam Monthly, E-mail: vedadarsanam@mail.com. Don: ₹15



# കെ.എൻ.എമ്മിൽ കലാപം:

## നബിക്കു ഭ്രാന്ത് ബാധിച്ചെന്നു പറയുന്നവർ അകത്ത്; ഭ്രാന്ത് ബാധിച്ചില്ലെന്നു പറയുന്നവർ പുറത്ത്





## സാദിയയുടെ ഖുർആൻ ചിന്തകൾ

## ഓർമ്മയിൽ മുഹമ്മദ്കുട്ടിഹാജി

## അഖിലകേരള ജിന്ന് മഹാസംഗമം

- നമസ്ക്കാരം പടിയിറങ്ങുന്നു; സ്വലാത്ത് തിരിച്ചുവരുന്നു.
- സ്വലാത്തിന്റെ സത്യം
- ഡോ. ജലീലിന്റെ ലേഖനം
- എം.എസ്. റഷീദുമായി അഭിമുഖം



## ഈ സൈറ്റുകൾ സന്ദർശിക്കൂ
## യാഥാർത്ഥ്യം തിരിച്ചറിയൂ...



**http://www.thequranicvision.com/**
**www.khur-aansunnathsociety.com**
**www.chekanoormoulavi.com**
**http://www.sacecorp.com/qvision/index.html**




കോഴിക്കോട്ട് നടന്ന കെ.എസ്.വൈ.എഫ് സംസ്ഥാന പ്രതിനിധി സംഗമത്തിൽ കെ.എസ്.എസ്. കേന്ദ്രകമ്മിറ്റിയംഗം എം.എസ്. റഷീദ് പ്രസംഗിക്കുന്നു.






സാദിയയുടെ ഖുർആൻ ചിന്തകൾ 10

ഡോ. ജലീലിന്റെ ലേഖനം 38

വാർത്തകൾ 48, 49





ഓർമ്മയിൽ പി.സി. മുഹമ്മദ്കുട്ടി ഹാജി 12

കെ.എൻ.എമ്മിൽ കലാപം 14

ഹദീസിലെ നെല്ലും പതിരും 24

കലികാല കാഴ്ചകൾ 50


സ്വലാത്തിന്റെ സത്യം 22

ഓണവും നിലവിളക്കും കുറെ ഫത്‌വകളും 46

എം.എസ്. റഷീദുമായി അഭിമുഖം 33

നമസ്ക്കാരം പടിയിറങ്ങുന്നു; സ്വലാത്ത് തിരിച്ചുവരുന്നു 6

ജിന്ന് മഹാസംഗമം 43


# വേദ ദർശനം

ഖുർആൻ സുന്നത്ത് സൊസൈറ്റി പ്രസിദ്ധീകരണം

Vedadarsanam Monthly. Volume 03, Issue No. 07, Oct. 2012, Don: ₹15

| | |
|---|---|
| ചീഫ് എഡിറ്റർ | : മുതൂർ അബൂബക്കർ |
| പബ്ലിഷർ | : കെ.കെ. സാലിം ഹാജി |
| കോ–ഓർഡിനേറ്റർ | : എൻ.ടി.എ. കരീം |

Printed & Published by: K.K. Salim Haji, Printed at Clt. Co-ordinator: NTA Kareem, (The editors, publisher and co-ordinator are not responsible for the views and opinions expressed in articles.)
Chief Editor: Muthur Aboobacker,
Tirur - 676101, Malappuram Dist. Mob: 8281348893 (Private circulation only)

## എഡിറ്റോറിയൽ

# സ്വലാത്തിന്റെ സത്യം ഉൾക്കൊള്ളുക

പ്രശസ്തരായ ഖുർആൻ പണ്ഡിതർ വർഷങ്ങളോളമായി നടത്തിയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ശേഷം കണ്ടെത്തിയ യാഥാർത്ഥ്യങ്ങൾ– സ്വലാത്തിന്റെ സത്യം വേദദർശനം പ്രസിദ്ധീകരിക്കുകയാണ്. നിലവിൽ നടന്നുവരുന്ന കുറെയേറെ ആചാരകസർത്തുക്കളല്ല യഥാർത്ഥത്തിൽ ഖുർആൻ പറയുന്ന സ്വലാത്തെന്ന് ഏതൊരാൾക്കും വ്യക്തമാകുന്ന വിധത്തിൽ ഈ ലേഖനത്തിൽ സമർത്ഥിച്ചിരിക്കുന്നു. ഖുർആൻ മാത്രം മതത്തിൽ പ്രമാണമായി അംഗീകരിക്കുന്ന യഥാർത്ഥ ഖുർആൻ വിശ്വാസികൾക്ക് സംശയലേശമന്യേ കാര്യങ്ങൾ യഥാവിധി ബോധ്യപ്പെട്ടിരിക്കുന്നു.

അമ്പത് വഖ്ത് നമസ്കാരം ലഭിച്ചു മടങ്ങുന്ന പ്രവാചകനെ മൂസാനബി കാണുകയും കാര്യമന്വേഷിക്കുകയും ഒമ്പത് പ്രാവശ്യം തിരിച്ചയച്ച് അഞ്ചാക്കി കുറച്ച് ലഭിക്കുകയും, നബി അതിന്റെ രൂപം അനുചരർക്കു കാണിച്ചുകൊടുക്കുകയും– സ്വല്ലു കമാറഐത്തുമൂനീ ഉസ്വല്ലി– അത് നിലവിലെ ആചാരകസർത്താണെന്ന് വിശ്വസിച്ചാചരിച്ചുവരികയും ചെയ്യുന്നവരോട് ഉദ്ബോധനത്തിനു പ്രസക്തിയില്ല. എന്നാൽ ഖുർആൻ വിശദീകരിക്കുന്ന സ്വലാത്ത് അറിയാനും ഉൾക്കൊള്ളാനും അതുപ്രകാരം ജീവിതം ചിട്ടപ്പെടുത്താനും ആഗ്രഹിക്കുന്ന യഥാർത്ഥ ഖുർആൻ വിശ്വാസികൾക്ക് സത്യം ബോധ്യപ്പെടാൻ ഈ ലേഖനം ഉപകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഖുർആൻ മാത്രം പിന്തുടരാനാണ് ദൈവകൽപ്പന. മതപരമായ എല്ലാ കാര്യങ്ങളും ഖുർആൻ വിശദീകരിച്ചിട്ടുമുണ്ട്. നിലവിൽ നടത്തുന്ന ആചാരകസർത്തുകൾ ഒരിക്കലും ഖുർആനിൽനിന്നും ലഭിക്കില്ല. അപ്പോൾ എന്താണ് സ്വലാത്ത്? ഈ ചോദ്യത്തിനു ഖുർആൻ വിശദീകരണം നൽകുന്നുണ്ട്. അത് യഥാവിധി മനസ്സിലാക്കിയാൽ സംശയങ്ങൾ അവശേഷിക്കുകയില്ല. തീർച്ച. ഇന്ന സ്വലാത്ത കാനത് അലൽ മുഅ്മിനീന കിതാബൻ മഅ്കൂതാ എന്നു പറയുന്ന ഖുർആൻ യഥാർത്ഥത്തിൽ വായിച്ചാൽ എന്താണ് സ്വലാത്ത് എന്ന് ഏവർക്കും ബോധ്യപ്പെടുന്നതുമാണ്.

സത്യം ബോധ്യമായിട്ടും വെറുതെ തർക്കിക്കുന്നവർ ഈ വാദങ്ങളെ ഖണ്ഡിക്കാൻ തങ്ങളുടെ പക്കൽ യാതൊന്നുമില്ലെന്ന് വരികൾക്കിടയിൽ വ്യക്തമാക്കുന്നുണ്ട്; നിലവിലെ സുജൂദിന്റെ രൂപം ഖുർആനിൽ പറയാത്ത കാലത്തോളം നിലവിലെ ആചാരകസർത്തുകൾ ഖുർആൻകൊണ്ട് ന്യായീകരിക്കാനാർക്കും സാധ്യമാവുകയില്ലെന്ന് വിശ്വാസികൾക്ക് ഉറപ്പുണ്ട്. സമുദായത്തെ സ്വന്തം വറുതിയിൽ നിർത്തുന്നതിന് അഹ്ലുസുന്നത്തുകാർ ഉണ്ടാക്കിയ കെട്ടുകഥകൾ പ്രമാണമാക്കി ആചാരങ്ങളിൽ സായൂജ്യം തേടുന്നവർ ഖുർആന്റെ യഥാർത്ഥ വായന നടത്താൻ സമയം അതിക്രമിച്ചിരിക്കുന്നു.

അഖീമിസ്വലാത ലിദിക്രി... അഖീമിസ്വലാത ലിദുലൂഖി ശംസി... വസ്ബിറു അലാമായകൂലൂന.... അഖീമി സ്വലാത തറഫൈന്നഹാരി... ഇദാനൂദിയ ലിസ്വലാതി മിൽ യൗമിൽ ജുമുഅ... വലാ തക്റബ സ്വലാത... ഇദാകുൻതും ഇലസ്വലാതി... വഇദാ കുൻതഫീഹിം വഅകംത ലഹുമു സ്വലാത.... ഹാഫിളു അല സലവാതി വ സ്വലാതിൽ വുസ്താ... റബ്ബനാ ലിയുകീമുസ്വലാ.... തുടങ്ങി സ്വലാതിനെ സംബന്ധിച്ചു പറഞ്ഞ ഒരു സൂക്തം കൊണ്ടും നിലവിലെ ആചാര കസർത്തുകളാണ് സ്വലാത്ത് എന്നു സ്ഥാപിക്കാൻ സാധ്യമാവുകയില്ലെന്ന് ബോധ്യമാകാത്തവർ ഹദീസുകളെ വാചകങ്ങൾ കൊണ്ടു തള്ളിപ്പറഞ്ഞാലും കർമ്മത്തിൽ അവർ അശേഷം നാണമില്ലാതെ പിന്തുടരുന്നത് ഹദീസുകൾ തന്നെയാണെന്ന വസ്തുതക്കുനേരെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നവർ യഥാർത്ഥ വേദസാരം തടയുന്നവരാണ്– മതത്തെ കളവാക്കുന്നവരാണ്.

ഇന്ന സ്വലാത തൻഹാഅനിൽ ഫഹ്ശായി വൽമുൻകർ– നിശ്ചയം സ്വലാത്ത് എല്ലാ നീചപ്രവൃത്തികളിൽ നിന്നും തടയും എന്നാണ് ഖുർആൻ പറയുന്നത്. അതാണോ നിലവിലെ സ്വലാത്ത്? അല്ലെന്ന് ബോധ്യമുള്ളവർ അത്തരത്തിൽ ഖുർആൻ വിശേഷിപ്പിച്ച യഥാർത്ഥ സ്വലാത്ത് ഏതെന്നറിയാൻ ആഗ്രഹിക്കുന്നവരാണ്. അതെ മലയാളത്തിൽ ഇന്നെവരെ ആരും പറയാത്ത ഖുർആന്റെ യഥാർത്ഥ സാരമാണ് വേദ ദർശനം അനാവരണം ചെയ്യുന്നത്. ഇതിനു പകരം വെക്കാൻ മറ്റൊരു പ്രസിദ്ധീകരണമില്ല. ഖുർആന്റെ ആധുനിക വായനക്കു അക്ഷരകൂട്ടങ്ങൾ കൊണ്ടു ശക്തി പകരുന്ന വേദദർശനത്തെ എല്ലാ അർത്ഥത്തിലും പിന്തുണക്കുക.

– പത്രാധിപർ




## വധം ന്യായീകരിക്കാനാവില്ല

കഴിഞ്ഞലക്കം വേദദർശനത്തിൽ സൈനുദ്ദീൻ നടുവിലങ്ങാടി എഴുതിയ 'മതഭീകരതയുടെ വർത്തമാനങ്ങൾ' എന്ന ലേഖനം വായിച്ചു. ഒഞ്ചിയത്തെ ടി.പി. ചന്ദ്രശേഖരൻ വധവും 1993ൽ നടന്ന മൗലവി ചേകനൂർ വധവും വിലയിരുത്തിയുള്ള ലേഖനമായിരുന്നത്. ഒരാളെ വധിക്കുന്നവർ മുഴുവൻ ജനതയെയും വധിക്കുന്നവനു തുല്യമായിട്ടാണ് വിശുദ്ധ ഗ്രന്ഥം പറയുന്നത്. ഒരു സംഘർഷത്തിന്റെയോ ഏറ്റുമുട്ടലിന്റെയോ ഭാഗമായിരുന്നില്ല ഈ രണ്ട് വധങ്ങളും.

ഇത്തരം പൈശാചിക പ്രവണതകളെ ന്യായീകരിക്കുന്നവർ, മൃഗീയമായി വധിക്കപ്പെട്ടതിനുശേഷവും അവരെ കുറ്റപ്പെടുത്താൻ മത്സരിക്കുന്നവർ അവർ ആരായാലും കൊടുംക്രൂരതയെ ന്യായീകരിക്കുന്നവരാണ്. ഒരാദർശത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ പേരിൽ മനുഷ്യരെ കൊല്ലുന്നത് പരിഷ്കൃത സമൂഹത്തിനു യോജിച്ചതല്ല.

– അബ്ദുറഹിമാൻ കൂത്തുപറമ്പ്, കണ്ണൂർ

## യഥാർത്ഥ വെളിച്ചം

പരമ്പരാഗത വിശ്വാസാചാരങ്ങൾ നൂറുശതമാനം ജീവിതത്തിൽ പാലിച്ചുപോന്ന ഞാൻ തൗഹീദിന്റെ ഉറച്ച വക്താക്കളെന്ന നിലയിൽ മുജാഹിദ് പ്രസ്ഥാനത്തിന്റെ അനുഭാവിയും അതിലേറെ പ്രവർത്തകനുമായിരുന്നു. എന്നാൽ സമീപകാലത്ത് ഒന്നു രണ്ട് ലക്കങ്ങൾ വേദദർശനം വായിച്ചപ്പോൾ ഖുർആനല്ല മുജാഹിദുകൾ പിന്തുടരുന്നതെന്ന് എല്ലാ അർത്ഥത്തിലും എനിക്കു ബോധ്യമായി.

ഖുർആന്റെ യഥാർത്ഥ വീക്ഷണം അറിയുന്നതിനു എനിക്കും കുടുംബത്തിനും എന്റെ കൂട്ടുകാർക്കും വെളിച്ചം പകർന്ന വേദദർശനത്തിനും അണിയറ ശിൽപ്പികൾക്കും ഒരായിരം അഭിനന്ദനങ്ങൾ.

– മുഹമ്മദ് പുളിക്കൽ

## ജമാഅത്ത് അവഗണന അർഹിക്കുന്നു

വേദദർശനത്തിൽ പൊതുവെ മുജാഹിദ്–സുന്നി വിഭാഗങ്ങളെ വിമർശിക്കുന്ന ലേഖനങ്ങൾ കൂടുതലായി വായിക്കുമ്പോൾ എനിക്കു ഒരു സംശയം ഉണ്ടായിരുന്നു. ജമാഅത്തിനോട് മൃദുസമീപനം സ്വീകരിക്കുകയാണോ എന്നതായിരുന്നു അത്. പക്ഷെ തനി പഴഞ്ചൻ വിശ്വാസവിചാരങ്ങൾ പിന്തുടരുന്ന ജമാഅത്ത് അവഗണനയാണ് അർഹിക്കുന്നതെന്ന് പിന്നീടെനിക്കു ബോധ്യപ്പെട്ടു. മതവിഷയങ്ങളിൽ ആധുനിക സമൂഹത്തിനു സ്വീകാര്യമായ നിലപാട് കൈക്കൊള്ളാൻ ജമാഅത്തിനു സാധിക്കാത്തത് മൗദൂദിക്കപ്പുറം ചിന്തിക്കാൻ അവർക്ക് ആകാത്തതുകൊണ്ടുതന്നെയാണ്. അവരെ വേദദർശനം അവഗണിക്കുന്നത് ഉചിതമായി.

– ഫിറോസ് ബാബു. കെ, കോഴിക്കോട്

## ഖുർആന്റെ ഇംഗ്ലീഷ് വായന

ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങൾ കൂടുതൽ പ്രചാരം നേടുന്നതിന് ഒരു ഇംഗ്ലീഷ് ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ നേതാക്കൾ മുൻകൈയെടുത്തു പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നു.


സ്വലാത്തിന്റെ സത്യം, സ്വിയാമിന്റെ സത്യം, ഹദീസിന്റെ സത്യം തുടങ്ങിയവ ക്രോഡീകരിച്ചു പ്രസിദ്ധീകരിച്ചാൽ മലയാളം അറിയാത്ത ഖുർആൻ വിശ്വാസികൾക്കു നൽകാൻ ഏറെ പ്രയോജനകരമായിരുന്നു.

– അബ്ദുന്നാസർ, ബൈപ്പാസ് റോഡ്
പെരിന്തൽമണ്ണ

# നമസ്കാരം പടിയിറങ്ങുന്നു; സ്വലാത്ത് തിരിച്ചുവരുന്നു

ബഷീർ താനാളൂർ

**2011** ജൂലൈ 29. അന്ന് ചേകനൂർ മൗലവിയുടെ അതിദാരുണ കൊലപാതകത്തിന്റെ 18 വർഷം പൂർത്തിയാവുന്ന ദിവസം. കെ.എസ്.എസ്-ന്റെ ആഭിമുഖ്യത്തിൽ 'മൗലവിവധം' മതഭീകരതാ വിരുദ്ധദിനമായി ആചരിക്കാറുണ്ട്. അന്ന് ദിനാചരണത്തിന് തെരഞ്ഞെടുത്തത് കോഴിക്കോട് ടൗൺഹാൾ. അന്നൊരു വെള്ളിയാഴ്ചയായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള കെ.എസ്.എസ് പ്രവർത്തകർ അവിടെ സന്നിഹിതരായിരുന്നു. രാവിലെ മുതൽ ആരംഭിച്ച ഖുർആൻ പഠന ക്ലാസുകൾ നിർത്തിവെച്ച് ജുമുഅ നമസ്കാരത്തിന് വേണ്ടി തയ്യാറെടുക്കുവാനുള്ള ആഹ്വാനം നൽകുവാൻ എന്നോട് ആവശ്യപ്പെട്ടു. മൈക്കിലൂടെ സദസ്യർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനിടയിൽ ഞാൻ പറഞ്ഞു "ഇന്ന് ജുലൈ 29 വെള്ളിയാഴ്ചയായതും ഈ ടൗൺഹാൾ തന്നെ നമുക്ക് മതഭീകരതാ വിരുദ്ധ ദിനാചരണത്തിന് ലഭിച്ചതും യാദൃശ്ചികമാണെങ്കിലും ഇത് ചരിത്രത്തിന്റെ തനിയാവർത്തനമാണ്. വർഷങ്ങൾക്ക് മുമ്പ് ചേകനൂർ മൗലവിയുടെ ആദർശ പടയോട്ടത്തിനിടയിൽ ഈ ടൗൺഹാളിൽ അദ്ദേഹത്തിന് ഒരു ഖുർആനിക സെമിനാർ തുടരാൻ കഴിയാത്തവിധം അലങ്കോലപ്പെട്ടിട്ടുണ്ട്. നമസ്കാരത്തെകുറിച്ച് മൗലവി സംസാരിച്ചപ്പോൾ ഇസ്ലാമിക തീവ്രവാദികളായ, സർക്കാർ നിയമംമൂലം നിരോധിക്കപ്പെട്ട സംഘടനയായ സിമിയുടെ പ്രവർത്തകർ സ്റ്റേജിലേക്ക് ഇരച്ചുകയറുകയും "ഇവിടെവെച്ച് നമസ്കരിച്ച് കാണിക്കണം" എന്ന് ആക്രോശിക്കുകയും ചെയ്തു. ചേകനൂർ മൗലവിയുടെ പ്രഭാഷണ പരിപാടികൾ കല്ലെറിഞ്ഞും, സ്റ്റേജ് കയ്യേറിയും 'കലക്കൽ' സിമിയുടെ അന്നത്തെ പ്രധാനപ്പെട്ട ഒരു അജണ്ടയായിരുന്നു.



“ഞാൻ കാണിക്കാൻ വേണ്ടി നമസ്കരിക്കുന്ന വനല്ല. എന്റെ നമസ്കാരം കാണണമെങ്കിൽ ഞാൻ നമസ്കരിക്കുന്ന സ്ഥലത്ത് വരണം” എന്ന അദ്ദേഹത്തിന്റെ മറുപടി കേൾക്കാൻ അവർ തയ്യാറായില്ല. പരിപാടി തുടരാനാവാതെ നിർത്തിവെക്കപ്പെട്ടു. അതേ ടൗൺഹാളിൽ മൗലവിയുടെ അനുസ്മരണത്തിന് നമ്മൾ ഒത്തുചേർന്നു. ഇന്ന് വെള്ളിയാഴ്ചയായതു കൊണ്ട് നമ്മുടെ ജുമുഅ നമസ്കാരം ഇവിടെ വെച്ച് തന്നെ നടത്തുകയാണ്. ഖുർആനിലെ നമസ്കാര രൂപം കാണണമെന്ന് വാശിപിടിച്ച് മൗലവിയുടെ പ്രഭാഷണം അന്ന് അലങ്കോല പ്പെടുത്തിയവർ കൺനിറയെ കണ്ടോളൂ. ഇനി മേലിൽ “ഖുർആനിലെ നമസ്കാര രൂപം എങ്ങ നെയാണെന്ന് ആരും ചോദിക്കരുത്.” ഇത്രയും പറഞ്ഞ ശേഷം ടൗൺഹാളിൽ വെച്ച് മുതൂർ അബൂബക്കർ മൗലവിയുടെ നേതൃത്വത്തിൽ നമസ്കാരം നിർവ്വഹിച്ചു. വീഡിയോ റിക്കാർഡിംഗ് ഉള്ളതിനാൽ അത് റിക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. ആർക്കും അത് എക്കാലത്തും കാണാൻ സാധിക്കുന്നതാണ്.

അതിനുശേഷം 2012 ജൂലായ് 29ന് മതഭീക രതാ വിരുദ്ധ ദിനാചരണവും ഖുർആൻ പഠന സെമിനാറും നടന്നത് കോഴിക്കോട് ജൂബിലി ഹാളിലായിരുന്നു. അന്ന് സംസാരിക്കുന്നതിനി ടയിൽ ഞാൻ പറഞ്ഞു. “സുഹൃത്തുക്കളേ കഴി ഞ്ഞ വർഷം മൗലവി അനുസ്മരണത്തിൽ ടൗൺഹാളിൽ വെച്ച് നമ്മൾ ജമാഅത്തായി (സംഘടിതമായി) നമസ്ക്കരിച്ചിരുന്നു. ഇനി നമ്മൾ നമസ്ക്കരിക്കുന്നത് കാണണമെങ്കിൽ അന്ന് റിക്കാർഡ് ചെയ്യപ്പെട്ടത് കാണുകയോ, അല്ലെങ്കിൽ ഖുർആനികമായ യഥാർത്ഥ സ്വലാ ത്തിൽ എത്തിയിട്ടില്ലാത്തവരുടെ അടുക്കൽ പോവുകയോ ചെയ്യണം. കാരണം നമുക്കിട യിൽ ഇപ്പോൾ അത്തരത്തിലുള്ള ഒരു നമ സ്കാരം കാണാൻ സാധ്യമല്ല.” ശരിയാണ്. അതൊരു സത്യം തന്നെയാണ്. ഖുർആൻ വിശ്വാസികളുടെ ജുമുഅ സ്ഥലങ്ങളായ തിരൂർ, കോഴിക്കോട്, മാറഞ്ചേരി എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ ആചാരനമസ്കാരം കാണാൻ കഴി യില്ല. ഖുർആൻ അടിക്കടി ആവർത്തിച്ച് ഉണർത്തുന്നതും ദൈവിക സന്ദേശവുമായി വന്ന സർവ്വ ദൈവദൂതരുടെയും ദൗത്യവുമായ ‘സ്വലാത്ത്’ ഇന്നത്തെ നമസ്കാരമല്ലെന്ന് ഖുർ ആൻ വിശ്വാസികൾ തിരിച്ചറിഞ്ഞുകഴിഞ്ഞു.

**ദൈവിക ഗ്രന്ഥത്തിന് മുമ്പിൽ മനുഷ്യർ രചിച്ച ഗ്രന്ഥത്തിനുള്ള സ്ഥാനം വ്യക്തമായി തിരിച്ചറിഞ്ഞ വരാണ് ഖുർആൻ വിശ്വാസികൾ. “ഖുർആനിൽ നിന്ന് ഏതൊരു സത്യവും ആര് എപ്പോൾ പറ ഞ്ഞാലും അത് പിമ്പറ്റാൻ ബാധ്യത യുള്ളവനാണ് ഒരു യഥാർത്ഥ വിശ്വാസി” എന്ന് ചേകനൂർ മൗലവി മുജാഹിദ് പണ്ഡിതന്മാരെ മുട്ടുകുത്തിച്ച വണ്ടൂർ ഖുർആൻ നിയമസെമിനാറിൽ പ്രഖ്യാപിച്ച വാക്കുകൾ എന്നും ചിന്താമണ്ഡല ത്തിൽ മുഴങ്ങുന്നവരാണ് ഖുർ ആൻ വിശ്വാസികൾ.**

ഖുർആനിൽ നിന്നും തെളിഞ്ഞുകിട്ടിയ ഒരു സത്യ ത്തിന് എതിരായി ഏത് ഗ്രന്ഥങ്ങളിൽ ഉണ്ടെ ങ്കിൽപോലും ഖുർആൻ വിശ്വാസികളെ സംബന്ധി ച്ചിടത്തോളം അതൊരു പ്രശ്നമല്ല. ദൈവിക ഗ്രന്ഥ ത്തിന് മുമ്പിൽ മനുഷ്യർ രചിച്ച ഗ്രന്ഥത്തിനുള്ള സ്ഥാനം വ്യക്തമായി തിരിച്ചറിഞ്ഞവരാണ് ഖുർആൻ വിശ്വാസികൾ. “ഖുർആനിൽ നിന്ന് ഏതൊരു സത്യവും ആര് എപ്പോൾ പറഞ്ഞാലും അത് പിമ്പ റ്റാൻ ബാധ്യതയുള്ളവനാണ് ഒരു യഥാർത്ഥ വിശ്വാസി” എന്ന് ചേകനൂർ മൗലവി മുജാഹിദ് പണ്ഡി തന്മാരെ മുട്ടുകുത്തിച്ച വണ്ടൂർ ഖുർആൻ നിയമസെ മിനാറിൽ പ്രഖ്യാപിച്ച വാക്കുകൾ എന്നും ചിന്താമ ണ്ഡലത്തിൽ മുഴങ്ങുന്നവരാണ് ഖുർആൻ വിശ്വാസി കൾ. അവരെ സംബന്ധിച്ചിടത്തോളം ദൈവിക ഗ്രന്ഥ ത്തിനാണ് വില. അതിലെ സത്യങ്ങളോടാണ് പ്രതി ബദ്ധത. ഖുർആനികമായി തെളിഞ്ഞുകിട്ടുന്ന സത്യ ങ്ങൾ ആര് എവിടെനിന്ന് എപ്പോൾ പറഞ്ഞാലും അതിനനുസരിച്ച് സ്വയം മാറാൻ തയ്യാറുള്ളവരാണ്

ഖുർആൻ വിശ്വാസികൾ. സ്വയം മാറാൻ തയ്യാറാവാതെ ഒരു കാലത്ത് അമാനി മൗലവിയും കെ.എം മൗലവിയും എഴുതിവെച്ച ഖുറാഫാത്തുകളിൽ വട്ടം കറങ്ങുന്ന മുജാഹിദുകളെ പോലെയല്ല ഖുർആൻ വിശ്വാസികൾ. ദൈവിക ആഹ്വാനപ്രകാരം (13:11) ഖുർആനിക സത്യങ്ങളിലേക്ക് കൂടുതൽ അടുക്കാനും ഖുർആൻ ലക്ഷ്യം വെച്ച യഥാർത്ഥ സ്വലാത്ത് സ്ഥാപിക്കാൻ പരിശ്രമിക്കാനും ഖുർആൻ വിശ്വാസികൾക്ക് ഇപ്പോൾ സാധിക്കുന്നുണ്ട്.

**സ്വലാത്ത്**

വിശുദ്ധ ഖുർആൻ അടിക്കടി ഉണർത്തുകയും പ്രവാചകരുടെ മുഴുവൻ അവതരണ ലക്ഷ്യവും 'സ്വലാത്ത്' ഭൂമിയിൽ സ്ഥാപിക്കുക അഥവാ ഇഖാമത്തു സ്വലാത്ത് എന്നതായിരുന്നു. ഇതിനുവേണ്ടി പ്രവാചകന്മാർ അതിദാരുണമായി വധിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടിട്ടുണ്ട്. സ്വേച്ഛാധിപതികളുടെ ഉരുക്കുമുഷ്ടിയിൽ ഞെരിഞ്ഞമർന്നിട്ടുണ്ട്. അത് ഇന്നത്തെ ശാരീരികമായ അഭ്യാസമല്ല. അത് സാമൂഹ്യനന്മ ലക്ഷ്യം വെച്ചുള്ള വിപ്ലവകരമായ ഒരു ദൗത്യമാണ്. സ്വലാത്ത് എന്ന പദത്തിന് ഭാഷയിൽ നിരന്തരമായി പിന്തുടരുക എന്നാണ്

**വിശുദ്ധ ഖുർആൻ അടിക്കടി ഉണർത്തുകയും പ്രവാചകരുടെ മുഴുവൻ അവതരണ ലക്ഷ്യവും 'സ്വലാത്ത്' ഭൂമിയിൽ സ്ഥാപിക്കുക അഥവാ ഇഖാമത്തു സ്വലാത്ത് എന്നതായിരുന്നു. ഇതിനുവേണ്ടി പ്രവാചകന്മാർ അതിദാരുണമായി വധിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടിട്ടുണ്ട്. സ്വേച്ഛാധിപതികളുടെ ഉരുക്കുമുഷ്ടിയിൽ ഞെരിഞ്ഞമർന്നിട്ടുണ്ട്. അത് ഇന്നത്തെ ശാരീരികമായ അഭ്യാസമല്ല. അത് സാമൂഹ്യനന്മ ലക്ഷ്യം വെച്ചുള്ള വിപ്ലവകരമായ ഒരു ദൗത്യമാണ്.**

അർത്ഥം ലഭിക്കുക. ഖുർആനിൽ മുഖം തിരിച്ചു കളയുക എന്നാണ് 'സ്വല്ല'യുടെ വിപരീതമായി ഉപയോഗിച്ചിട്ടുള്ളത്. സൂറത്തുൽ ഖിയാമ (75) യിൽ 31, 32 സൂക്തങ്ങളിൽ അക്കാര്യം വ്യക്തമാണ്. "വലാ സാദ്ദഖ വലാ സല്ലാ വലാകിൻ കദ്ദബ വതവല്ലാ" ഈ സൂക്തത്തിൽ ആദ്യം പറയുന്ന "സദ്ദഖ" "സ്വല്ല" എന്നീ കാര്യങ്ങൾ ചെയ്യാതെ കളവാക്കുകയും മുഖം തിരിച്ച് കളയുകയും ചെയ്യുന്നതിൽ സദ്ദഖയുടെ വിപരീതം കദ്ദബയും സല്ലയുടെ വിപരീതം തവല്ലയുമാണെന്ന് കാണാം. ഇന്ന് നിലവിലുള്ള നമസ്കാരമായിരുന്നെങ്കിൽ അത് മുഖം തിരിക്കൽ തന്നെയാണല്ലോ? മാത്രമല്ല 2/177-ൽ മുഖം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കലല്ല പുണ്യം എന്ന് പറയുവാൻ "തുവല്ല" എന്ന് തന്നെ ഉപയോഗിച്ചിട്ടുമുണ്ട്. ഇന്നത്തെ കേവല നമസ്കാരമായിരുന്നെങ്കിൽ കഅബയുടെ കിഴക്കുള്ളവർ പടിഞ്ഞാറോട്ടും പടിഞ്ഞാറുള്ളവർ കിഴക്കോട്ടും മുഖം തിരിച്ചുകൊണ്ട് ചെയ്യുന്ന നമസ്കാരമെന്ന ഏറ്റവും പുണ്യമുള്ള ഒരു കാര്യത്തെ 2/177 ൽ 'പുണ്യമല്ല' എന്ന് പറയുമോ? ഖുർആനിക സത്യങ്ങൾക്ക് വില കൽപിച്ചുകൊണ്ട് ചിന്തിക്കുമ്പോൾ 14/37, 11/87, 62/9, 5/106, 17/10 എന്നീ സൂക്തങ്ങളും ഇതോടൊപ്പം ചേർത്ത് പഠിക്കുമ്പോൾ ഇന്നത്തെ കേവല നമസ്കാരമല്ല ഖുർആൻ ലക്ഷ്യംവെക്കുന്ന യഥാർത്ഥ സ്വലാത്ത് എന്ന് തിരിച്ചറിയാവുന്നതാണ്. മാത്രമല്ല ഖുർആൻ സൂറത്തുൽ ഖിയാമയിൽ 31, 32 സൂക്തങ്ങളിലൂടെ വ്യക്തമാക്കുന്നത് 'സ്വല്ല' എന്നതിന്റെ വിപരീതമാണ് മുഖം തിരിക്കൽ എന്നത്. ഒന്നുകൂടി വ്യക്തമാക്കിയാൽ ഇന്നത്തെ നമസ്കാരം സത്യത്തിൽ ഖുർആനികമായ യഥാർത്ഥ സ്വലാത്തിന്റെ വിപരീതമാണെന്ന് സാരം. സ്വലാത്തിന്റെ വ്യക്തവും വിശാലവുമായ ചർച്ച ഈ ലക്കം മുതൽ വേദദർശനത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഡോ. ഖമറുസ്സമാൻ എഴുതിയ ഹഖീഖത്തു സ്വലാത്ത് അഥവാ സ്വലാത്തിന്റെ സത്യം എന്ന ആ തുടർലേഖനത്തിലൂടെ ഖുർആനികമായ യഥാർത്ഥ സ്വലാത്തിന്റെ ചിത്രം നമുക്ക് പൂർണ്ണമായും ലഭിക്കുകതന്നെ ചെയ്യും.

കൂരിരുട്ടിന്റെ കരിമ്പട കനത്തുനിന്ന കാലത്ത് മൗലവി കേരളത്തിൽ കത്തിച്ചുവെച്ച വിളക്കുകളാണ് അദ്ദേഹത്തിന്റെ നമസ്കാരത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ. അക്കാലത്ത് സാധ്യമായതും ദഹിക്കാവുന്നതുമായ രീതിയിൽ കേരളത്തിൽ



**നമസ്കരിച്ചതുകൊണ്ട് സ്വർഗ ത്തിലോ നമസ്കരിക്കാതിരുന്നതു കൊണ്ട് നരകത്തിലോ പോവുക യില്ല, നമസ്കരിച്ച് നമസ്കരിച്ച് കഷ്ടപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന ഗ്രന്ഥം, എന്നൊക്കെ യുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപ നങ്ങളിൽ നിന്നും നമുക്ക് കണ്ടെ ത്താവുന്ന ചില സത്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ലക്ഷ്യം നമസ്കാരഭ്രാന്തന്മാരായ ഒരു പറ്റം ആളുകളെ ഉണ്ടാക്കി യെടുക്കലല്ല മറിച്ച് നമസ്കാരഭ്രാ ന്തിൽ നിന്നും ജനങ്ങളെ മോചി പ്പിക്കലാണ്. യഥാർത്ഥ സ്വലാ ത്തിന്റെ ചിത്രം ഗ്രഹിച്ചതുകൊ ണ്ടായിരിക്കണം ഇങ്ങനെ ചിന്തി ക്കാനും എഴുതാനും അദ്ദേഹ ത്തിനു സാധിച്ചത്.**

അവ അദ്ദേഹം പ്രചരിപ്പിച്ചു. നമസ്കാരം അമലുസ്വാലിഹാത്തിൽ പെടില്ല. നമസ്കരിച്ചതുകൊണ്ട് സ്വർഗത്തിലോ നമസ്കരിക്കാതിരുന്നതുകൊണ്ട് നരകത്തിലോ പോവുകയില്ല, നമസ്കരിച്ച് നമസ്കരിച്ച് കഷ്ടപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന ഗ്രന്ഥം, എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളിൽ നിന്നും നമുക്ക് കണ്ടെത്താവുന്ന ചില സത്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ലക്ഷ്യം നമസ്കാരഭ്രാന്തന്മാരായ ഒരു പറ്റം ആളുകളെ ഉണ്ടാക്കിയെടുക്കലല്ല മറിച്ച് നമസ്കാരഭ്രാന്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കലാണ്. യഥാർത്ഥ സ്വലാത്തിന്റെ ചിത്രം ഗ്രഹിച്ചതുകൊണ്ടായിരിക്കണം ഇങ്ങനെ ചിന്തിക്കാനും എഴുതാനും അദ്ദേഹത്തിനു സാധിച്ചത്. ഏതായാലും സുന്നത്ത് ജമാഅത്തുകാരായ സുന്നി മുജാഹിദ് ജമാഅത്ത് സുഹൃത്തുക്കൾ ഖുർആനിക സത്യങ്ങളിലേക്ക് കടന്നുവരുമ്പോൾ നമുക്ക് ആദ്യമായി നൽകാനുള്ളത് ചേകനൂർ മൗലവിയുടെ ഗ്രന്ഥങ്ങൾ തന്നെയാണ്. ഖുർആനിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. അതോടൊപ്പം തന്നെ മൗലവിയുടെ ഗ്രന്ഥങ്ങളല്ല ഖുർആൻ സുന്നത്ത് എന്നും ഖുർആനാണതെന്നും അതാണ് നബിചര്യയെന്നും അവരെ ധരിപ്പിക്കുകയും ചെയ്യുന്നു. ഖുർആനികമായ യഥാർത്ഥ സ്വലാത്ത് തിരിച്ചുവരികയും അറേബ്യൻ പാരമ്പര്യ നമസ്കാരം പടിയിറങ്ങുകയും ചെയ്യുമ്പോൾ ചേകനൂർ മൗലവി ഖുർആനിലേക്ക് തുറന്നുതന്ന പാത കൂടുതൽ കൂടുതൽ വെട്ടിത്തിളങ്ങുന്നു.


ഉടൻ പ്രസിദ്ധീകരിക്കുന്നു

## സംശയരഹിത വിശ്വാസസംഹിത

ഡോ. എം. അബ്ദുൽ ജലീൽ

# ഖുർആൻ ചിന്തകൾ

## ഖുർആനിലെ പ്രകൃതിവായന



**സാദിയ ദഹ്ൽവി**

**ഇംഗ്ലീഷ് ഗ്രന്ഥരചനകളിലൂടെ ശ്രദ്ധേയയായ പ്രശസ്ത എഴുത്തുകാരിയും ബുദ്ധിജീവിയുമായ സാദിയ ദഹ്ൽവി-ഡൽഹി ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിലെഴുതിയ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ. (വിവ: എസ്.പി)**

ഡൽഹിയിൽ കടുത്ത ഉഷ്ണം കാരണം ജനജീവിതം ഏറെ പ്രയാസത്തിലായിരുന്നു. ഇലകൾ പൊഴിഞ്ഞു. വൃക്ഷങ്ങൾ മൃതാവസ്ഥയിലായി. കടുത്ത ചൂട് കാരണം പുറത്തിറങ്ങാനും വീടിനകത്തു കഴിയാനുമാവാതെ ജനം പൊറുതിമുട്ടിയപ്പോൾ ദൈവാനുഗ്രഹമായി മഴ പെയ്തു. കനത്ത മഴ. ഞാൻ ജനലിലൂടെ പുറത്തുനോക്കിയപ്പോൾ പ്രകൃതിയാകെ ദൈവീക കരുണയും അനുഗ്രഹവുമായി മഴ വർഷിക്കുന്നത് ഏറെ സന്തോഷത്തോടെ കണ്ടു. എന്റെ ചിന്ത വിശുദ്ധ ഖുർആനിലേക്കു പോയി. ഖുർആൻ പറയുന്നു: ആകാശത്തുനിന്നും ശുദ്ധജലം വർഷിച്ചു.

وَهُوَ الَّذِي أَرْسَلَ الرِّيحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ
وَأَنزَلْنَا مِنَ السَّمَاءِ مَاءً طَهُورًا ﴿٤٨﴾

അറിയുക ആകാശവും ഭൂമിയും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗോളമായിരുന്നു. നാം അതിനെ വേർപ്പെടുത്തി എല്ലാ ജീവനുള്ള വസ്തുക്കളെയും നാം ജലത്തിൽ നിന്നും ഉൽപ്പാദിപ്പിച്ചു.

أَوَلَمْ يَرَ الَّذِينَ كَفَرُوا أَنَّ السَّمَاوَاتِ وَالْأَرْضَ كَانَتَا
رَتْقًا فَفَتَقْنَاهُمَا وَجَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ
أَفَلَا يُؤْمِنُونَ ﴿٣٠﴾

നദികളും സമുദ്രവും ദൈവം സൃഷ്ടിച്ചത് മാനവസമൂഹത്തിനും സൃഷ്ടികൾക്കാകയും അനുഗ്രഹമായിട്ടാണെന്നു വിശുദ്ധ വേദഗ്രന്ഥം അടിവരയിടുന്നു.

**ആകാശത്തുനിന്നും ജലത്തെ മനുഷ്യർക്കും സൃഷ്ടികൾക്കാകെയും അനുഗ്രഹമായും കരുണയായും വർഷിച്ച ദൈവം തന്നെ ജലം കൊണ്ട് പ്രളയം സൃഷ്ടിച്ചു സംഹാരതാണ്ഡവമാടിയതും ഖുർആൻ വിവരിക്കുമ്പോൾ പ്രകൃതി വിഭവങ്ങളുടെ മഹത്വം മനസ്സിലാക്കാതെ, ദൈവീക അനുഗ്രഹങ്ങളെ കാണാതെ, ദൈവത്തെ നിന്ദിച്ച് നന്ദിയില്ലാത്തവരായി നാം പ്രവർത്തിക്കരുത്**

പേമാരിയെക്കുറിച്ചും വെള്ളപ്പൊക്കത്തെപ്പറ്റിയുമൊക്കെ ഖുർആൻ പറയുന്നുണ്ട്. നൂഹ് പ്രവാചകന്റെ കാലത്ത് നടന്ന വെള്ളപ്പൊക്കത്തിൽ കൻആന്റെ പായകപ്പൽ മുങ്ങിപ്പോയ കഥയും ഖുർആൻ പറയുന്നു.

ആകാശത്തുനിന്നും ജലത്തെ മനുഷ്യർക്കും സൃഷ്ടികൾക്കാകെയും അനുഗ്രഹമായും കരുണയായും വർഷിച്ച ദൈവം തന്നെ ജലംകൊണ്ട് പ്രളയം സൃഷ്ടിച്ചു സംഹാരതാണ്ഡവമാടിയതും വിവരിക്കുമ്പോൾ പ്രകൃതിവിഭവങ്ങളുടെ മഹത്വം മനസ്സിലാക്കാതെ, ദൈവീക അനുഗ്രഹങ്ങളെ

കാണാതെ, ദൈവത്തെ നിന്ദിച്ചും പരിഹസിച്ചും നന്ദിയില്ലാത്തവരായി നാം പ്രവർത്തിക്കരുത്.

പ്രകൃതിവിഭവങ്ങളുടെ പ്രാധാന്യം ആഴത്തിൽ ഊന്നിപ്പറയുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ജലം ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ ഏവർക്കും അവകാശപ്പെട്ടതാണ്. പ്രകൃതിസ്രോതസ്സുകളും വിഭവങ്ങളും അനാവശ്യമായി ചെലവിടുന്നതിനെ കർശനമായി തടയുന്നതോടൊപ്പം തന്നെ പ്രകൃതിവിഭവങ്ങൾ എല്ലാവർക്കും ഒരുപോലെ ഗുണകരമായി ഉപയോഗപ്പെടുത്താൻ ആകണമെന്നതാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്ന ദർശനത്തിന്റെ സവിശേഷത.

ജലം സ്വർഗപ്രതീകമാണ്. ജലം ഭൂമിയിൽ ഇല്ലായിരുന്നുവെങ്കിൽ ഇവിടെ ജീവനുള്ള ഒന്നും സാധ്യമായിരുന്നില്ല. (ഇതോടൊപ്പം നൽകിയ ചില ഖുർആൻ സൂക്തങ്ങൾകൂടി വായിക്കുക.) എല്ലാ ജീവനുള്ളവയെയും നാം ജലത്തിൽനിന്നു ഉൽപ്പാദിപ്പിച്ചു എന്ന ഖുർആന്റെ പ്രഖ്യാപനം എത്രമാത്രം ഗൗരവമേറിയതാണ്.

മഴ കുറയുമ്പോൾ, നാം ഏറെ ഗൗരവമായി ചിന്തിക്കേണ്ടത് പ്രകൃതിക്കെതിരെ നാം നടത്തുന്ന ചൂഷണങ്ങളെ കുറിച്ചാണ്. അതോടൊപ്പം ജലം ധാരാളമായി ലഭിക്കുമ്പോൾ നടത്തുന്ന അനാവശ്യ ഉപയോഗത്തെക്കുറിച്ചും, മിതമായി മാത്രമെ എന്തും ഉപയോഗിക്കാവൂ എന്നതാണ് ഖുർആന്റെ ദർശനം. അമിതമായി ജലം എന്നല്ല ഒന്നും ഉപയോഗിക്കുന്നത് നന്നല്ല. സാന്ദർഭികമായി പറയട്ടെ. അമിതമായി ഭക്ഷണം കഴിക്കുന്നവർക്കാണ് ആരോഗ്യപ്രശ്നങ്ങൾ കൂടുതലായി കണ്ടുവരുന്നത്.

പ്രകൃതി വിഭവങ്ങൾ കവരുന്ന, സ്രോതസ്സുകൾ നശിപ്പിക്കുന്ന പ്രവണത അധികരിച്ച ഒരു കാലഘട്ടമാണിത്. കുന്നുകളും മലകളും ഇടിച്ചുനിരത്തുന്നു. അരുവികൾ ഇല്ലാതാക്കുന്നു. വർണ്ണമനോഹരമായ പുഷ്പങ്ങൾ യഥേഷ്ടം വളരുന്ന പ്രദേശങ്ങൾ വികസനത്തിന്റെ പേരിൽ നാം നശിപ്പിക്കുന്നു. ഖുർആൻ ശക്തമായി താക്കീത് നൽകുമ്പോഴും നമ്മൾ പ്രകൃതിയെ നശിപ്പിക്കാനും പാരിസ്ഥിതിക സന്തുലനം അട്ടിമറിക്കാനുമാണ് സമയം ചെലവിടുന്നത്.

പ്രകൃതിവിഭവങ്ങൾ ഒരു കാലഘട്ടത്തിലെ ജനതക്കു മാത്രം അവകാശപ്പെട്ടതല്ല. അതിനാൽ അവ വരുംതലമുറക്കു വേണ്ടി നാം കരുതിവെക്കേണ്ടതുണ്ട്. നമ്മുടെ പൂർവ്വികർ നമുക്കുവേണ്ടി അവ കരുതിവെച്ചപോലെ, പരിസ്ഥിതിയ നശിപ്പിക്കുന്നവർ വിശ്വാസികളല്ല. അവർ യഥാർത്ഥത്തിൽ ദൈവനിഷേധികൾ തന്നെയാണ്. യഥാർത്ഥ വികസനത്തിനു ആരും എതിരല്ല. എന്നാൽ പ്രകൃതിയെ നശിപ്പിച്ചുള്ള വികസനം നാടിനുവേണ്ടിയല്ലെന്നു തിരിച്ചറിയേണ്ടതുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് ഒരു മാനുഷിക മുഖം ആവശ്യമാണ്. അതിന്റെ അഭാവത്തിലുള്ള ഏതും മനുഷ്യവംശത്തിനാകെ അപകടകരമായിരിക്കും.

وَهُوَ الَّذِي أَنزَلَ مِنَ السَّمَاءِ مَاءً فَأَخْرَجْنَا بِهِ
نَبَاتَ كُلِّ شَيْءٍ فَأَخْرَجْنَا مِنْهُ خَضِرًا نُّخْرِجُ مِنْهُ
حَبًّا مُّتَرَاكِبًا وَمِنَ النَّخْلِ مِن طَلْعِهَا قِنْوَانٌ دَانِيَةٌ
وَجَنَّاتٍ مِّنْ أَعْنَابٍ وَالزَّيْتُونَ وَالرُّمَّانَ مُشْتَبِهًا
وَغَيْرَ مُتَشَابِهٍ انظُرُوا إِلَىٰ ثَمَرِهِ إِذَا أَثْمَرَ وَيَنْعِهِ
إِنَّ فِي ذَٰلِكُمْ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ ﴿٩٩﴾

وَاللَّهُ خَلَقَ كُلَّ دَابَّةٍ مِّن مَّاءٍ فَمِنْهُم مَّن يَمْشِي
عَلَىٰ بَطْنِهِ وَمِنْهُم مَّن يَمْشِي عَلَىٰ رِجْلَيْنِ وَمِنْهُم
مَّن يَمْشِي عَلَىٰ أَرْبَعٍ يَخْلُقُ اللَّهُ مَا يَشَاءُ إِنَّ
اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٤٥﴾

പ്രപഞ്ചസൃഷ്ടാവായ ദൈവം നമുക്ക് അനുഗ്രഹമായി വർഷിക്കുന്ന മഴ പ്രകൃതി പ്രതിഭാസങ്ങളുടെ ഭാഗമാണ്. പ്രകൃതിയിൽ മഴക്കുവേണ്ടത് ഉണ്ടാകുമ്പോഴാണ് മഴ വർഷിക്കുന്നത്. പ്രകൃതിയുടെ അന്തരീക്ഷം തകിടംമറിക്കാൻ ശ്രമിക്കുന്നവർ മഴയെ തടയുന്നവരാണ്. ജലസ്രോതസ്സുകളെയും, അതുവഴി മനുഷ്യർ ഉൾപ്പെടെയുള്ള സർവ്വ ജീവവർഗങ്ങളെയും ഇല്ലാതാക്കാൻ പാടുപെടുന്നവരാണ്. അവർ സ്വയം കുഴിതോണ്ടുമ്പോൾ, അതിന്റെ പരിണിതഫലം അവരറിയുന്നില്ല. ഒരുവേള അവർ ചിന്തിക്കുന്നില്ല. ചിന്തിക്കാനും കാര്യങ്ങൾ ഉൾക്കൊള്ളാനുമുള്ള ഖുർആന്റെ ഉദ്ബോധനത്തെ അവർ വകവെക്കുന്നില്ല.

ഓർമ്മയിലെ പ്രസ്ഥാന സാരഥികൾ - 3

# പി.സി. മുഹമ്മദ്കുട്ടി ഹാജി

**ഖു**ർആൻ സുന്നത്ത് പ്രസ്ഥാനത്തിന്റെ അനിഷേധ്യ അമരക്കാരനായിരുന്നു കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കടുത്ത പുത്തൂർ പള്ളിക്കലിലെ പി.സി. മുഹമ്മദ്കുട്ടി ഹാജി. സജീവ മുജാഹിദ് പ്രവർത്തകനും നേതാവുമായിരുന്ന ഇദ്ദേഹം അബുൽ ഹസൻ ബാഖവിയുടെ ഖുർആൻ ആശയപ്രചരണത്തിൽ ആകൃഷ്ടനാവുകയും മുജാഹിദ് പ്രസ്ഥാനവുമായുള്ള ബന്ധം വിഛേദിച്ച് ഖുർആൻ പ്രസ്ഥാനത്തിൽ ചേരുകയുമായിരുന്നു.

രണ്ട് മലയാള പുസ്തകങ്ങൾ ഖുർആൻ സുന്നത്ത് ആസ്പദമാക്കി രചിച്ച ഗ്രന്ഥകാരൻ കൂടിയായ ഇദ്ദേഹം മൗലവിയുടെ തിരോധാനത്തിനു ശേഷം മൗലവിയുടെ പല ഗ്രന്ഥങ്ങളും സ്വന്തം ചെലവിൽ പുനഃപ്രസിദ്ധീകരിക്കുകയും മരണംവരെയും സജീവ പ്രവർത്തനം തുടരുകയും ചെയ്ത ധീരനായ പ്രസ്ഥാന സ്നേഹിയായിരുന്നു.

'ഈ ഹദീസുകൾ ആർക്കുവേണ്ടി' എന്ന മുഹമ്മദ്കുട്ടി ഹാജിയുടെ പുസ്തകം ഇന്നും പ്രസക്തമാണ്. പല പ്രസ്ഥാനപ്രവർത്തകരെയും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടു സഹായിച്ച മനുഷ്യസ്നേഹികൂടിയായിരുന്നു അദ്ദേഹം. വർഷങ്ങൾക്ക് മുമ്പ് പള്ളിക്കൽ ബസാറിലെ മൂന്ന് പ്രസ്ഥാന പ്രവർത്തകരോടൊപ്പമാണ് ഈ കുറിപ്പുകാരൻ ആദ്യമായി അദ്ദേഹത്തെ കാണാൻ വീട്ടിലെത്തിയത്. പിറ്റേന്ന് അദ്ദേഹത്തിന്റെ കാറിൽ ഞങ്ങൾ തിരൂരിൽ ജുമുഅക്കു വന്നു. യാത്രയിലുടനീളം മൗലവിയുടെ ആദർശപടയോട്ടത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിനു പറയാനുണ്ടായിരുന്നത്.

സ്വന്തം ചെലവിൽ കെ.എസ്.എസിനു പുത്തൂരിൽ ഓഫീസ് നിർമ്മിച്ച ഹാജി കൊണ്ടോട്ടിയിൽ ഓഫീസിനുള്ള സ്ഥലവും വിട്ടുനൽകി. കോഴിക്കോട് ഓഫീസ് സ്ഥാപിക്കുന്നതിനു പിന്നിലും ഇദ്ദേഹ



**'ഈ ഹദീസുകൾ ആർക്കുവേണ്ടി' എന്ന മുഹമ്മദ്കുട്ടി ഹാജിയുടെ പുസ്തകം ഇന്നും പ്രസക്തമാണ്. പല പ്രസ്ഥാനപ്രവർത്തകരെയും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടു സഹായിച്ച മനുഷ്യസ്നേഹികൂടിയായിരുന്നു അദ്ദേഹം.**

ത്തിന്റെ സഹായസഹകരണങ്ങൾ വളരെ വലുതായിരുന്നു. ഏറ്റവും ഒടുവിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരിക്കെ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ അതൊരു അവസാന കൂടിക്കാഴ്ചയാകുമെന്നു കരുതിയില്ല.

മലപ്പുറത്തും വണ്ടൂരും തിരൂരും എടപ്പാളും അരീക്കോട്ടും കോഴിക്കോട്ടും എന്നുവേണ്ട എവിടെയും പ്രസ്ഥാന സമ്മേളനങ്ങൾക്ക് ഹാജി എത്തുമായിരുന്നു. പ്രായത്തെയും ആരോഗ്യത്തെയും അശേഷം വകവെക്കാതെ തന്നെ, മൗലവി പലപ്പോഴും അദ്ദേഹത്തിന്റെ വീട്ടിലെത്തിയ സന്ദർഭങ്ങൾ സംശയ നിവാരണത്തിനു ഉപയോഗിച്ചത് അദ്ദേഹം അനുസ്മരിക്കാറുണ്ടായിരുന്നു. മൗലവിയുടെ വധത്തിനുശേഷം സെയ്തലവി അൻസാരി ഉൾപ്പെടെയുള്ള ഖുർആൻ പണ്ഡിതരെ വീട്ടിലേക്കു ക്ഷണിച്ചു വരുത്തി അദ്ദേഹം ഖുർആൻ പഠനം തുടർന്നു.

ഒരിക്കൽ ഹാജിയോടൊപ്പം ഈ കുറിപ്പുകാരൻ ഹാജിയുടെ വീടിനു സമീപത്തെ പുത്തൂർ അങ്ങാടിയിലേക്കു നടന്നുചെന്നപ്പോൾ ജാതിമതഭേദമന്യേ, സുന്നി–മുജാഹിദ് വ്യത്യാസമില്ലാതെ ഏവരും ബഹുമാനപൂർവ്വം അദ്ദേഹത്തെ കണ്ട് എഴുന്നേറ്റു നിൽക്കുന്നത് കണ്ടു. വളരെ വിനയത്തോടെയാണ് പലരും അദ്ദേഹത്തോട് സംസാരിച്ചത്. ഖുർആൻ പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാവായിരുന്ന മുഹമ്മദ്കുട്ടി ഹാജിക്കു സമൂഹത്തിൽ ഉയർന്ന സ്ഥാനവും അംഗീകാരവുമാണുണ്ടായിരുന്നത്. ഒരിക്കൽ ചെമ്മൽ ജുമുഅത്തു പള്ളി ഖാസിയായ ഒരു ബാഖവി (സമസ്ത നേതാവ്) ഹാജിയോട് സംസാരമദ്ധ്യേ നിങ്ങൾ നബിചര്യ സ്വീകരിക്കാത്തവരല്ലെ എന്നു പറഞ്ഞത്രെ. നബിയെ മോശമാക്കുന്നത് നിങ്ങളാണെന്നു കാര്യകാരണസഹിതം ഹാജി വിശദീകരിച്ചപ്പോൾ ആ ബാഖവി ഉത്തരമില്ലാതെ ഇളിഭ്യനായ അനുഭവമുണ്ടായി. പ്രശസ്ത ഖുർആൻ പണ്ഡിതൻ സി.എൻ. അഹമ്മദ് മൗലവിയുമായും ഹാജിക്കു അടുത്ത ബന്ധമായിരുന്നു. ഖുർആനിൽ നിന്നും എന്താണോ ബോധ്യമാകുന്നത് അതാണ് സ്വീകരിക്കേണ്ടതെന്നു അഹമ്മദ് മൗലവി ഹാജിയോട് പറഞ്ഞത് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു.

–(എസ്.പി)

**ഒരിക്കൽ ഹാജിയോടൊപ്പം ഈ കുറിപ്പുകാരൻ ഹാജിയുടെ വീടിനു സമീപത്തെ പുത്തൂർ അങ്ങാടിയിലേക്കു നടന്നുചെന്നപ്പോൾ ജാതിമതഭേദമന്യേ, സുന്നി–മുജാഹിദ് വ്യത്യാസമില്ലാതെ ഏവരും ബഹുമാനപൂർവ്വം അദ്ദേഹത്തെ കണ്ട് എഴുന്നേറ്റു നിൽക്കുന്നത് കണ്ടു. വളരെ വിനയത്തോടെയാണ് പലരും അദ്ദേഹത്തോട് സംസാരിച്ചത്. ഖുർആൻ പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാവായിരുന്ന മുഹമ്മദ്കുട്ടി ഹാജിക്കു സമൂഹത്തിൽ ഉയർന്ന സ്ഥാനവും അംഗീകാരവുമാണുണ്ടായിരുന്നത്.**


## വേദദർശനം മാസിക

### ഒരു വർഷം 170 രൂപ

### രണ്ടു വർഷം 340 രൂപ

**A/c No. 32455236088 - State Bank of India**
**Tirur Branch, Malappuram Dist. - 676 101**

എന്ന അക്കൗണ്ടിലേക്ക് വരിസംഖ്യ അയക്കാവുന്നതാണ്.

# കെ.എൻ.എമ്മിൽ കലാപം:

## നബിക്ക് ഭ്രാന്ത് ബാധിച്ചെന്ന് പറയുന്നവർ അകത്ത്; ഭ്രാന്ത് ബാധിച്ചില്ലെന്ന് പറയുന്നവർ പുറത്ത്

സ്റ്റാഫ് റിപ്പോർട്ടർ

**മ**തപുരോഗമനത്തിന്റെ മേലങ്കിയണിഞ്ഞ പഴഞ്ചൻ മുജാഹിദ് കൂടാരത്തിൽ കലാപം! പ്രവാചകൻ ഭ്രാന്തു ബാധിച്ചവനാണെന്നു പറയുന്നവർ പ്രവാചകനു ഭ്രാന്ത് ബാധിച്ചിട്ടില്ലെന്നു പറഞ്ഞവരെ പുറത്താക്കി. കേരളത്തിലെ കെ.എൻ.എം മുജാഹിദ് വിഭാഗം കടുത്ത പിളർപ്പിലേക്ക് നടന്നടുക്കുകയാണ്.

കെ.കെ. സക്കരിയ്യ സ്വലാഹി, മുജാഹിദ് ബാലുശ്ശേരി, അബ്ദിറഹിമാൻ ഇരിവേറ്റി എന്നിവരാണ് സംഘടനയുടെ അച്ചടക്ക നടപടികൾക്കു വിധേയരായത്. ഇവരിൽ ഇരിവേറ്റിയെ മാറ്റിനിർത്തിയാൽ മറ്റു രണ്ടുപേരും കടുത്ത യാഥാസ്ഥിതികരാണ്. യാഥാസ്ഥിതിക കൂടാരത്തിനു ഇവർ സ്വീകാര്യരാണെങ്കിലും ഇപ്പോൾ തങ്ങളുടെ പഴഞ്ചൻ പ്രേമം അത്രത്തോളം ആയിട്ടില്ലെന്നു പറഞ്ഞാണ് ഇവർക്കെതിരെ നടപടിയെടുത്തത്. ബാലുശ്ശേരിയുടെ പ്രസംഗങ്ങൾക്ക് ഇനി സംഘടനാ നിരീക്ഷകനുണ്ടാകുമത്രെ. എന്ത് നിരീക്ഷണം? എന്തു പ്രഭാഷണം? പഴയ സുന്നി മോല്യാന്മാർ പറഞ്ഞത് പറയുന്നവർക്ക് എന്തു വിവരമാണ്? അതിനെന്ത് നിരീക്ഷണമാണ്?




സുന്നികൾ പുറത്തുപറയാൻ മടിച്ച കാര്യങ്ങൾപോലും പ്രമാണമാക്കി തലയിലേറ്റി മുജാഹിദുകൾ ഖുർആന്റെ ശത്രുക്കളായപ്പോൾ ആടിയുലഞ്ഞ് പൗരോഹിത്യം തകരുകയാണ്. ഹദീസുകളിൽ ഖുർആന് നിരക്കുന്ന യാതൊന്നുമില്ലെന്നും ഓരോ ഹദീസും ഓരോ ഖുർആൻ സൂക്തത്തിന്റെ കടുത്ത നിഷേധമോ പരിഹാസമോ ആണെന്നും വ്യക്തമായിട്ടും അതെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ഖുർആന്റെ യഥാർത്ഥ സാരം ഉൾക്കൊള്ളാൻ വിമുഖത പുലർത്തുകയും ചെയ്യുന്ന– കടുത്ത പഴഞ്ചൻ ആശയക്കാരായ മുജാഹിദുകൾ പരസ്പരം കുറ്റപ്പെടുത്തി അകലുകയും പിളരുകയും

ചെയ്യുന്നത് സ്വാഭാവിക പരിണിതിയാണെങ്കിലും ഇപ്പോഴത്തെ നടപടികൾ വളരെ തമാശയായി മാറി യെന്നതാണ് സത്യം.

കെ.കെ. സക്കരിയ്യ സ്വലാഹിയെ അനുകൂലി ക്കുന്നവരുടെ ഒത്തുകൂടൽ മഞ്ചേരിയിൽ നടന്നതും അവർ സംഘടനക്കെതിരെ ഗുരുതരമായ ആരോ പണങ്ങൾ ഉന്നയിച്ചതും ഔദ്യോഗിക നേതൃ ത്വത്തെ തീർത്തും പരിഭ്രാന്തരാക്കിയിട്ടുണ്ട്. സക്ക രിയയെ വളരെ നേരത്തെതന്നെ പുറത്താക്കി സംഘടന തള്ളിപ്പറയേണ്ടതായിരുന്നുവെന്നും ഇതിനു വൈകിയതു വഴി സക്കരിയക്കു അണി കളെ സ്വാധീനിക്കാൻ അവസരമുണ്ടായെന്നും ഒരു വിഭാഗം കരുതുന്നു.

ഇതേസമയം ഹദീസുകളെ പൂർണ്ണമായും തള്ളിക്കളയാതെ പലവിഷയങ്ങളിലും നിലപാട് വ്യക്തമാക്കാതെ ഹദീസുകൾ മാറോടണച്ചുതന്നെ പുതിയ വിവാദങ്ങളിൽ നിന്നും മുതലെടുപ്പ് നട ത്താൻ മടവൂർ വിഭാഗം നടത്തുന്ന ശ്രമങ്ങൾ വിജ യിക്കുന്നില്ല. ഹദീസുകൾ പാടെ തള്ളിക്കളയേണ്ട താണെന്ന വാദം മടവൂർ വിഭാഗത്തിലെ പലർക്കു മുണ്ടത്രെ. എന്നാൽ അങ്ങനെ തുറന്നുപറഞ്ഞാൽ തങ്ങൾക്കു ലഭിക്കുന്ന വിദേശപിന്തുണ നഷ്ടമാ കുമെന്നവർ ഭയപ്പെടുന്നുമുണ്ട്. ഹദീസുകളിൽ സ്വഹീഹ് തെരയാൻ അവരിൽ പലരും കൊണ്ടു പിടിച്ച ശ്രമത്തിലാണ്. തിരൂരിൽ നടന്ന കെ.എ സ്.എസ്. മുജാഹിദ്-മടവൂർ സംവാദത്തിനു ശേഷം ഹദീസുകൾ ഒരിക്കലും ഖുർആനുമായി യോജി ച്ചുപോകില്ലെന്നു അഭിപ്രായപ്പെടുന്നവർ മടവൂർ വിഭാഗത്തിൽ വർധിച്ചിട്ടുണ്ടെങ്കിലും അവരെ മെരുക്കി കൂടെ നിർത്താനും പുതിയ വിവാദങ്ങ ളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചു മുതലെടുപ്പ് ശക്ത മാക്കാനുമാണ് നീക്കമത്രെ.


ജിന്ന് വിവാദം: കെ.എൻ.എമ്മിൽനിന്ന് സക്കരിയ സ്വലാഹി പുറത്ത്

ഇരിവേറ്റിക്ക് സസ്പെൻഷൻ; മുജാഹിദ് ബാലുശ്ശേരി നിരീക്ഷണത്തിൽ

**ഒ**ടുവിൽ അത് സംഭവിക്കുന്നു. ഖുർആനിക സത്യങ്ങളുടെ പുലർച്ചക്ക് കേരളക്കരയിൽ ആദ്യ മായി രൂപംകൊണ്ട മുജാഹിദ് പ്രസ്ഥാനം ഖുർ ആനിക സത്യങ്ങളിൽ നിന്നകന്നതുമൂലം അവർക്ക് ഖുർആനോട് തന്നെ യുദ്ധം പ്രഖ്യാപി ക്കേണ്ടിവരുന്നു. ഇസ്‌ലാമിന്റെയും ഖുർആന്റെയും ശത്രുപക്ഷത്ത് കാലം അവരെ കൊണ്ടുവന്ന് നിർത്തിയിരിക്കുന്നു. പൂർവ്വകാല പണ്ഡിതന്മാർ എഴുതിവെച്ച വിവരക്കേടുകളിൽ ‘ആദർശം’ കണ്ടെത്തുന്ന ഇവർ സിഹ്റിന്റെ വിഷയത്തിൽ വിശുദ്ധ ഖുർആന്റെ വ്യക്തമായ ശത്രുക്കളായി മാറിയിരിക്കുന്നു. മുഹമ്മദ് നബിയെ ഭ്രാന്ത് ബാധി ച്ചവനെന്ന് ബുഖാരിയും മുസ്‌ലീമും ഒന്നിച്ച് വിളി ച്ചപ്പോൾ ഖുർആൻ ഭ്രാന്ത് ബാധിച്ചിട്ടില്ലെന്ന് ആവർത്തിച്ച് പറഞ്ഞിട്ടും അത് ചെവിക്കൊ ള്ളാതെ ബുഖാരിയുടെയും മുസ്‌ലിമീന്റെയും ‘നുണകൾ’ വിശ്വസിക്കുകയും പഠിക്കുകയും പഠി പ്പിക്കുകയും അതിനനുസരിച്ച് ഗ്രന്ഥങ്ങളും ഖുർ ആൻ പരിഭാഷകളും പ്രസിദ്ധീകരണങ്ങളും രചിച്ച് മത കച്ചവടം നടത്തിയതിന്റെ ദൈവിക ശിക്ഷ അവർക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നു. ഉദ്ബുദ്ധ കേര ളത്തിന്റെ ചിന്തിക്കുന്ന മനസ്സുകൾക്ക് മുന്നിൽ കേവലം ‘ജോക്കറു’കളായ് മാറുന്ന പരിഹാസ്യ ചിത്രം ഇതിന് മുമ്പ് വേദദർശനത്തിൽ വരച്ചുകാ ണിച്ചത് കൂടി ഇതോടൊപ്പം ചേർത്ത് വായിക്കു മ്പോൾ ചിത്രം വ്യക്തമാകും.

അരനൂറ്റാണ്ടിലധികം കേരളത്തിൽ പുരോഗമന നവോത്ഥാന ചിന്തകൾക്ക് പ്രചോദനമേകിയ ഈ സംഘടന ഒടുവിലിതാ കുടം ഉടച്ച് തകർന്ന് തരിപ്പണമായി ഇളിഭ്യരായി കേരളീയ മനസ്സാക്ഷിക്ക് മുന്നിൽ നിൽക്കുന്നു. ചിന്തിക്കുന്ന മനസ്സുകൾക്ക് ഒന്നും പുതുതായി നൽകാനില്ലാതെ നിസ്സാഹയരായി താടി തടവിക്കൊണ്ടിരിക്കാൻ മാത്രമേ ഇപ്പോൾ പണ്ഡിതന്മാർക്ക് സാധിക്കുന്നുള്ളൂ. അവർക്ക് നൽകാനുള്ളത് താടിയിൽ മലക്കുകൾ ഊഞ്ഞാലാട്ടം നടത്തുമെന്നും, അർദ്ധരാത്രിയിൽ ഏഴാകാനാകാശത്തിലെ ഓഫീസിലെ സിംഹാസനത്തിൽനിന്നും അല്ലാഹു ഇറങ്ങിവരുമ്പോൾ ഉണർന്നിരുന്നാൽ അല്ലാഹുവിന്റെ 'അവയവങ്ങൾ' കാണാമെന്നും, ജിന്നുകളെ കരുതിയിരിക്കണമെന്നും ഖുർആൻ ഭ്രാന്ത് ബാധിച്ച നബിയുടെ നാവിലൂടെ വന്നതാണെന്നും, മുഹമ്മദ് നബിയെ ഭ്രാന്തനാക്കിയ സിഹ്റിനെ സൂക്ഷിക്കണമെന്നും, ഭാര്യാഭർത്താക്കന്മാരെ വരെ തമ്മിൽ തെറ്റിക്കാൻ സിഹ്റിന് സാധിക്കുമെന്നും ഉള്ള വിചിത്ര ചിന്തകൾ മാത്രമാണ്.

ഇത്രയും കാലം മുഹമ്മദ് നബിയെ ഭ്രാന്തനായി ചിത്രീകരിച്ച അമാനി മൗലവിയുടെ ഗ്രന്ഥങ്ങളും കെ. എം. മൗലവിയുടെ ഫത്വകളും അന്ധമായി കേരളത്തിൽ പ്രചരിപ്പിച്ചതിന്റെ ശിക്ഷ മുജാഹിദ് പ്രസ്ഥാനം ഇതാ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. സിഹ്റിന് യാഥാർത്ഥ്യമുണ്ടെന്നും മുഹമ്മദ് നബിയെ സിഹ്റ് ബാധിച്ചിട്ടുണ്ടെന്നുമുള്ള കെ.എം. മൗലവിയുടെ ഫത്വകൾ ഇറക്കിയത് മടവൂർ വിഭാഗമാണെങ്കിൽ അതേകാര്യം ഒന്നുകൂടി വ്യക്തമായി ചിത്രീകരിച്ച അമാനി മൗലവിയുടെ പരിഭാഷയുടെ പിതൃത്വം കെ.എൻ.എം-നാണ്. ശബാബിന്റെയും സലാം സുല്ലമിയുടെയും പഴയകാല ഫത്വകളിലും ഇക്കാര്യം വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിട്ടും മടവൂർ വിഭാഗം ഇപ്പോൾ നടത്തുന്ന പൊറാട്ടുനാടകം കേവലം നാട്യം മാത്രമാണ്. അതിലെ ഒന്നാം നമ്പർ നടൻ സലാം സുല്ലമിയാണ്. ഇപ്പോൾ സിഹ്റിനെ തള്ളിപ്പറയാൻ ശ്രമിക്കുന്ന സുല്ലമി അമാനി മൗലവിയും, തന്റെ പിതാവായ അലവി മൗലവി, കെ. എം. മൗലവി തുടങ്ങിയവർ ഖുർആൻ പരിഭാഷയിലൂടെ എഴുതി പ്രചരിപ്പിച്ചത് ശുദ്ധ തെമ്മാടിത്തരമായിരുന്നെന്ന് തുറന്നെഴുതാൻ തയ്യാറാവുമോ? അവർ ഖുർആൻ പഠിക്കാതെയാണ് പരിഭാഷയെഴുതിയതെന്ന് പറയുമോ? ഹദീസുകളിൽ പി.എച്ച്.ഡി എടുക്കുകയും അത് വിറ്റ് ലാഭം നേടുകയും ചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ ഹദീസ് വ്യവസായിയായ സുല്ലമിക്ക് അതിന് കഴിയില്ലെന്ന് ഞങ്ങൾക്കറിയാം. പിന്നെ എന്തിനാണ് മടവൂർ വിഭാഗവും സലാം സുല്ലമിയും മുജാഹിദുകളെ വിഡ്ഢികളാക്കുവാൻ വേണ്ടി സിഹ്റിനെ ഖുർആനികമായി വ്യാഖ്യാനിക്കാൻ ശ്രമിച്ച് പരിഹാസ്യരാകുന്നത്. അങ്ങനെ പറയാൻ അതിന് യോഗ്യതയുള്ള ഖുർആൻ വിശ്വാസികളുണ്ടിവിടെ. അവർ അക്കാര്യം ഭംഗിയായി നിർവ്വഹിക്കുന്നുമുണ്ട്. നിങ്ങൾ ഖുർആനെ വിട്ടേക്കുക. അതിന്റെ അവകാശികൾ ഖുർആൻ വിശ്വാസികളാണ്. നിങ്ങളുടെ മേഖല ഇതല്ല. നിങ്ങൾ കക്കൂസിൽ ഇരിക്കുമ്പോൾ കൊതുക് കടിക്കാൻ വന്നാൽ 'അഊദുബിക്ക മിനൽ ബുബ്സി വൽ കബായിസി' എന്ന് പ്രാർത്ഥിക്കുക. ആൺ കൊതുകും പെൺകൊതുകും മടവൂരികളെ കടിക്കാതെ പാറിപ്പറന്ന് പോകുന്നത് കാണാം. പോകുന്നില്ലെങ്കിൽ സലാം സുല്ലമിയോട് പുതിയ വ്യാഖ്യാനം കക്കൂസിലേക്ക് വേണ്ടി ഉണ്ടാക്കാൻ പറയുക. അങ്ങനെയെങ്കിലും ഹദീസ് ഗവേഷണം ഭംഗിയായി നടക്കട്ടെ.

## ഒടുവിൽ ഇരിവേറ്റി പുറത്ത്

മുഹമ്മദ് നബി ഭ്രാന്തനല്ലെന്ന ഖുർആനിക സത്യം തുറന്നുപറയാൻ ശ്രമിച്ച ഇരിവേറ്റിക്ക് നഷ്ടപ്പെട്ടത് മുജാഹിദ് പ്രസ്ഥാനത്തിലെ പ്രാഥമിക അംഗത്വം. ഏത് പൊട്ടനും വ്യക്തമായി ഗ്രഹിക്കാൻ കഴിയുന്ന ഖുർആനിക സത്യം (17/47) തുറന്ന് പറയാൻ തയ്യാറായ വ്യക്തിയെ ഇങ്ങനെ പുറത്താക്കണമെങ്കിൽ മുജാഹിദ് പ്രസ്ഥാനവും ഖുർആനും തമ്മിലുള്ള ബന്ധം എന്താണ്? ദൈവിക ഗ്രന്ഥത്തിലെ സത്യങ്ങൾക്ക് എത്ര മാത്രം നിലയും വിലയുമുണ്ടെന്ന് ഇരിവേറ്റിയുടെ സസ്പെൻഷൻ തെളിയിക്കുന്നു. ചിന്തിക്കുന്ന മുജാഹിദുകളേ ഇത്തരം ഖുർആൻ വിരുദ്ധ ചിന്തകളിൽ ജീവിതം നഷ്ടപ്പെടുത്തിയാൽ നാളെ ഒരു ദിനം ദൈവസന്നിധിയിൽ ഇതിനെല്ലാം മറുപടി പറയേണ്ടി വരുമെന്ന സാമാന്യ ബോധമെങ്കിലും നിങ്ങൾക്കുണ്ടാവേണ്ടതാണ്. നിങ്ങൾ കളിക്കുന്നത് ഖുർആനിക സത്യങ്ങൾക്കെതിരിലാണെന്നോർക്കുക. മുജാഹിദ് പ്രസ്ഥാനത്തിലെ പ്രാഥമിക അംഗത്വത്തിനുവേണ്ട അടിസ്ഥാന യോഗ്യത മുഹമ്മദ് നബിയെ 'ഭ്രാന്തൻ' എന്ന് വിളിക്കലാണെന്ന് ഇരിവേറ്റിയുടെ സസ്പെൻഷൻ പഠിപ്പിക്കുന്നു. സഭാഷ്, നിങ്ങൾ തന്നെയാണ് യഥാർത്ഥ മുജാഹിദുകൾ. നീണാൽ വാഴട്ടെ...

**വിചിന്തനം വാരികയിൽ വന്ന ഒരു ചോദ്യവും അതിന്റെ ഉത്തരവും**

ചോദ്യം : ജിന്ന്, പിശാച്, സിഹ്റ് വിശ്വാസവും അന്ധവിശ്വാസവും എന്ന എ. അബ്ദുസ്സലാം സുല്ലമി രചിച്ച പുസ്തകത്തിൽ "ഭാര്യയുമായി ബന്ധത്തിൽ ഏർപ്പെടുന്ന സന്ദർഭത്തിൽ പിശാചിനോട് രക്ഷ തേടിയാൽ കുട്ടിയെ പിശാച് ഉപദ്രവിക്കില്ല" എന്ന് നബി പ്രസ്താവിച്ച ഹദീസുകളാണ് കൂടുതൽ പ്രബലം എന്ന് കാണുന്നു. പിശാചിനോട് രക്ഷ തേടിയാൽ ശിർക്കാവുകയില്ലേ? വിശദീകരണം നൽകാമോ?

ഉത്തരം : പിശാചിനോട് രക്ഷ തേടുന്നത് ശിർക്കു തന്നെ. ലേഖകന് അശ്രദ്ധമൂലം വന്ന തെറ്റാവാം. തിരുത്തുമെന്ന് പ്രത്യാശിക്കാം. അല്ലാഹുവിനോട് സഹായം തേടാനാണ് ഹദീസിൽ പറഞ്ഞത് (വിചിന്തനം 2007 ഫെബ്രുവരി 23)

# ജിന്നുകൾക്ക് പുതിയ ഭാഷ

മുജാഹിദ് പ്രസ്ഥാനത്തിൽ ജിന്ന് വിശ്വാസത്തിനു തുടക്കംകുറിക്കുകയും അതിനു പ്രത്യേക രൂപവും വേഷവും ഉണ്ടാക്കുകയും ചെയ്ത മുജാഹിദ് നേതാക്കളിൽപ്പെട്ട ജിന്നുകളുടെ ഇഫ്രീത്ത് ആയ നേതാവിനെ തിരൂരിൽ ലൈംഗിക പീഡനകേസിൽ പിടിക്കപ്പെട്ടപ്പോൾ കേരളത്തിൽ പുതിയ ഒരു ഭാഷകൂടി പ്രചാരത്തിൽ ഉണ്ടെന്ന സത്യം ബോധ്യമാക്കി.

ജിന്നുകളുടെ ഈ പുതിയ ഭാഷയിലാണത്രെ മുജാഹിദ് മഹല്ലുകളിൽ പ്രവർത്തകർ ആശയവിനിമയം നടത്തുന്നത്. ഈ ഭാഷ സാധാരണക്കാരായ ആളുകൾക്ക് അറിയാത്തതുകൊണ്ട് എന്താണ് നടക്കുന്നതെന്ന് പലർക്കും അറിയാത്തിനാൽ ജിന്നുകളുടെ നീക്കങ്ങളിൽ പലരും ആശങ്കയിലാണ്.

അടിക്കുറിപ്പ്: പീഡനക്കേസിൽ ജയിലിൽ കഴിയുന്ന ജിന്ന് നേതാവിന്റെ 'കഥകൾ'


വിദ്യാർഥിനിയെ പീഡിപ്പിച്ച കോളജ് അധ്യാപകൻ അറസ്റ്റിൽ

ആഘോഷമാക്കുന്ന മുജാഹിദുകൾ ശ്രദ്ധിക്കുക! അന്യസ്ത്രീയായ ഉമ്മുഹറാമിയുടെ വീട്ടിൽ സ്ഥിരമായി പോകാറുണ്ടായിരുന്ന നബിയുടെ കഥ ബുഖാരിയിൽ ആറ് സ്ഥലത്തുണ്ടായിരിക്കെ, സെയ്തിനെക്കൊണ്ട് സൈനബയെ മൊഴിചൊല്ലിച്ച് സ്വന്തമാക്കിയ സാഹസം, സഫിയയെ ഇദ്ദപോലും ആചരിക്കാൻ കാത്തുനിൽക്കാതെ ബന്ധപ്പെട്ടതും, 54 വയസ്സുള്ളപ്പോൾ കേവലം 6 വയസ്സു മാത്രമുള്ള ആയിഷയോടൊത്ത് ആദ്യരാത്രി പങ്കിട്ടതും വിവരിക്കുന്ന ഹദീസു സമാഹാരങ്ങൾ പഠിപ്പിക്കുന്നവരും അത് ചാണിനു ചാണായും മുഴത്തിനു മുഴമായും പിന്തുടരാൻ കൽപ്പിക്കുന്നവരും എന്തിന് ഈ 'പാവ'ത്തിനെ കുരിശിലേറ്റുന്നു.


## സി.ഡി വിപണിയിൽ

- **ഏക സിവിൽ കോഡും ന്യൂനപക്ഷ അവകാശങ്ങളും**
- **ചേകനൂർ അനുസ്മരണവും ശരിഅത്ത് സെമിനാറും (മലപ്പുറം ഗ്രെയ്സ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം)**
- **ഖുർആനും ശാസ്ത്രവും**

**ബന്ധപ്പെടുക: 9447236810**

### ചേലാകർമ്മം: സത്യങ്ങൾ പുറത്തുവരുന്നു

# ഡോക്ടർക്കു പിഴച്ചാലും പഴി മതത്തിന്!

ഡോ. മുഹമ്മദ് അഷ്റഫ് (ബർലിൻ)

**ഇ**ബ്റാഹീം നബിയുടെ കാലം മുതൽ ഇസ്ലാം തുടർന്നുവരുന്ന ഒരനുഷ്ഠാനമാണ് ചേലാകർമ്മം. 'അബ്രഹാമി'ന്റെ മക്കളായ യഹൂദന്മാർക്കും ഇത് അവരുടെ ജീവിതത്തിൽനിന്ന് ഒഴിവാക്കാനാവാത്ത 'കർമ'മാണ്. ഇക്കഴിഞ്ഞ ജൂൺ 14ന് വരെ, യുദ്ധാനന്തര ജർമനിയിലും ഇസ്ലാമിനും യഹൂദന്മാർക്കും ഈ ചടങ്ങ് ഒഴിവാക്കാനാവാത്ത മതാനുഷ്ഠാനമായി നടത്താൻ അനുവാദമുണ്ടായിരുന്നു. എന്നാൽ പെട്ടെന്ന് ഒരു ദിവസം ഒരു മുന്നറിയിപ്പും കൂടാതെ കൊളോണിലെ ഉന്നത കോടതി ഇത് നിമയം മൂലം നിരോധിച്ചു! അതിന് കാരണമായത് കൊളോണിലെ മൾട്ടി സ്പെഷാലിറ്റി ചിൽഡ്രൻസ് ക്ലിനിക്കിലെ ശിശുരോഗ വിദഗ്ധനായ സർജന് സംഭവിച്ച കൈയബദ്ധമായിരുന്നു.

**മുസ്ലിംകളിൽ 90 ശതമാനത്തിലധികവും തുർക്കികളാണ്. അവരുടെ ആചാരാനുഷ്ഠാനമനുസരിച്ച്, ആൺകുഞ്ഞിന് നാലു വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് ചേലാകർമം നടത്തിയിരിക്കണം. നമ്മുടെ നാട്ടിലെ വിവാഹച്ചടങ്ങുകളെ അനുസ്മരിപ്പിക്കുംവിധമുള്ള വൻ ചടങ്ങുകളോടെയാണ് ഈ ആചാരം നടത്തുന്നത്.**

മുസ്ലിംകളിൽ 90 ശതമാനത്തിലധികവും തുർക്കികളാണ്. അവരുടെ ആചാരാനുഷ്ഠാനമനുസരിച്ച്, ആൺകുഞ്ഞിന് നാലു വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് ചേലാകർമം നടത്തിയിരിക്കണം. നമ്മുടെ നാട്ടിലെ വിവാഹച്ചടങ്ങുകളെ അനുസ്മരിപ്പിക്കുംവിധമുള്ള വൻ ചടങ്ങുകളോടെയാണ് ഈ ആചാരം നടത്തുന്നത്. കുഞ്ഞിനെ അമ്മയുടെ സഹോദരന്റെ മടിയിലിരുത്തി, മതപണ്ഡിതൻതന്നെ ഈ ചടങ്ങ് നടത്തണമെന്നായിരുന്നു അവരുടെ 11 അലിഖിത നിയമങ്ങളെങ്കിലും, കാലം മാറിയപ്പോൾ അത് വൻകിട ആശുപത്രികളിലെ അംഗീകൃത സർജന്മാരുടെ ചുമതലയായി. ജർമനിയിൽ 'ഇലാഹീൽ ഗുണ്ട്വാൻ' കുടുംബത്തിൽ കഴിഞ്ഞ ജൂണിൽ നടന്ന ഒരു കുരുന്നിന്റെ ചേലാകർമ്മത്തിൽ അപകടം സംഭവിച്ചു. തുടർന്ന് പ്ലാസ്റ്റിക് സർജറിയും മറ്റുമായി പ്രശ്നം പരിഹരിച്ചെങ്കിലും കൊളോണിലെ ഒരു സാമൂഹിക പ്രവർത്തകൻ 'ഈ അനാചാരത്തിനെതിരെ' നിയമനടപടികൾ സ്വീകരിച്ചു. എന്നാൽ, ഹിറ്റ്ലറുടെ പ്രേതംബാധിച്ച വിധികർത്താവ് കൂടുതൽ വാദങ്ങൾക്കൊന്നും അവസരം നൽകാതെ ചേലാകർമം നിയമപരമായിത്തന്നെ ജർമനിയിൽ നിരോധിച്ചു. മാത്രമല്ല, അത് നിർവഹിക്കുന്ന ഡോക്ടർമാർക്കെതിരെ കർശന നടപടിയും പ്രഖ്യാപിച്ചു. സർക്കാർ ഡോക്ടറാണെങ്കിൽ ഉടനെ പിരിച്ചുവിടും. സ്വകാര്യ പ്രാക്ടീസ് ചെയ്യുന്നയാളാണെങ്കിൽ, ഭിഷഗ്വരനായി പ്രവർത്തിക്കാനുള്ള ലൈസൻസ് റദ്ദ് ചെയ്യും. നാസി കാലത്തെ അനുസ്മരിപ്പിക്കുന്ന ഈ നടപടിക്രമങ്ങളെത്തുടർന്ന് ഡോക്ടർമാരുടെ സംഘടനതന്നെ ചേലാകർമത്തിൽനിന്ന് വിട്ടുനിൽക്കുന്നതായി പ്രഖ്യാപിച്ചു.

ഇസ്ലാമിന് മതപരമായ അനുഷ്ഠാനമാണെങ്കിൽ, യഹൂദർക്ക് ഇത് അവരുടെ സ്വത്വവുമായി ബന്ധപ്പെട്ടതാണ്. ഇസ്ലാമിനേക്കാൾ കടുത്ത നടപടിക്രമങ്ങളോടെയാണ് അവർ ഈ ചടങ്ങ് അനുവർത്തിക്കുന്നത്. യഹൂദവം

**ജർമനിയുടെ പുതിയ വനിതാ ശിശുക്ഷേമമന്ത്രി ക്രിസ്റ്റീന ഷ്റോയ്ഡർ സമർപ്പിച്ച നിർദേശമനുസരിച്ച് ഉപാധികളോടെ, ചേലാകർമം അനുവദിക്കാമെന്നാണ്. അതിനായി പുതിയ നിയമനടപടികൾ ഉരുത്തിരിയേണ്ടിയിരിക്കുന്നു. ഇതനുസരിച്ച്, പ്രത്യേക പരിജ്ഞാനം ലഭിച്ച സർജന്മാർക്ക് മാത്രമേ ചടങ്ങ് നടത്താൻ അനുവാദമുണ്ടാവുകയുള്ളൂ. പ്രാചീന ഉപകരണങ്ങൾ ഒന്നും അനുവദനീയമല്ല.**

ശത്തിൽ ആൺകുഞ്ഞ് പിറന്നാൽ, കൃത്യം എട്ടാംദിവസംതന്നെ കർമം നിർവ്വഹിച്ചിരിക്കണം. അത് നടത്താനുള്ള അവകാശം, അവരുടെ 'സിനഗോഗി'ലെ പ്രധാന റബീന് മാത്രവും. മാത്രമല്ല, ആധുനിക വൈദ്യശാസ്ത്രത്തിന്റെ സഹായമൊന്നും ഇവിടെ അനുവദനീയവുമല്ല. പ്രാചീന ഉപകരണങ്ങൾതന്നെ ഉപയോഗിക്കുകയും വേണം. തുർക്കികളുടേതിന് സമാനമായി അമ്മയുടെ സഹോദരൻ എട്ടുദിവസം പ്രായമായ കുഞ്ഞിനെ തടികൊണ്ടുള്ള ഒരു 'താല'ത്തിൽ വെച്ച് റബീന് ചടങ്ങ് നിർവ്വഹിക്കാനുള്ള സംവിധാനമുണ്ടാകണം. ഇതിനായുള്ള പ്രത്യേക പരിശീലനം റബീൻമാർക്ക് ലഭിക്കുന്നത് ഇസ്രായേലിൽ നിന്നുമാണ്. അതിനായി ലോകത്തുള്ള 'ചേലാകർമ വിദഗ്ധന്മാരെ' പരിശീലിപ്പിക്കാനുള്ള ഇടവും ഇസ്രായേലിലുണ്ട്.

ജർമൻ നിയമവകുപ്പിന്റെ നിരോധനമുണ്ടായിട്ടും സിനഗോഗുകളിൽ ചടങ്ങ് നിർബാധം തുടർന്നതിനാൽ അതിശക്തമായ പൊലീസ് ഇടപെടലുകളോടെ കഴിഞ്ഞ രണ്ടുമാസമായി നിയമനടപടികൾ തുടരുകയാണ്. ഇതോടെ പരസ്പരം കാര്യമായ സഹകരണങ്ങളൊന്നുമില്ലാതിരുന്ന തുർക്കി–യഹൂദ വംശജരുടെ കൂട്ടായ്മയും രൂപപ്പെട്ടു. ജറൂസലമിലെ പ്രധാന റബീൻ തന്നെ ജർമനിയിലെത്തി, അവരുടെ ചാൻസലർ മെർകലുമായും പ്രസിഡന്റ് യോ ആഹിംഗൗക്കുമായും ചർച്ചകൾ നടത്തിയിട്ടും പ്രശ്നത്തിൽ പരിഹാരമുണ്ടായിട്ടില്ല. ഹിറ്റ്ലറുടെ കാലഘട്ടത്തിൽ, യഹൂദ വിരോധത്തിന്റെ പേരിൽ ചേലാകർമം ജർമനി നിരോധിച്ചിരുന്നു. അന്ന് പരമരഹസ്യമായി യഹൂദന്മാർ, മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ വന്ന് അതീവരഹസ്യമായിരുന്നു ഈ ചടങ്ങ് നിർവ്വഹിച്ചിരുന്നത്. പ്രാചീനകാലത്ത് റോമാ സാമ്രാജ്യത്തിന് ചേലാകർമം അനാചാരമായിരുന്നു. അതിനെതിരെ നടപടിയും ഉണ്ടായിരുന്നു.

ജർമനിയുടെ പുതിയ വനിതാ ശിശുക്ഷേമമന്ത്രി ക്രിസ്റ്റീന ഷ്റോയ്ഡർ സമർപ്പിച്ച നിർദേശമനുസരിച്ച് ഉപാധികളോടെ, ചേലാകർമം അനുവദിക്കാമെന്നാണ്. അതിനായി പുതിയ നിയമനടപടികൾ ഉരുത്തിരിയേണ്ടിയിരിക്കുന്നു. ഇതനുസരിച്ച്, പ്രത്യേക പരിജ്ഞാനം ലഭിച്ച സർജന്മാർക്ക് മാത്രമേ ചടങ്ങ് നടത്താൻ അനുവാദമുണ്ടാവുകയുള്ളൂ. പ്രാചീന ഉപകരണങ്ങൾ ഒന്നും അനുവദനീയമല്ല. അനസ്തേഷ്യ വഴി കുട്ടിയെ പൂർണമായി ബോധംകെടുത്തി മാത്രമേ ചടങ്ങ് നിർവഹിക്കാവൂ. ഏറ്റവും പ്രധാനം 'എട്ടാംദിവസം' എന്ന പ്രായപരിധി അനുവദനീയമല്ല, അത് കുറഞ്ഞത് മൂന്നു വയസ്സുവരെയെങ്കിലും വർധിപ്പിക്കണം.

യഹൂദന്മാർ ഒരു കാരണവശാലും അംഗീകരിക്കാൻ തയ്യാറാകാത്ത വ്യവസ്ഥകളാണിത്. മറ്റൊരാൾ ചേലാകർമം നടത്തിയാൽ അതിലൂടെ യഹൂദന്മാരായി തീരില്ലെന്നും, അതൊരു സാധാരണ ഓപറേഷൻ മാത്രമേയാകൂവെന്നും അവർ വാദിക്കുന്നു. കൂട്ടത്തിൽ യാഥാസ്ഥിതിക തുർക്കികളും ഇതംഗീകരിക്കാതെ രംഗത്തു വന്നതോടെയാണ് ഹിറ്റ്ലറുടെ പ്രേതം ബാധിച്ചവരുടെ നിയമവ്യവസ്ഥയാണെന്നും സ്വാതന്ത്ര്യത്തിനു നേരെയുള്ള നഗ്നമായ കടന്നുകയറ്റമാണിതെന്നും ഇസ്രയേൽ പ്രസിഡന്റ് ഷിമോൻ പെരസ് പ്രഖ്യാപിച്ചിരിക്കുന്നത്. വിഷയം ജർമൻ എത്തിക്സ് കമ്മിറ്റിയുടെ പരിധിയിലാണെങ്കിലും 4000ത്തിലധികം വർഷങ്ങളായി യഹൂദരും മുസ്‌ലിംകളും ഒരേപോലെ തുടർന്നുകൊണ്ടിരിക്കുന്ന ഈ മതാനുഷ്ഠാനം നിയമംമൂലം സ്ഥിരമായി തടയാൻ ജർമനിക്ക് കഴിഞ്ഞില്ലെന്ന് വരും. ഹിറ്റ്ലറെയും റോമാ സാമ്രാജ്യത്തിനെയും അതിജീവിച്ച് ഈ അനുഷ്ഠാനം മതാചാരമനുസരിച്ച് നടത്താൻ അനുവദിക്കുകയേ ജർമനിക്ക് നിർവാഹമുണ്ടാവൂ. അത്രക്കും ശക്തമാണ് ഇസ്‌ലാം, യഹൂദ വംശജരുടെ പ്രതിഷേധം.

**(മാധ്യമം ദിനപത്രം 2012 സെപ്തംബർ 2)**

പുനർവായന

# മുജാഹിദ് പ്രസ്ഥാനത്തിന്റെ മാരണ വിശ്വാസം

അബ്ദുറഹ്മാൻ ഇരിവേറ്റി

**സി**ഹ്റിന് (മാരണം) യാഥാർത്ഥ്യമുണ്ടെന്ന് കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിലെ ചില കൊച്ചു മൗലവിമാർ അടുത്ത കാലത്ത് പ്രചരിപ്പിക്കാൻ തുടങ്ങി. മുജാഹിദ് പ്രസ്ഥാനത്തിലേക്ക് ആദർശമാറ്റം വരാതെ, ഭൗതികാകർഷങ്ങളാൽ നുഴഞ്ഞുകയറിയ കുറെ മുല്ലമാരും മുസ്‌ലിയാക്കന്മാരും അതേറ്റുപിടിച്ചു. അങ്ങനെ ഒരു അലോപ്പതി ഡോക്ടറുടെ ഭാവനയിൽ വിരിഞ്ഞ ജിന്ന്-പിശാചുബാധ, സിഹ്റിന്റെ യാഥാർത്ഥ്യം തുടങ്ങിയ കാര്യങ്ങൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ മുഖ്യ പ്രബോധന വിഷയങ്ങളായി. അതോടൊനുബന്ധിച്ച് മുജാഹിദ് പ്രസ്ഥാനത്തിന്റെ പണ്ഡിത സംഘടനയായ കേരള ജംഇയത്തുൽ ഉലമാ നിലപാട് വ്യക്തമാക്കുന്ന ഒരു പുസ്തകവും പ്രസിദ്ധീകരിച്ചു. അതിലിപ്പോൾ പറയുന്നത് സിഹ്റിന് യാഥാർത്ഥ്യമുണ്ട് എന്നുതന്നെയാണ്. എന്നാൽ, മുജാഹിദ് പ്രസ്ഥാനം അര നൂറ്റാണ്ടുകാലം ഈ വിഷയത്തിൽ എടുത്തിരുന്ന നിലപാടും അഞ്ച്-ആറ് വർഷമായി അതിനുവന്ന വ്യതിയാനവും താഴെ ഉദ്ധരണികളിൽ നിന്ന് മനസ്സിലാക്കാം.

1. 'ചുരുക്കത്തിൽ യഥാർത്ഥമോ സ്വതന്ത്രമായ പ്രതിഫലനമോ ഇല്ലാത്ത ഒരു മിഥ്യയാണ് സിഹ്റ്. ഇസ്‌ലാം വിരോധിച്ചതുകൊണ്ടുമാത്രം അതിന് യാഥാർത്ഥ്യമുണ്ടായിക്കൊള്ളണമെന്നില്ല. കാരണം, അല്ലാഹുവിൽ പങ്കുചേർക്കുന്നതും ഇസ്‌ലാം കഠിനമായി വിരോധിച്ചിരിക്കുന്നു. പക്ഷേ, അങ്ങനെയൊരു പങ്കുകാരും യഥാർത്ഥത്തിൽ അല്ലാഹുവിനില്ലതാനും (അൽ-മനാർ മാസിക- ചോദ്യവും മറുപടിയും 1982 - നവംബർ). സിഹ്റ് സംബന്ധിച്ച് വിശദമായ ചർച്ചചെയ്തശേഷം നൽകിയ മറുപടി.

2. ഇസ്‌ലാമിൽ പൗരോഹിത്യമില്ല. ഹോമം, നരബലി, കൂടോത്രം, ജിന്നുസേവ ഉറുക്ക്, ഐക്കല്ല്, ഏലസ്സ്, പിഞ്ഞാണമെഴുത്ത്, ജാറം മൂടൽ, പ്രശ്നംവെക്കൽ, കണി, കൈനോട്ടം, കൈനീട്ടം, മുഹൂർത്തം എല്ലാം പൗരോഹിത്യത്തിന്റെ സൃഷ്ടി. തട്ടിപ്പ്, വെട്ടിപ്പ് (ചങ്ങരംകുളം മുജാഹിദ് സമ്മേളനത്തോടനുബന്ധിച്ച് സമ്മേളന സ്വാഗത സംഘം ഇറക്കിയ ലഘുലേഖ)

3. ഇസ്‌ലാം ദുർബലപ്പെടുന്ന കാര്യങ്ങൾ- സിഹ്റ് (മാരണം) അതല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റുവല്ല കാര്യങ്ങൾ പ്രവർത്തിക്കുകയോ വിശ്വസിക്കുകയോ അവ തൃപ്തിപ്പെടുകയോ അവയെ സഹായിക്കുകയോ ചെയ്യൽ (തൗഹീദും രണ്ട് ശഹാദത്ത് കലിമകളും- അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി). പ്രസാധനം കെ.എൻ.എം ദഅ്‌വ വിഭാഗം)

4. ഇസ്‌ലാമിൽ പൗരോഹിത്യമില്ല. ഹോമം, നരബലി, കൂടോത്രം, മാരണം, ഉറുക്ക്, ഐക്കല്ല്, ഏലസ്സ്, പിഞ്ഞാണമെഴുത്ത്, ജാറംമൂടൽ, പ്രശ്നംവെക്കൽ, കണി, കൈനോട്ടം, മുഹൂർത്തം... എല്ലാം പൗരോഹിത്യത്തിന്റെ സൃഷ്ടി, തട്ടിപ്പ് (സാൽവേഷൻ ഇന്റർനാഷണൽ എക്സിബിഷൻ ഓൺ ഇസ്‌ലാം, ലഘുലേഖ- 2006 ഡിസംബർ 17-27 കോഴിക്കോട്)

ഇമാം അഹ്മദ് ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് ചെയ്ത ചില ഹദീസുകൾകൂടി വായിക്കുക.

1. അബു സഈദിൽ ഖുദ്‌രിയിൽ നിന്ന്. അദ്ദേഹം പറയുന്നു: റസൂൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. അഞ്ച് കാര്യങ്ങളുള്ളവൻ (ഏതെങ്കിലും ഒന്നുള്ളവൻ) സ്വർഗത്തിൽ പ്രവേശിക്കുകയില്ല. സ്ഥിരം മദ്യപൻ, സിഹ്റിൽ വിശ്വാസമുള്ളവൻ, രക്തബന്ധം മുറിക്കുന്നവൻ, ജോത്സ്യൻ, ചെയ്ത നന്മകൾ എടുത്ത് പറയുന്നവൻ (അഹ്മദ്)

അബുദ്ദർദാഇൽനിന്ന് നിവേദനം. നബി ഇങ്ങനെ പറഞ്ഞിട്ടുണ്ട്: ധിക്കാരി, സിഹ്റിൽ വിശ്വാസമുള്ളവൻ, സ്ഥിരം മദ്യപൻ, അല്ലാഹുവിന്റെ നിശ്ചയങ്ങളെ (ഖദ്ർ) നിഷേധിക്കുന്നവൻ എന്നിവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.

മാരണം യാഥാർത്ഥ്യമാണെന്ന് വിശ്വ

സിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് ഈ ഹദീസുകൾ സുവ്യക്തമാക്കുന്നു.

'എങ്ങനെ വന്നാലും മാരണക്കാരൻ വിജയിക്കുകയില്ലെന്ന്' (ത്വാഹാ) കുർആൻ പറയുന്നു. നബിയെ 'മസ്ഹൂർ' (സിഹ്റ് ബാധിച്ചയാൾ) എന്ന് വിളിക്കുന്നത് മുശ്രിക്കുകളാണെന്നും ഖുർആൻ പറയുന്നുണ്ട് (അൽ ഇസ്റാഅ്).

ഇതൊരു തർക്കംതീരാത്ത വിഷയമാണെന്ന് വാദിച്ചേക്കാം. എന്നാൽ, മുജാഹിദ് വിഭാഗത്തിൽ, ഇക്കാര്യത്തിൽ അഞ്ച്-ആറ് വർഷം മുമ്പുവരെ ഒരുവിധ തർക്കവും ഉണ്ടായിരുന്നില്ല. 'സിഹ്റിൽ യാഥാർത്ഥ്യമില്ല' എന്നു തന്നെയായിരുന്നു കേരളത്തിലെ മുജാഹിദുകളുടെ വാദം. അതിപ്പോൾ മാറ്റിപ്പറയുന്നതിന്റെ ഉദ്ദേശ്യം മനസ്സിലാകുന്നില്ല. മുമ്പ് തെറ്റുപറ്റിപ്പോയതാണെങ്കിൽ അത് തിരുത്തുകയും മാപ്പ് പറയുകയും ചെയ്യൽ കേവല മര്യാദമാത്രമാണല്ലോ. അതും ചെയ്തിട്ടില്ല. 'സിഹ്റിന് യാഥാർത്ഥ്യമില്ല' എന്ന പഴയ മുജാഹിദ് വാദത്തിൽ ഉറച്ചുനിൽക്കുന്നവർക്കെതിരെ ചില നടപടികളും എടുക്കുന്നതായി കാണുന്നു.

'സിഹ്ർ ബാധിക്കുന്നവർക്കായി' മന്ത്രം മുതൽ അടിച്ചു ചികിത്സവരെ നടത്തുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിച്ച് മുതലെടുപ്പുനടത്താൻ ദുഷ്ടലാക്കുമായി നടക്കുന്ന ഒരുകൂട്ടം കുട്ടിപ്പുരോഹിതന്മാർക്ക് മുജാഹിദ് നേതൃത്വം അടിയറവ് പറയുകയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. (മാധ്യമം 2012 സെപ്തംബർ 2)


WIDE COVERAGE AT LOW COST

***Advertise in***

# VEDADARSANAM

**Monthly**

Publsihed from Tirur- 676 101, Kerala

*Vedadarsanam Malayalam Monthly leads the debate on a wide range of issues, religion, theology, current affiars, Islamic economy, heritage, Islamic literature, culture and etc..*

**ADVT. THARIFF**

| | |
|---|---|
| Front Cover Inner (Colour) | 6000 |
| Back Cover (Colour) | 10,000 |
| Back Cover Inner (Colour) | 5000 |
| Full Page (B&W) | 3000 |
| Half Page | 1750 |
| Quarter Page | 1000 |

**Contact more details to: 8281348893**

തുടർലേഖനം ആരംഭിക്കുന്നു

ഡോ. ഖമർസമാൻ/ഡോ. യഹ്യ

# സ്വലാത്തിന്റെ സത്യം

## വായനക്കു മുമ്പ്

പാകിസ്ഥാനിലെ പ്രമുഖ ഖുർആൻ പണ്ഡിതനായ ഡോ. ഖമർസമാൻ ഉറുദുവിൽ രചിച്ച 'ഹഖീഖത്തെ സ്വലാത്ത്' എന്ന പുസ്തകത്തിന്റെ പരിഭാഷയാണിത്. ഈ ഗ്രന്ഥം പല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഉറുദു വേണ്ടത്ര വശമില്ലാത്തതിനാൽ ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽനിന്നാണ് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ഇംഗ്ലീഷിലേക്കു ഇതു വിവർത്തനം ചെയ്തിട്ടുള്ളത് ഔറംഗസീബ് യൂസുഫ് അലിയാണ്. നാൽപതോളം പണ്ഡിതർ ഈ പുസ്തകത്തിന്റെ ചർച്ചയിൽ പങ്കെടുത്തിട്ടുണ്ട്. ആ ചർച്ചക്കിടയിൽ ചേകനൂർ മൗലവിയെക്കുറിച്ചും ചർച്ച ചെയ്യപ്പെടുകയുണ്ടായി. aastana എന്ന ഗ്രൂപ്പിൻ കീഴിൽ ഏതാനും ഖുർആൻ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ ഖുർആനിക പ്രവർത്തനങ്ങൾ വളരെ സജീവമായി നടന്നുവരുന്നുമുണ്ട്.

പ്രവാചകന്മാരുടെയും വേദങ്ങളുടെയും ദൗത്യം കേവലം ചില ആചാരാനുഷ്ഠാനങ്ങൾ പഠിപ്പിക്കലായിരുന്നു എന്നു വിശ്വസിക്കുന്ന പാരമ്പര്യവാദികളായ മുസ്‌ലിംകളെയല്ല ഇത് ലക്ഷ്യം വെക്കുന്നത്. പൂർവ്വീക പണ്ഡിതരെല്ലാം വിവരമില്ലാത്തവരായിരുന്നു എന്നു സ്ഥാപിക്കലും ഇതിന്റെ ഉദ്ദേശമല്ല. കേവലം ചില ആചാനാനുഷ്ഠാനങ്ങൾ ഇന്നത്തെ മുസ്‌ലിംകൾ ചെയ്യുന്നതുപോലെ ചെയ്യൽ നിർബന്ധമില്ലെന്നും പിന്നെ സ്വന്തം ഭാര്യയെയും മക്കളെയും നോക്കി വളർത്തുകയും തിന്നുകയും കുടിക്കുകയും ചെയ്യുക അങ്ങനെ അങ്ങ് മരിച്ചുപോവുക എന്ന ലക്ഷ്യം മാത്രമെ ഖുർആനും പ്രവാചകനും മുന്നോട്ടുവെക്കാനുണ്ടായിരുന്നൊള്ളൂ എന്നു വിശ്വസിക്കുന്നവരും ഇവിടെ പ്രസക്തമല്ല. ഇതിനപ്പുറം പ്രവാചകന്മാർക്കും വേദങ്ങൾക്കും ഒരു സാമൂഹിക സാമ്പത്തിക സാംസ്കാരിക വ്യവസ്ഥിതിയും ആ വ്യവസ്ഥിതിയെ നിരന്തരം പിന്തുടരുന്ന അച്ചടക്കമുള്ളതും മാതൃകാപരമായതും ഐശ്വര്യപൂർണ്ണമായതുമായ ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യമുണ്ടെന്ന് വിശ്വസിക്കുന്നവർക്കു സഹായകമായ ഒരു ഗ്രന്ഥമാണ് ഇത്. ഏതെങ്കിലും മുസ്‌ലിം സംഘടനകളെയോ പണ്ഡിതന്മാരെയോ പേരെടുത്തോ അല്ലാതെയോ കുറ്റപ്പെടുത്തുക എന്നതും ഈ പുസ്തകത്തിന്റെ ലക്ഷ്യമല്ല. ഖുർആൻ ചില അനുഷ്ഠാനങ്ങളും കെട്ടുകഥകളും സ്ത്രീപുരുഷബന്ധവും ആർത്തവവും അതിന്റെ ശുദ്ധിയും എല്ലാം വിശദീകരിക്കുന്ന ഗ്രന്ഥമാണ് എന്ന് വിശ്വസിക്കുന്നവരോടും ഈ പുസ്തകത്തിനു കാര്യമായി ഒന്നും പറയാനില്ല.

### അംഗീകരണങ്ങൾ

ഈ ഗ്രന്ഥരചനക്കു എന്നെ സഹായിച്ച എല്ലാ കൂട്ടുകാർക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ കൂട്ടുകാരുടെയെല്ലാം പേരെടുത്തു പറയുകയാണെങ്കിൽ പട്ടിക വളരെ നീണ്ടുപോകും. എന്നിരുന്നാലും പ്രോത്സാഹനങ്ങൾകൊണ്ടും പ്രയോജനപ്രദമായ ഒരുപാട് ഉപദേശങ്ങൾകൊണ്ടും ഈ പുസ്തകം വളരെ വ്യക്തമാക്കിത്തീർക്കാൻ എന്നെ സഹായിച്ച അദ്നാൻ അഹമ്മദ് ഖാനു പ്രത്യേകം നന്ദി പറയുന്നു.

അതുപോലെ ഈ പുസ്തകത്തിന്റെ പ്രൂഫ് വായനക്കു മാത്രമല്ല വിഷയ അവതരണത്തിനു സഹായകമായ വാദങ്ങൾ അവതരിപ്പിക്കാനും വിവരണ രീതിയുടെ പുരോഗതിക്കും എന്നെ സഹായിച്ച എന്റെ എല്ലാ കൂട്ടുകാർക്കും നന്ദി. തെറ്റു തിരുത്തലുകൾക്കു സഹായിച്ച അസ്ഹർജലീൽ റൂമി, ഖാലിദ് ബട്ട്, തുഫൈൽ ദാർ, മുഹമ്മദ് സർവാർ, ഡോ. മുഹമ്മദ് അനീസ്. അറബി സാഹിത്യത്തിലും നിഘണ്ടുക്കളിലൂടെയും എനിക്കു വിലയേറിയ മാർഗ്ഗ

നിർദ്ദേശം നൽകിയ സഊദ് ചൗധരിക്കും ഈ ഇസ്ലാമിക ആശയം ഗ്രഹിക്കാൻ എന്നെ സഹായിച്ച എല്ലാവർക്കും ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് എന്റെ ഉമ്മ വഴിക്കുള്ള മരിച്ചുപോയ പിതാമഹൻ അസ്ഗർ സമാനും എന്റെ രക്ഷിതാക്കളുമാണ് ബ്രേയ്ലിയിലെ റസ്വിയാ അഹമദ്റസാഖാൻ മദ്റസയിൽ എനിക്കു പ്രാഥമിക വിദ്യാഭ്യാസം ഒരുക്കിത്തന്നത്. അതാണ് എന്നിൽ ചെറുപ്പം മുതൽ ഖുർആൻ പഠനത്തിൽ താൽപര്യം ഉണ്ടാക്കിത്തീർത്തതും വൈജ്ഞാനികമായ ഉണർവും പുരോഗതിയും ഉണ്ടാക്കിത്തീർത്തതും. ഖുർആൻ മനസ്സിലാക്കാനും സത്യവും അസത്യവും വേർതിരിച്ചറിയാനും അങ്ങനെ ഒരു പുതിയ ജീവിതം എനിക്കുണ്ടാക്കിത്തീർക്കാൻ സഹായിച്ച, എന്നോടു ദയയും സ്നേഹവും കാണിച്ച എല്ലാ പണ്ഡിതന്മാർക്കും എനിക്കു 'ഉസൂലുൽ ഹദീസും' ആഴത്തിലുള്ള പല അറിവുകളും പഠിപ്പിച്ചുതന്ന ശൈഖ് അൽഹദീസ് ഫാസിൽ മുഹദ്ദിഥിനും എന്റെ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. ഇദ്ദേഹമാണ് 'മിശ്കാത്തും' എന്നെ പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ ആ പരിശ്രമങ്ങളുടെ ഫലമായി ഇന്ന് എനിക്കു സ്വയം ഹദീസുകളെ വിലയിരുത്തുവാനും നിരൂപണങ്ങൾ നടത്താനും കഴിയുന്നു.

അതുപോലെ മഹാനായ ഖുർആൻ പണ്ഡിതൻ ഡോ. അസ്റാർ അഹമ്മദിനു നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹമാണ് ഖുർആനിക ആശയങ്ങൾ ഉൾക്കൊള്ളാൻ പാകത്തിൽ എന്റെ മാനസികാവസ്ഥ മാറ്റിയെടുത്തത്. എന്നെപ്പോലെയുള്ളവരുടെ മാനസികാവസ്ഥ ഖുർആനിലേക്കു മാറ്റിയെടുക്കുന്നതിൽ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്.

എന്റെ ഗുണകാംക്ഷികളായവരുടെ പട്ടികയിൽ ജാവേദ് അൽഗാമ്ദിയും ഉൾപ്പെടുന്നു. അദ്ദേഹവുമായുള്ള കൂട്ടുകെട്ടാണ് ഇസ്ലാം ദീനിന്റെ മുഴുവൻ ആശയങ്ങളും വിശുദ്ധ ഖുർആനിലാണ് അടങ്ങിയിരിക്കുന്നത് എന്ന അറിവു എനിക്കു നൽകിയത്. അവസാനമായി എന്റെ ഖുർആനിലൂടെയുള്ള യാത്രയിൽ എടുത്തുപറയേണ്ട ഒരു വ്യക്തിത്വമാണ് ഖാസി കിഫായത്തുല്ലാ, പുതിയ പല ഖുർആനിക ആശയങ്ങളും മനസ്സിലാക്കാനുതകുന്ന ഉന്നതമായ ഒരു വീക്ഷണം എനിക്കു തുറന്നുതന്നത് അദ്ദേഹമാണ്.

(തുടരും)

# വേദദർശനം

**ആർ.എസ്**

വേഴാമ്പൽ മഴക്കെന്നപോലെ
വേണമെന്നാഗ്രഹിച്ചു ഞാനെന്നും
വേദസാരമറിഞ്ഞിടാനെന്നും
വേദദർശനം മാസിക

കോഴിക്കോട്ടെ ഗ്രന്ഥശാലയിൽ
കേറിഞ്ഞാൻ വാങ്ങിവായിച്ചു
വേദദർശനങ്ങൾ അൽപ്പം
വേവലാതിയോടെ, വീണ്ടും

തകരുന്ന ദീനിന്റെ ചിത്രം
തകരുന്ന പൗരോഹിത്യം
തകർന്നടിയുന്ന പൊളിവചനം
തകർന്നതറിഞ്ഞപ്പോൾ വേവലാതി.

ഇല്ല ഞാൻ പഠിച്ചത് വേദമല്ല
ഇല്ല ഞാൻ കണ്ടത് സത്യമല്ല
ഇല്ല ഖുർആനിലില്ലാത്തത്
ഇല്ല ഈ ദർശനങ്ങളിലില്ല.

ആരുണ്ട് സത്യം ചൊല്ലിടാൻ?
ആരുണ്ട് സത്യമെഴുതിടാൻ?
ആരുണ്ട് നന്മ കണ്ടിടാൻ?
അവർക്കുണ്ട് വേദദർശനം.

ഇതിനു പകരം മറ്റൊന്നില്ല
ഇതിനെക്കാൾ മികച്ചയൊന്നില്ല
ഇതാണ് ജഗദീശ്വരൻ തന്റെ
ഇസ്ലാമിന്റെ ദർശനം

# ഹദീസിലെ നെല്ലും പതിരും

സെയ്തലവി അൻസാരി

നമ്മുടെ പാരമ്പര്യ വാദികൾ ഹദീസിൽ നെല്ലും പതിരും ഉണ്ടെന്നും അവ വേർതിരിച്ചെടുത്താൽ മതിയെന്നും പറഞ്ഞ് നെല്ലും പതിരും വേർതിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഒരുപാടായി. ഇതുവരെയും ഈ ഹദീസുകളിലെ നെല്ലും പതിരും വേർതിരിക്കപ്പെട്ടിട്ടില്ല. ഒരു പാത്രത്തിൽ കുറച്ചു ഭക്ഷണം നമുക്കു വെച്ചുതന്നു. അതിൽ വിഷമുള്ളതുമുണ്ട് വിഷമില്ലാത്തതുമുണ്ട്. പക്ഷെ അവകൾ ഏതാണെന്നു തിരിച്ചറിയാത്തിടത്തോളം കാലം അവ മുഴുവൻ ഉപേക്ഷിക്കുകയും ആരോഗ്യത്തിനു ഒരു തകരാറും വരില്ല എന്നുറപ്പുള്ളതും ആരോഗ്യത്തിനു വളരെ അത്യാവശ്യവുമായ ഒരു ഭക്ഷണം മറ്റൊരു പാത്രത്തിൽ ഇരിക്കുകയും ചെയ്യുമ്പോൾ അതു ഉപയോഗിക്കുകയും ചെയ്യുകയല്ലേ ബുദ്ധിയുള്ളവർ ചെയ്യുക. ഉസൂലുൽ ഹദീസിലെ പണ്ഡിതന്മാർ തന്നെ അഭിപ്രായപ്പെടുന്നത് പതിരില്ലാത്ത നെല്ല് അഥവാ മുതവാതിർ ആയ ഹദീസ് ഒറ്റൊന്നു പോലും ഇല്ല എന്നതാണ്. വേണമെങ്കിൽ എന്റെ പേരിൽ ആരെങ്കിലും കളവു പറഞ്ഞാൽ നരകത്തിൽ ഒരു ഇരിപ്പിടം അവൻ ഒരുക്കിക്കൊള്ളട്ടെ എന്ന ഹദീസു മാത്രമെ മുതവാതിർ ആയി ഉള്ളൂ എന്നാണ് ഇവർ പറയുന്നത്. നെല്ലു മാത്രം ബുഖാരിയിൽ നിന്നു വേർതിരിച്ച ഒരു ഗ്രന്ഥം ഇതുവരെ ഞാൻ കണ്ടിട്ടില്ല.

ഒരു ഹദീസ് നോക്കൂ:

ഉമർ പറയുന്നു: അല്ലാഹു മുഹമ്മദ് നബിയെ സത്യവുമായി അയച്ചു. അദ്ദേഹത്തിന് ഗ്രന്ഥമിറക്കിക്കൊടുത്തു. ആ ഇറക്കപ്പെട്ടതിൽ ആയത്തുർറജ്മ് (വ്യഭിചാരിക്ക് നൽകപ്പെടുന്ന എറിഞ്ഞു കൊല്ലൽ ശിക്ഷ സംബന്ധിച്ചുള്ള ആയത്ത്) ഉണ്ടായിരുന്നു. (ഇപ്പോൾ ഖുർആനിൽ അങ്ങനെയൊന്നില്ല.) കാലം കുറച്ച് കഴിയുമ്പോൾ ആയത്തുർറജ്മിന്റെ അഭാവത്തിൽ അല്ലാഹു നിശ്ചയിച്ച ഒരു ഫർദ് ആളുകൾ ഒഴിവാക്കുമോ എന്ന് ഉമർ ആശങ്ക പ്രകടിപ്പിച്ചിരുന്നു. ഉമർ ഖുർആനിൽ അൽപം കൂട്ടിച്ചേർത്തുവെന്ന് ജനങ്ങൾ പറയുമായിരുന്നില്ലെങ്കിൽ ഞാനത് എഴുതിച്ചേർക്കുമായിരുന്നു എന്നും ഉമർ പറഞ്ഞിരിക്കുന്നു. (ബുഖാരി)

എന്താണ് ഈ ഹദീസിനെക്കുറിച്ച് അഹ്ലുൽഹദീസുകാർക്കു പറയാനുള്ളത് എന്ന് അറിയാൻ താൽപര്യമുണ്ട്. ഇത് നെല്ലാണോ പതിരാണോ?

അഥവാ ഖുർആനിൽനിന്ന് ഇങ്ങനെ ഒരായത്ത് നഷ്ടപ്പെട്ടു പോയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഖുർആൻ വിശ്വാസയോഗ്യമാണോ?

ഇത്തരം ഹദീസുകളെ അവലംബിച്ചുകൊണ്ട്, ഖുർആന്റെ വിശ്വാസ്യത ചോദ്യം ചെയ്യുന്നവർക്ക് നൽകാൻ യുക്തിസഹമായ എന്ത് മറുപടിയാണ് പാരമ്പര്യവാദികളുടെ പക്കലുള്ളത്? ഖുർആൻ അവതരിപ്പിച്ചത് നാമാണ്, നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും എന്നു പറഞ്ഞ വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾക്കു എതിരാണ് ഇത്തരം ഹദീസുകൾ എന്നാണ് നമുക്കു പറയാനുള്ളത്.

ഹദീസിനു അഥവാ സുന്നത്തിനു ഇസ്‌ലാമിന്റെ ഏക അടിസ്ഥാന പ്രമാണമായ ഖുർആന്റെ മുമ്പിൽ ഒരു സ്ഥാനവും ഇല്ല. ഇസ്‌ലാമിന്റെ

രണ്ടാം പ്രമാണമാണെന്നു പറയപ്പെടുന്ന ഹദീസ് ദൈവീക വഹ്‌യാണെന്നാണ് പറയപ്പെടുന്നത്. എന്നാൽ ഒരാളിൽനിന്നു തന്നെ വരുന്ന സന്ദേശത്തിനു വ്യത്യസ്ത സ്ഥാനങ്ങൾ നിശ്ചയിക്കുക എന്നതുതന്നെ ശരിയല്ല. ഖുർആൻ വിശ്വസിക്കണമെങ്കിൽ ഒരു മാനദണ്ഡവും ഇല്ല. എന്നാൽ ഹദീസ് വിശ്വസിക്കണമെങ്കിൽ സനദ് (നിവേദക പരമ്പര) വേണം. ആശയം നല്ലതാണോ നോക്കണം. ഖുർആനു വിരുദ്ധമാണോ എന്നു നോക്കണം. എന്നാൽ ഇതു രണ്ടും അഥവാ ഖുർആനും ഹദീസും ദൈവീക വഹ്‌യാണെന്നാണ് ഇവർ പറയുന്നത്. മാത്രമല്ല ദൈവത്തിന്റെ ഒരു വഹിയ്നെ അനുസരിച്ചാൽ അതു ദൈവത്തിനുള്ള അനുസരണവും അതേ ദൈവത്തിന്റെ മറ്റൊരു വഹിയിനെ അനുസരിച്ചാൽ അതു പ്രവാചകനുള്ള അനുസരണവും, എങ്ങനെ വന്നു ഈ വൈരുദ്ധ്യം? രണ്ടും ഒരാളിൽ നിന്നും വന്ന വഹ്‌യ്. ഒരാൾക്ക് വന്ന വഹ്‌യ്. ഒരാളുടെ നാവിലൂടെ വന്ന വഹ്‌യ്. ദൈവത്തിനു എന്താണ് ഇങ്ങനെയൊരു ചിറ്റമ്മ നയം. ഹദീസിന്റെ സ്വീകാര്യതയെക്കുറിച്ച് ഒരു പണ്ഡിതന്റെ അഭിപ്രായങ്ങൾ നോക്കുക.

ഡോ. മുസ്തഫ സബാഈ എഴുതുന്നു:

"നിർമ്മിത ഹദീസുകളുടെ അടയാളങ്ങൾ മത്നിൽ (ടെക്സ്റ്റിൽ):-

1. ഹദീസിലെ വാചകങ്ങൾ ആരോഗ്യകരമാവാതിരിക്കുക. താഴ്ന്ന നിലവാരത്തിലുള്ളതോ കെട്ടിക്കുടുക്കുള്ളതോ സാഹിത്യദൃഷ്ടിയിൽ അരോചകമായിട്ടുള്ളതോ ആയ സംസാരങ്ങൾ നബിയിൽ നിന്നുണ്ടാവാൻ തരമില്ല.
2. ആശയം സ്വീകാര്യമല്ലാത്തതായിരിക്കുക. ഇതിനു കാരണം പലതാവാം. ചിലപ്പോൾ വ്യാഖ്യാനം നൽകി ഒപ്പിക്കുവാൻ കഴിയാത്തവിധം പ്രാഥമിക ബുദ്ധിക്ക് എതിരായതുകൊണ്ടായിരിക്കാം.

ചിലപ്പോൾ വിജ്ഞാനങ്ങൾക്കും സ്വഭാവ മൂല്യങ്ങൾക്കും എതിരായതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ തന്നിഷ്ടങ്ങൾക്കും തോന്ന്യാസങ്ങൾക്കും പ്രേരണ നൽകുന്നതുകൊണ്ടായിരിക്കാം. അനുഭവത്തിനു വിരുദ്ധമായിരിക്കുക, വൈദ്യശാസ്ത്രത്തിലും മറ്റും സ്ഥിരീകരിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾക്ക് എതിരാവുക, ചരിത്രസത്യത്തിനു നിരക്കാത്തതാവുക, അല്ലാഹുവിന്റെ പരിശുദ്ധതയ്ക്കും മഹത്വത്തിനും യോജിക്കാത്തതാവുക, അല്ലാഹു ഈ ലോകത്ത് നടപ്പിൽ വരുത്തിയിട്ടുള്ള നടപടിക്രമങ്ങൾക്കു വിരുദ്ധമാവുക, എന്നിങ്ങനെ പലതും ഇതിനു കാരണങ്ങളത്രെ. വേറെ ചിലപ്പോൾ ബുദ്ധിമാന്മാരിൽ നിന്ന് വരാവതല്ലാത്ത വിധം താഴ്ന്ന നിലവാരത്തിലുള്ളതായിരിക്കുക എന്ന

**നമ്മുടെ പാരമ്പര്യ വാദികൾ ഹദീസിൽ നെല്ലും പതിരും ഉണ്ടെന്നും അവ വേർതിരിച്ചെടുത്താൽ മതിയെന്നും പറഞ്ഞ് നെല്ലും പതിരും വേർതിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഒരുപാടായി. ഇതുവരെയും ഈ ഹദീസുകളിലെ നെല്ലും പതിരും വേർതിരിക്കപ്പെട്ടിട്ടില്ല. ഒരു പാത്രത്തിൽ കുറച്ചു ഭക്ഷണം നമുക്കു വെച്ചുതന്നു. അതിൽ വിഷമുള്ളതുമുണ്ട് വിഷമില്ലാത്തതുമുണ്ട്.**

ദോഷമായിരിക്കും ഉണ്ടാവുക. ഇബ്നുൽ ജൌസീ പറയുന്നു: "ഒരു വക്താവ് പറഞ്ഞത് എത്ര നന്നായിരിക്കുന്നു? ബുദ്ധിക്കു എതിരായതോ മൗലിക തത്വങ്ങൾക്കു വിപരീതമായതോ നഖ്‌ലുകൾക്കു (ഖുർആനിലും ഹദീസിലും വന്നതിനു) വ്യത്യസ്തമായതോ ആയ എല്ലാ ഹദീസും നിർമ്മിതമാണെന്നറിഞ്ഞുകൊള്ളുക.

റാസീയുടെ മഹ്സൂൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു: അയഥാർത്ഥമെന്ന് തോന്നിക്കുകയും വ്യാഖ്യാനം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന എല്ലാ വാർത്തയും കളവായിരിക്കും. അല്ലെങ്കിൽ തെറ്റിദ്ധാരണ നീക്കുമാറുള്ളഭാഗം അതിൽനിന്ന് നഷ്ടപ്പെട്ടുപോയിട്ടുണ്ടായിരിക്കും. (ബുദ്ധിക്ക് എതിരാവുക എന്നതുകൊണ്ടുള്ള വിവക്ഷ, ബുദ്ധിക്കു അപരിചിതമാവുക എന്നോ അതിന്നു ആശ്ചര്യകരമായി തോന്നുക എന്നോ അല്ലെന്നും ബുദ്ധി അസംഭവ്യമായി ക്കാണുന്നതു എന്നാണെന്നും മുമ്പ് പ്രസ്താവിച്ചിട്ടുള്ളത് ഓർക്കുക).

3. ഖുർആൻ തുറന്ന ഭാഷയിൽ പ്രസ്താവിച്ച

**ഇത്തരം ഹദീസുകളെ അവലംബിച്ചുകൊണ്ട്, ഖുർആന്റെ വിശ്വാസ്യത ചോദ്യം ചെയ്യുന്നവർക്ക് നൽകാൻ യുക്തിസഹമായ എന്ത് മറുപടിയാണ് പാരമ്പര്യവാദികളുടെ പക്കലുള്ളത്? ഖുർആൻ അവതരിപ്പിച്ചത് നാമാണ്, നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും എന്നു പറഞ്ഞ വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾക്കു എതിരാണ് ഇത്തരം ഹദീസുകൾ എന്നാണ് നമുക്കു പറയാനുള്ളത്.**

തിനോടു വ്യാഖ്യാനത്തിനു പഴുതില്ലാത്തവിധം എതിരായിരിക്കുക. അല്ലെങ്കിൽ മുതവാതിറായി (നിരവധി മാർഗങ്ങളിൽകൂടി) വന്ന സുന്നത്തിന്റെ തുറന്ന പ്രസ്താവനക്കു എതിരാവുക. അല്ലെങ്കിൽ ഖുർആനിൽ നിന്നും ഹദീസിൽനിന്നും വ്യക്തമായി അറിയപ്പെട്ട പൊതുതത്വങ്ങൾക്കോ പണ്ഡിതന്മാരുടെ ഇജ്മാഇന്നോ (ഏകോപിച്ച അഭിപ്രായത്തിനോ) വിരുദ്ധമായിരിക്കുക.

4. നബിയുടെ കാലത്തെ ചരിത്രയാഥാർത്ഥ്യങ്ങൾക്കു എതിരായിരിക്കുക.

5. ഹദീസ്, റാവിയുടെ ആശയത്തോട് യോജിച്ചതായിരിക്കുകയും ആ ആശയത്തിൽ അയാൾ പക്ഷവാദ മനഃസ്ഥിതിയുള്ളവനായിരിക്കുകയും ചെയ്യുക.

6. ഹദീസിലെ വിഷയം ജനക്കൂട്ടത്തിൽ വെച്ച് പരസ്യമായി നടന്നതും ധാരാളമാളുകൾ നിവേദനം ചെയ്യാൻ അവകാശമുള്ളതും ആയിരുന്നിട്ടും അതിന്ന് യാതൊരു പ്രസിദ്ധിയും ലഭിക്കാതെ ഒരാൾ മാത്രം രിവായത്ത് ചെയ്യുക.

7. തുച്ഛമായ കർമ്മങ്ങൾക്കു വളരെ അതിർകവിഞ്ഞ പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്യുന്നതോ അല്ലെങ്കിൽ അവർക്കു അതിഭയങ്കരമായ ശിക്ഷകളെക്കുറിച്ച് താക്കീത് നൽകുന്നതോ ആയിരിക്കുക."

(101-105 പേജുകളിൽ നിന്നു ഭാഗികമായി ഉദ്ധരിച്ചത്, നബിചര്യയും ഇസ്‌ലാമിക ശരീഅത്തിൽ അതിന്റെ സ്ഥാനവും. ഡോ. മുസ്തഫ സബാഈ, വിവർത്തനം: മുഹമ്മദ് അമാനി മൗലവി, പ്രസാധനം: കെ.എൻ.എം പ്രസിദ്ധീകരണ വിഭാഗം)

ഈ വ്യാഖ്യാനത്തിലൂടെ നമുക്കു വ്യക്തമാകുന്നത് സനദ് (നിവേദക പരമ്പര) ശരിയായതുകൊണ്ടു മാത്രം ഹദീസ് സ്വീകാര്യമാവില്ല എന്നുതന്നെ. മാത്രമല്ല മുകളിൽ പറഞ്ഞ ഏതെങ്കിലും ഒരു തകരാറ് ഇല്ലാത്ത ഒരു ഹദീസ് കാണാൻ സാധ്യമല്ല. ഇവർ പറയുന്ന ആറാമത്തെ നിബന്ധനയായ ജനക്കൂട്ടത്തിൽ വെച്ചു നടന്ന ഒരു കാര്യം ഒന്നോ രണ്ടോ ആളുകൾ മാത്രം ഉദ്ധരിക്കുക എന്ന ന്യൂനത അധിക ഹദീസുകളിലും സംഭവിച്ചിട്ടുണ്ട്. കാരണം മശ്ഹൂർ എന്ന ഹദീസിൽവരെ രണ്ടോ പരമാവധി മൂന്നോ റിപ്പോർട്ടകരെയുള്ളൂ. മാത്രമല്ല ഇത്രയൊക്കെ പ്രയാസപ്പെട്ടുകൊണ്ടു ഒരു ദൈവീക സന്ദേശം മനസ്സിലാക്കാൻ പണ്ഡിതന്മാർക്കുവരെ സാധിക്കുമോ?

മുകളിൽ കൊടുത്ത ഈ വിവരണങ്ങളിൽ നിന്നും നമുക്കു മനസ്സിലാകുന്നത് ദൈവീക വഹ്‌യാണെന്നു അവകാശപ്പെടുന്ന ഹദീസുകൾക്ക് ഒരു സംരക്ഷണവും ദൈവം നൽകിയിട്ടില്ല എന്നല്ലേ. മാത്രമല്ല അവയിലെ ശരി ഏത്, തെറ്റ് ഏത് എന്നു കണ്ടുപിടിച്ചു അംഗീകരിക്കാൻ ഒരു പണ്ഡിതനുപോലും പ്രയാസകരമായിരിക്കെ സാധാരണ മുസ്‌ലിംകളുടെ അവസ്ഥ പറയേണ്ടതില്ലല്ലോ? ഇങ്ങനെ സത്യവും അസത്യവും വേർതിരിക്കാൻ കഴിയാത്ത തെറ്റുകൾ കലരാൻ പറ്റുന്നതുമായ ഒരു വഹ്‌യാണോ ദൈവം കൊടുത്തയച്ചത്. അവന്റെ ഒരു വഹ്‌യിനു (ഖുർആനിനു) ഈ തകരാറുകളൊന്നും ഇല്ലതാനും.

മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി രചിച്ച 'സീറതേ ആയിശ' പഠനാർഹമായ ഒരു ഗ്രന്ഥമാണ്. അതിൽ 'ഖുർആനെതിരായ രിവായത്ത് രേഖയല്ല' എന്നൊരു അദ്ധ്യായമുണ്ട്. പ്രഗൽഭ സഹാബികളുടെ ചില റിപ്പോർട്ടുകൾ ആയിശയുടെ ശ്രദ്ധയിൽപെട്ടതും, ഖുർആൻ വിരുദ്ധമാണെന്ന കാരണം ചൂണ്ടിക്കാണിച്ച് അവയത്രയും അവർ തള്ളിക്കളഞ്ഞതും ആ അദ്ധ്യായത്തിൽ കാണാം. ചില ഉദാഹരണങ്ങൾ:-

1. ഇബ്നു ഉമറും ഇബ്നു അബ്ബാസും റിപ്പോർട്ട് ചെയ്തതാണ്. മരണപ്പെട്ടയാളുടെ

ബന്ധുക്കൾ കരഞ്ഞാൽ അക്കാരണത്താൽ മരിച്ച യാൾ ശിക്ഷിക്കപ്പെടുമെന്ന് നബി പറഞ്ഞിരിക്കുന്നു എന്ന്. ഈ ഹദീസ് ശ്രദ്ധയിൽ പെട്ടപ്പോൾ ആയിശ അത് നിഷേധിച്ചു. 'ഒരുത്തനും മറ്റൊരുത്തന്റെ (പാപ) ഭാരം വഹിക്കേണ്ടിവരില്ല' എന്ന ഖുർആൻ വാക്യമുദ്ധരിച്ചാണ് ഇതവർ ഖണ്ഡിച്ചത്.

2. ഇബ്നു ഉമറും അനസ് ബിൻ മാലികും റിപ്പോർട്ട് ചെയ്തതാണ് മറ്റൊന്ന്. ബദ്റിൽ കൊല്ലപ്പെട്ട അവിശ്വാസികളുടെ കുഴിമാടത്തിനടുത്ത് നബി ചെന്നു. 'അല്ലാഹു വാഗ്ദാനം ചെയ്തത് സത്യമാണെന്ന് നിങ്ങൾ കണ്ടറിഞ്ഞുവോ?' എന്ന് ചോദിച്ചു. ഈ ചോദ്യം അവർ കേൾക്കുമോ എന്ന് സഹാബികളിലൊരാൾ ചോദിച്ചപ്പോൾ നിങ്ങൾ കേൾക്കുന്നതിനേക്കാൾ നന്നായി കേൾക്കുമെന്ന് നബി മറുപടി നൽകി.

ഈ റിപ്പോർട്ട് ആയിശ ഖണ്ഡിച്ചിട്ടുണ്ട്. 'മരിച്ചവരെ നീ കേൾപ്പിക്കുകയില്ല', 'ഖബ്റിലുള്ളവരെ നീ കേൾപ്പിക്കുകയില്ല' എന്നീ ആയത്തുകളാണ് അവർ തെളിവായി ചൂണ്ടിക്കാണിച്ചത്.

3. കുതിര, വീട്, സ്ത്രീ എന്നിവയിൽ ദുശ്ശകുനമുണ്ടെന്ന അബൂഹുറൈറയുടെ ഹദീസ്. 'ഭൂമിയിലോ നിങ്ങളുടെ ശരീരത്തിലോ വല്ല വിപത്തും സംഭവിക്കുന്നുണ്ടെങ്കിൽ, അവ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതാണ് എന്ന സൂക്തമുദ്ധരിച്ചാണിത് ഖണ്ഡിച്ചത്.

4. നബി രണ്ടുതവണ അല്ലാഹുവിനെ കണ്ടിട്ടുണ്ടെന്ന ഇബ്നു അബ്ബാസിന്റെ റിപ്പോർട്ട്: 'ദൃഷ്ടികൾ അവനെ പ്രാപിക്കുകയില്ല; ദൃഷ്ടികളെ അവൻ പ്രാപിക്കുന്നു' എന്ന ആയത്തുദ്ധരിച്ച് ഖണ്ഡിച്ചു.

5. മുത്അഃ വിവാഹം അനുവദിനീയമാണെന്ന ഇബ്നു അബ്ബാസിന്റെ വാദത്തെ അവർ ഖണ്ഡിച്ചിട്ടുണ്ട്. 'പത്നിമാരിലും അധീനത്തിലുള്ള അടിമസ്ത്രീകളിലുമൊഴിച്ച് ഗുഹ്യസ്ഥാനത്തെ സൂക്ഷിക്കുന്നവർ എന്ന ആയത്താണ് തെളിവായുദ്ധരിച്ചത്.

6. ജാരസന്തതിയെ ദുഷിക്കുന്ന അബൂഹുറയ്റയുടെ റിപ്പോർട്ടും അവർ തള്ളിയിട്ടുണ്ട്. മൂവരിൽ (മാതാവ്, പിതാവ്, ജാരസന്തതി) ഏറ്റവും ദുഷിച്ചത് ജാരസന്തതിയാണെന്ന് നബി പറഞ്ഞുവെന്നാണ് ഇബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്തത്. 'ഒരാളും മറ്റൊരാളുടെ (പാപ)ഭാരം വഹിക്കുകയില്ലെന്ന ആയത്തുകൊണ്ടാണ് ആയിശ ഇതിനെ ഖണ്ഡിച്ചത്.

(മലയാള വിവർത്തനം മൂന്നാം പതിപ്പ് 284-292 പേജിൽ നിന്ന്)

ഇതിൽ നിന്ന് പാഠമുൾക്കൊള്ളാൻ എല്ലാവർക്കും കഴിയണം. സനദ് ശരിയായതു കൊണ്ട് മാത്രം ഹദീസ് സ്വീകാര്യമാവുകയില്ലെന്നാണിവ കാണിക്കുന്നത്. സാധാരണ ഒരു ഗ്രന്ഥരചനക്കു കാണിക്കേണ്ട സൂക്ഷ്മതപോലും ഇമാം ബുഖാരി കാണിച്ചിട്ടില്ല. ഇമാം ബുഖാരി ആരുടെയും അംഗീകാരം വാങ്ങിയിട്ടല്ല ഹദീസുകൾ ക്രോഡീകരിച്ചത്. അദ്ദേഹം ക്രോഡീകരിച്ചതിനെ പിന്നീട് മറ്റുള്ളവർ അംഗീകരിക്കുകയായിരുന്നു ചെയ്തത്– അതാണ് വസ്തുത. ഇത് തലതിരിച്ച് 'അംഗീകാരത്തോടെ രേഖപ്പെടുത്തി' എന്നാണ് ചിലർ പറയുന്നത്. എങ്കിൽ ഇവർ പറയട്ടെ ഓരോ ഹദീസും ഇന്നയിന്ന ആളുകളുടെ അംഗീകാരത്തോടെ രേഖപ്പെടുത്തിയതാണെന്ന് ബുഖാരി വ്യക്തമാക്കിയത് എവിടെയാണ്?

**ഈ വ്യാഖ്യാനത്തിലൂടെ നമുക്കു വ്യക്തമാകുന്നത് സനദ് (നിവേദക പരമ്പര) ശരിയായതുകൊണ്ടു മാത്രം ഹദീസ് സ്വീകാര്യമാവില്ല എന്നുതന്നെ. മാത്രമല്ല മുകളിൽ പറഞ്ഞ ഏതെങ്കിലും ഒരു തകരാറ് ഇല്ലാത്ത ഒരു ഹദീസും കാണാൻ സാധ്യമല്ല.**

ഉസൂലുൽ ഹദീസിന്റെ നിബന്ധനകൾക്കു അനുസൃതമായി ഒത്തു വന്നിട്ടും സൂക്ഷ്മതക്ക് വേണ്ടി ആയിരക്കണക്കിൽ ഹദീസുകളെ മാറ്റിവെച്ച് കൊണ്ടാണ് ഇമാം ബുഖാരിയും ഇമാം മുസ്ലിമും തങ്ങളുടെ ഹദീസ് ഗ്രന്ഥം ലോകത്തിനു സമർപ്പിച്ചത്. എന്നാണ് പിന്നെ ചിലർ അവകാശപ്പെടുന്നത്. വാദത്തിനു വേണ്ടി ഈ വാദം ശരിയാണെന്നുവെക്കുക, എന്നാലും അവർക്ക് തെറ്റ് സംഭവിച്ചുകൂടെ എന്നു ചോദിച്ചാൽ ഇവർ പറയുക, ഇവർക്കു ഒരിക്കലും തെറ്റു സംഭവിക്കില്ല എന്ന ഉത്തരമായിരിക്കും.

ഈ ഉത്തരം തനി ജാഹിലിയ്യത്താണ്.

നബി എഴുതിവെച്ചിട്ടില്ല; വായിച്ചു കേട്ട് തെറ്റുതിരുത്തിയിട്ടില്ല; സ്വഹാബികളിൽ ചിലർ ചില നബിവചനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അതൊരു അപൂർവ സംഭവമാണ്. ഹദീസ് എഴുതുന്നത് നബി വിലക്കിയതുമാണ്. ഖുർആനും ഹദീസും കൂടിക്കലരുന്നത് ഭയപ്പെട്ടിട്ടാവണം അത് ചെയ്തത്.

അല്ലാഹുവിന്റെ റസൂലിന്നു ശേഷം പിന്നെയൊരു മ'അ്സൂം ഇല്ല. ബുഖാരിയും മുസ്‌ലിമും മ'അ്സൂമുകൾ അല്ലെങ്കിൽ അവർക്ക് തെറ്റ് സംഭവിക്കുകയില്ലെന്ന് പറയുന്നതെങ്ങനെ?

ഈ ഉത്തരം നാം പറഞ്ഞാൽ പിന്നീട് പാരമ്പര്യവാദികൾ ഇങ്ങനെയായിരിക്കും ചോദിക്കുക: ബുഖാരിയും മുസ്ലിം മഅസൂമുകളല്ല എന്ന കാരണത്താൽ ഹദീസുകൾ തള്ളുകയാണെങ്കിൽ ഖുർആനിനു നേരെയും ഈ സംശയം നമുക്ക് ഉന്നയിക്കേണ്ടതായി വരും. എങ്ങനെ? ഖുർആൻ ഇന്ന് നമ്മുടെ കൈകളിൽ എത്തിയിരിക്കുന്നത് സ്വഹാബിമാരുടെ മനസ്സിൽ നിന്നെടുത്തു എഴുതിയതിലൂടെയാണല്ലോ. സ്വഹാബിമാർ മനുഷ്യരല്ലേ? അവർക്ക് തെറ്റ് സംഭവിക്കില്ലേ? എന്നൊക്കെ നമുക്ക് ചോദിച്ചുകൂടെ? ചോദിക്കാം. എന്നാൽ ആരെങ്കിലും അങ്ങനെ ചോദിച്ചാലോ? നാമെന്തു മറുപടി പറയും? അവർക്ക് തെറ്റ് പറ്റിയിട്ടില്ല എന്നു പറയാൻ കഴിയുമോ?

ഇതിനു നമുക്കു പറയാനുള്ള മറുപടി ഇതൊക്കെ വികലമായ വാദങ്ങളാണെന്നുള്ളതാണ്. കാരണം. സ്വഹാബികളെ വിശ്വാസത്തിലെടുത്തിട്ടൊന്നുമല്ല ഖുർആൻ വിശ്വസിക്കേണ്ടത്. അങ്ങനെ സ്വഹാബികളെ വിശ്വാസത്തിലെടുത്തു വിശ്വസിക്കേണ്ടതാണ് ഖുർആനെന്ന വാദം ഖുർആൻ അംഗീകരിക്കാത്തതാണ്. ഖുർആൻ സ്വയം തന്നെ നിലനിൽക്കുന്നതാണ്. അതു സ്വയം തന്നെ സത്യമാണെന്നു ബോധ്യമുണ്ടെങ്കിൽ വിശ്വസിച്ചാൽ മതി. അല്ലാതെ സ്വഹാബികളെ വിശ്വാസത്തിലെടുത്തുകൊണ്ടല്ല ഖുർആൻ വിശ്വസിക്കേണ്ടത്.

ഖുർആൻ കുറ്റമറ്റതാണെന്ന് പറയുന്ന അതേ തെളിവുകളാണ് ഹദീസ് കുറ്റമറ്റതാണെന്നതിന് പാരമ്പര്യവാദികൾ നിരത്തുന്ന വാദമെങ്കിൽ ആ വാദം അജ്ഞതയോ ഗുരുതരമായ കുറ്റമോ ആണ് എന്നാണ് നമുക്ക് പറയാനുള്ളത്. കാരണം പാരമ്പര്യവാദികൾ തന്നെ ഖുർആനിനെക്കുറിച്ച് പറയുന്നത് ഇതൊക്കെയാണ്:-

1. ഖുർആൻ നബി പറഞ്ഞുകൊടുക്കുന്നു.
2. നബിക്ക് ഖുർആൻ രേഖപ്പെടുത്താൻ ആളുകളുണ്ടായിരുന്നു. അത് അവർ കേട്ടെഴുതുന്നു.
3. എന്നിട്ട് അവരെക്കൊണ്ട് നബി വായിപ്പിക്കുന്നു. തെറ്റുണ്ടെങ്കിൽ തിരുത്തുന്നു.
4. ആ രേഖകൾ സ്വഹാബികൾ സൂക്ഷിക്കുന്നു.
5. പിന്നീട് അബൂബക്കർ സിദ്ദീഖിന്റെ കാലത്തു തന്നെ അവ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്.
6. നബിയുടെ കാലത്ത് എഴുതിവെച്ച രേഖകളെയും സ്വഹാബികളുടെ മനഃപാഠത്തെയും ഇതിന് അവലംബിച്ചിട്ടുണ്ട്.

എന്നാൽ പാരമ്പര്യവാദികളുടെ അഭിപ്രായത്തിൽ തന്നെ ഇത്തരം സൂക്ഷ്മതകളൊന്നും ഹദീസിന്റെ കാര്യത്തിൽ സംഭവിച്ചിട്ടില്ല.

നബി എഴുതിവെച്ചിട്ടില്ല; വായിച്ചു കേട്ട് തെറ്റുതിരുത്തിയിട്ടില്ല; സ്വഹാബികളിൽ ചിലർ ചില നബിവചനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അതൊരു അപൂർവ സംഭവമാണ്. ഹദീസ് എഴുതുന്നത് നബി വിലക്കിയതുമാണ്. ഖുർആനും ഹദീസും കൂടിക്കലരുന്നത് ഭയപ്പെട്ടിട്ടാവണം അത് ചെയ്തത്. ഹദീസുകൾ ക്രോഡീകരിച്ചത് അബൂബക്കറിന്റെ കാലത്തോ അതിനടുത്ത കാലത്തോ ഒന്നുമല്ല. അതിനെല്ലാം ശേഷമാണ്. ഏറ്റവും സഹീഹ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന രണ്ട് ഹദീസ് ഗ്രന്ഥവും എഴുതപ്പെട്ടത് ഹിജ്റ മൂന്നാം നൂറ്റാണ്ടിലാണ്. അതിനു മുമ്പും ഹദീസുകൾ എഴുതപ്പെട്ടിട്ടുണ്ട്. ഖുർആൻ എഴുതുന്ന സമയത്ത് നബിയിൽ നിന്ന് കേൾക്കുകയും ഹൃദിസ്ഥമാക്കുകയും എഴുതി സൂക്ഷിക്കുകയും ചെയ്തവർ നേരിട്ടാണ് ക്രോഡീകരിക്കുന്നവർക്ക് സൂക്തങ്ങൾ പറഞ്ഞുകൊടുത്തിരുന്നത്. ബുഖാരിയും മുസ്‌ലിമും ഹദീസ് ക്രോഡീകരിച്ചത് മൂന്നാം നൂറ്റാ

ണ്ടിലാണെന്ന് പറഞ്ഞല്ലോ. അപ്പോൾ ബുഖാരിക്ക് ഹദീസ് ലഭിക്കുന്നത് നബിയെ കണ്ടവരിൽ നിന്നല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിവരമാണ് ലഭിക്കുന്നത്. ഇക്കാലത്തിനകം നിരവധി കള്ളഹദീസുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടായിരുന്നു. മുസ്‌ലിംകൾക്കിടയിൽ പിളർപ്പുണ്ടായപ്പോൾ ഓരോ കക്ഷിയും അവരർക്കു വേണ്ടി കള്ള ഹദീസുകളുണ്ടാക്കി. യഹൂദ, ക്രൈസ്തവ മതങ്ങളിൽ നിന്ന് വന്നവർ അവരുടെ പാരമ്പര്യങ്ങൾ പറഞ്ഞുപരത്തിയത്, ഇസ്‌ലാമിന്റെ ശത്രുക്കളുടെ വകയായി കടത്തിക്കൂട്ടപ്പെട്ടത്, അവനവന്റെ ധാരണകൾ നബിയുടെ പേരിൽ കെട്ടിപ്പറഞ്ഞത്, ആളുകൾ ഉപദേശിക്കാൻ വേണ്ടി ഉണ്ടാക്കിയ കഥകൾ നബിയുടെ പേരിൽ അവതരിപ്പിച്ചത്, നബിയുടെ വാക്കാണെന്ന് പറയാതെ ആരെങ്കിലും നൽകിയിട്ടുള്ള ഉപദേശങ്ങൾ നബിയുടെ വാക്കായിരിക്കും എന്ന് കരുതി ഹദീസാക്കി പിന്നീട് കണക്കാക്കപ്പെട്ടത്- ഇങ്ങനെ പലതും ചേർന്നതാണ് ഹദീസ് സമാഹാരം. ഇവ ശേഖരിക്കുകയാണ് ബുഖാരിയും ചെയ്തത്. അതിനുശേഷം കടുത്ത പരിശോധനക്ക് അദ്ദേഹം ഹദീസുകളെ വിധേയമാക്കിയിട്ടുണ്ട്. അങ്ങനെയാണ് തനിക്ക് കിട്ടിയതിന്റെ മഹാഭൂരിപക്ഷവും തള്ളിക്കളഞ്ഞ് അൽപ്പം മാത്രം അദ്ദേഹം സ്വീകരിച്ചത്. അദ്ദേഹം തള്ളിയവയിൽ സഹീഹ് ഉണ്ടായിരുന്നു. അതുപോലെ അദ്ദേഹം സ്വീകരിച്ചവയിൽ ദുർബലമായ ചില ഹദീസുകൾ കടന്നുകൂടിയിട്ടുണ്ട്. വളരെക്കുറഞ്ഞ അളവിലേ അത് സംഭവിച്ചിട്ടുള്ളൂ. അവയാണ് ബുഖാരിയിലെ വിമർശനവിധേയമായ ഹദീസുകൾ. ഖുർആൻ കഴിഞ്ഞാൽ ഏറ്റവും സഹീഹായ കിതാബെന്നു ബുഖാരിയെ വിശേഷിപ്പിക്കുന്നതിന്റെ കാരണം ഇതാണ്. (ഇതു മുഴുവൻ പാരമ്പര്യവാദികളുടെ അഭിപ്രായമാണ്.)

പാരമ്പര്യവാദികളുടെ ഈ അഭിപ്രായങ്ങളിൽ നിന്നു തന്നെ ഹദീസിന്റെ വിശ്വാസ്യത എത്രയുണ്ടെന്നു നമുക്കു മനസ്സിലായല്ലോ. ഇതും ദൈവീക വഹ്‌യാണെന്നാണ് ഇവർ അവകാശപ്പെടുന്നത്. അതു കുറ്റമറ്റതാക്കാൻ ദൈവം ഒന്നും ചെയ്തില്ലേ?

ഇവിടെ ഉലൂമുൽ ഖുർആൻ ഉലൂമുൽ ഹദീസ് എന്നീ രണ്ട് വിജ്ഞാനശാഖ പാരമ്പര്യവാദികൾ എഴുതിവെച്ചിട്ടുണ്ട്.

ഖുർആനിലെ ഏതെല്ലാം ആയത്ത് സ്വീകരിക്കാം ഏതെല്ലാം തള്ളിക്കളയണം എന്ന ചർച്ച ഉലൂമുൽ ഖുർആനിൽ ഇല്ല. എന്നാൽ ഉലൂമുൽ ഹദീസിൽ ഏതൊക്കെ ഹദീസുകൾ സ്വീകരിക്കണം, തള്ളിക്കളയണം എന്നുണ്ട്. ഖുർആനിൽ സ്വീകാര്യമായ ആയത്ത്, അല്ലാത്ത ആയത്ത് എന്ന വിഭജനമില്ല; എല്ലാം സ്വീകാര്യം മാത്രം. എന്നാൽ ഉലൂമുൽ ഹദീസിന് ആ ജോലി കൂടി ചെയ്യാനുണ്ട്. സ്വീകാര്യമായ ഹദീസും അല്ലാത്ത ഹദീസും വേർതിരിക്കുന്ന ജോലി. എന്തുകൊണ്ട് ഇതുണ്ടായി എന്ന് ആലോചിക്കുക. ഈ പരിശോധനക്ക് ബുഖാരിയും മുസ്‌ലിമും അതീതമാണെന്ന വാദം അസ്വീകാര്യമാണ്. ബുഖാരിയിലെ പല ഹദീസുകളും അതിന്ന് തെളിവാണ്. നബിയുടേതാണെന്ന് ഉറപ്പുള്ള ഹദീസുകളാണ് പിൻപറ്റേണ്ടത്. അപ്പോൾ വഴിപിഴക്കുകയില്ല. വല്ല ഹദീസുകൾക്കും ഈ ഗ്യാരണ്ടിയുണ്ടോ എന്ന് ആർക്കും ഉറപ്പില്ല. നബിയുടേതാണെന്നു ഉറപ്പുള്ള ഒരൊറ്റ ഹദീസുപോലും ഇല്ല എന്നതാണ് സത്യം. മാത്രമല്ല ഖുർആനും ഹദീസും ദൈവീക വഹ്‌യാണെങ്കിൽ എന്തുകൊണ്ട് ഈ വ്യത്യാസം ഇവ രണ്ടും തമ്മിൽ ഉണ്ടായി. പരമസത്യമാണെന്നു ഉറപ്പുള്ള നബിയുടെ നാവിലൂടെ വന്ന ഏക അൽ-ഹദീസ് ഖുർആൻ മാത്രമെയുള്ളൂ നമുക്കു അതെടുക്കാം. അതു വിശ്വസിക്കാം, അതിനെ പിന്തുടരാം.

(തുടരും....)

**ഖുർആനിലെ ഏതെല്ലാം ആയത്ത് സ്വീകരിക്കാം ഏതെല്ലാം തള്ളിക്കളയണം എന്ന ചർച്ച ഉലൂമുൽ ഖുർആനിൽ ഇല്ല. എന്നാൽ ഉലൂമുൽ ഹദീസിൽ ഏതൊക്കെ ഹദീസുകൾ സ്വീകരിക്കണം, തള്ളിക്കളയണം എന്നുണ്ട്. ഖുർആനിൽ സ്വീകാര്യമായ ആയത്ത്, അല്ലാത്ത ആയത്ത് എന്ന വിഭജനമില്ല; എല്ലാം സ്വീകാര്യം മാത്രം. എന്നാൽ ഉലൂമുൽ ഹദീസിന് ആ ജോലി കൂടി ചെയ്യാനുണ്ട്. സ്വീകാര്യമായ ഹദീസും അല്ലാത്ത ഹദീസും വേർതിരിക്കുന്ന ജോലി.**

ദർശനവാതായനം

# വ്രതം: ഉത്തരമില്ലാത്ത സമസ്യകൾ

**വി**ശുദ്ധ ഖുർആനിൽ പറഞ്ഞ സ്വിയാമ് പകൽ മുഴുവൻ ഉണ്ണാതിരുന്ന് ദൈവത്തെ പ്രീതിപ്പെടുത്തലാണെന്നു കരുതുകയും അപ്രകാരം പട്ടിണിക്കിടക്കുകയും ചെയ്യുന്നവർ നിരവധി സംശയങ്ങൾക്കു മറുപടി നൽകേണ്ടതുണ്ട്. ഈ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ഖുർആൻകൊണ്ട് നൽകാൻ അവർക്ക് സാധ്യമാകുന്നില്ലെങ്കിൽ യഥാർത്ഥത്തിൽ ഖുർആനിൽ പറഞ്ഞ സ്വിയാമ് എന്തെന്ന് തിരിച്ചറിയാനും അതുൾക്കൊള്ളുവാനും അവർ മുന്നോട്ടുവരേണ്ടതുമുണ്ട്.

വമൻസാമ റമളാനൻ ഈമാനൻ വഹ്തിസാബൻ ഉഅ്ഫിറലഹു മാതഖദ്ധമ മിൻദമ്പി (ആരെങ്കിലും റമളാനിലെ വ്രതം വിശ്വാസപൂർവ്വം അനുഷ്ഠിച്ചാൽ അവന്റെ സർവ്വ പാപങ്ങളും പൊറുക്കപ്പെടും) തുടങ്ങി റയ്യാൻ എന്ന സ്വർഗ കവാടം അവർക്കു തുറക്കപ്പെടും എന്നുവരെയുള്ള ഹദീസ് വചനങ്ങൾക്കപ്പുറം വിശുദ്ധ ഖുർആനിൽ പറഞ്ഞ സ്വിയാമ് എന്തെന്ന് യഥാവിധി ഉൾക്കൊള്ളാൻ ശ്രമിക്കുന്നവർക്കു ചിന്തിക്കാനേറെയുണ്ട്.

ഖുർആൻ ചിന്തിക്കാതെ, പഠിക്കാതെ നിലവിലെ ഖുർആൻ വിരുദ്ധ ആചാരാനുഷ്ഠാനങ്ങൾ അതെപോലെ പിന്തുടരുന്നവരോട് സംവാദങ്ങൾക്കു പ്രസക്തിയില്ല. ഹദീസുകളിൽനിന്ന് ചിലതൊക്കെ ആയിക്കൂടെ എന്ന് ചിന്തിക്കുന്ന ഖുർആൻ സുന്നികളോടും ചോദ്യങ്ങൾക്ക് പ്രസക്തിയില്ല. ഖുർആനെ മാത്രം മതത്തിൽ പ്രമാണമാക്കുന്ന യഥാർത്ഥ വിശ്വാസികൾ യാഥാർത്ഥ്യം തിരിച്ചറിഞ്ഞവരാണ്. സംശയലേശമന്യേ ഖുർആൻ ഉൾക്കൊണ്ടവരാണ്. ഇതിലേക്കു മറ്റുള്ളവർക്കു വഴികാട്ടാൻ ഈ ചോദ്യങ്ങൾ സഹായിച്ചേക്കാം.

### നോമ്പിനെക്കുറിച്ചുള്ള സംശയങ്ങൾ

1. അസ്സ്വിയാമും സ്വിയാമും ഒന്നു തന്നെയാണോ?
2. അസ്സ്വിയാം എന്നു പറഞ്ഞാൽ പട്ടിണികിടക്കുക എന്നാണോ അർത്ഥം?
3. രൂപത്തിലും എണ്ണത്തിലും പൂർവ്വ സമൂഹത്തിനു നിയമമാക്കിയതുപോലെ തന്നെയാണോ നമുക്കും നോമ്പ് നിയമമാക്കിയിട്ടുള്ളത്?
4. സ്വിയാമ് മുത്തഖിയെ ഉണ്ടാക്കിത്തീർക്കാനാണെങ്കിൽ ഇന്നത്തെ പട്ടിണികൊണ്ട് 2:177 ൽ പറഞ്ഞ ഗുണങ്ങളുള്ള മുത്തഖിയെ ഉണ്ടാക്കിത്തീർക്കാൻ 1400 വർഷമായിട്ടും നമുക്കു കഴിഞ്ഞിട്ടുണ്ടോ?
5. അയ്യാമൻ മഅദൂതാദിൻ എന്നു പറഞ്ഞാൽ എത്ര ദിവസമാണ്? മൂന്നോ പത്തോ മുപ്പതോ നാൽപതോ?
6. ഈ ദിവസങ്ങൾ ആകെ എത്രയാണെന്നു വ്യക്തമാവാതെ രോഗിയും യാത്രക്കാരനും അവർ രോഗത്തിലും യാത്രയിലുമാവുമ്പോൾ എത്ര ദിവസമാണ് പിന്നീട് നോമ്പ് നോൽക്കേണ്ടത്? ആകെ അറിയാതെ ബാക്കി എങ്ങനെ അറിയും?
7. 2:184 മുഴുവൻ ദുർബലപ്പെട്ടു (മൻസൂഖ്) ത്തപ്പെട്ടിട്ടുണ്ടോ? അതല്ല ആ ആയത്തിലെ അയ്യാമൻ മഅദൂദാതിൻ എന്ന ഭാഗം മാത്രമെ ദുർബലപ്പെടുത്തിയിട്ടൊള്ളൂ?
8. രോഗിയും യാത്രക്കാരനും മറ്റു ദിവസങ്ങളിൽ നോറ്റുവീട്ടാൻ അല്ലാഹു ഇളവു പ്രഖ്യാപിച്ചിരിക്കെ അതിനേക്കാൾ പ്രയാസകരമായ അവസ്ഥയുള്ളവർക്ക് എന്തു ഇളവാണ് അല്ലാഹു പ്രഖ്യാപിച്ചിട്ടുള്ളത്?
9. “യുത്വീഖൂനഹൂ” എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?
10. അവിടെ “ലാ യുത്വീഖൂനഹൂ” (സാധിക്കാത്തവർ) എന്നാണ് അർത്ഥമെങ്കിൽ അവിടുത്തെ ലാ എന്ന അക്ഷരം എവിടെ പോയി?
11. സാധിക്കാത്തവർ ആണ് ‘ഫിദ്‌യ’ (പകരക്രിയ) കൊടുക്കേണ്ടതെങ്കിൽ എന്തിനാണ് അവർ ആ ഫിദ്‌യ കൊടുക്കുന്നത്?
12. അതല്ല ‘ഫിദ്‌യ’ എന്ന പദത്തിനു വേറെ വല്ല അർത്ഥവുമുണ്ടോ?
13. ‘‘തത്വവ്വഅ ഖൈറൻ’’ എന്നാൽ എന്താണ് അർത്ഥം? അധികം നൽകിയാൽ എന്നു തന്നെയാണോ? ഇതാഅത്തിനു അധികം നൽകിയാൽ എന്ന അർത്ഥമുണ്ടോ?

14. റമദാൻ മാസത്തിലാണോ "അൽ–ഖുർആൻ" അവതരിപ്പിക്കപ്പെട്ടത്? അതല്ല ലൈലത്തുൽ ഖദ്ർ എന്ന ഒറ്റ രാത്രിയിലോ? അതോ ഇരുപത്തിമൂന്നു കൊല്ലം കൊണ്ടാണോ?
15. ശഹിദ എന്നാൽ എന്താണ് അർത്ഥം? ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നാണോ?
16. അതല്ല മാസം കണ്ടാൽ എന്നാണോ?
17. ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നാണെങ്കിൽ മരിച്ചവർക്കു വല്ല കൽപനയും ഖുർആനിലുണ്ടോ?
18. മാസം കണ്ടാൽ എന്നാണെങ്കിൽ മാസം കണ്ടിട്ടില്ലെങ്കിൽ നോമ്പു വേണ്ടേ? അതോ കണ്ടവനെ കണ്ടാൽ മതിയോ?
19. "ഫൽയസുംഹു" എന്നാൽ അതിനെ സ്വിയാമു ചെയ്യട്ടെ എന്നാണോ അതിൽ സ്വിയാമു ചെയ്യട്ടെ എന്നാണോ അതല്ല അതിൽ നിന്നു സ്വിയാമു ചെയ്യട്ടെ എന്നാണോ അർത്ഥം?
20. ബിക്കും, ലക്കും എന്നീ പ്രയോഗങ്ങളിൽ വല്ല അർത്ഥവ്യത്യാസവും ഉണ്ടോ?
21. നിങ്ങളുടെ അഥവാ നിങ്ങളെയും കൊണ്ട്, എന്നാണ് ബിക്കും എന്നതുകൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്?
22. ദൈവം നിങ്ങൾക്കു എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത് എന്നാണ് അർത്ഥമെങ്കിൽ രോഗിയേക്കാളും യാത്രക്കാരേക്കാളുമെല്ലാം പ്രയാസം നേരിടുന്ന മറ്റു അവസ്ഥകളിലുള്ളവരെ ദൈവം കണ്ടില്ല എന്നാണോ? അതല്ല അവർക്കു എളുപ്പം വേണ്ട എന്നുണ്ടോ?
23. ''ലിതുകബ്ബിറുല്ലാഹ'' എന്നു പറഞ്ഞാൽ അല്ലാഹു അക്ബർ എന്നു ഉരുവിടലാണോ? അതല്ല ദൈവത്തിന്റെ പരമാധികാരം അവന്റെ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെ സ്ഥാപിക്കലാണോ?
24. നോമ്പെടുക്കുന്ന വ്യക്തി എന്തിനാണ് അല്ലാഹുവിനെക്കുറിച്ച് എവിടെയാണെന്നു ചോദിക്കുന്നത്? ആ വ്യക്തി അല്ലാഹു എവിടെ എന്നറിയാതെയാണോ പട്ടിണികിടക്കാൻ തുടങ്ങിയത്?
25. അർറഫഥു എന്നു പറഞ്ഞാൽ ലൈംഗിക വേഴ്ച എന്നു തന്നെയാണോ അർത്ഥം? അതല്ല ചീത്ത സംസാരവും പെരുമാറ്റവും എന്നാണോ?
26. നിങ്ങൾക്കു സ്വിയാമിന്റെ രാത്രിയിൽ ലൈംഗിക വേഴ്ച അനുവദിക്കപ്പെട്ടിരിക്കുന്നു എന്നു പറയാൻ ഏതു ആയത്തിലാണ് അതു വിലക്കിയിരിക്കുന്നത്?
27. പകൽ സ്ത്രീകളുമായി ലൈംഗിക വേഴ്ച ചെയ്യുന്നത് ചതിയും വഞ്ചനയും ആണെങ്കിൽ ആ ചതി രാത്രി ചെയ്യാൻ എന്തിനാണ് അല്ലാഹു അനുവദിച്ചത്? ചതിയും വഞ്ചനയും കാലത്തിന്റെ വ്യത്യാസത്തിനനുസരിച്ചു ചതിയും വഞ്ചയനുമല്ലാതാകുമോ?
28. ഉഹില്ല (അനുവദിക്കപ്പെട്ടു) (അകർമ്മക ക്രിയ) എന്നു പറഞ്ഞാൽ അല്ലാഹുവാണ് അനുവദിച്ചത് എന്നു ഉറപ്പിച്ചു പറയാൻ പറ്റുമോ?
29. ബാഷറ എന്നു പറഞ്ഞാൽ ലൈംഗിക വേഴ്ച എന്നു തന്നെയാണോ അർത്ഥം? ബശീർ, മുബാശിർ എന്നൊക്കെ പറഞ്ഞാൽ ലൈംഗിക വേഴ്ച നടത്തുന്നവൻ എന്നാണോ അർത്ഥം?
30. ഇപ്പോൾ നിങ്ങൾ ലൈംഗിക വേഴ്ച നടത്തിക്കോളൂ എന്നു കൽപ്പിക്കാൻ ഇതുവരെ അവർ ലൈംഗിക വേഴ്ച നടത്തിയിട്ടില്ലേ?
31. നിങ്ങൾക്കു അല്ലാഹു നിയമമാക്കിയത് തേടിക്കൊള്ളുക എന്നു പറഞ്ഞാൽ ജനിക്കാൻ പോകുന്ന കുട്ടികളെ തേടാനാണോ? എല്ലാ ലൈംഗിക വേഴ്ചയും കുട്ടികൾക്കു വേണ്ടിയാണോ?
32. മസാജിദുകളിൽ അനുവദിക്കപ്പെട്ടതും എന്നാൽ ഇഅ്തികാഫിലാകുമ്പോൾ വിലക്കുള്ളതുമായ സംഗതി ഏതാണ്?
33. അതു ലൈംഗിക വേഴ്ചയാണെങ്കിൽ മസാജിദുകളിൽ ഇഅ്തികാഫിൽ അല്ലെങ്കിൽ അതു ചെയ്യൽ അനുവദനീയമാണോ?
34. കുലൂ, വശ്റബൂ എന്നു പറഞ്ഞാൽ വെറും ഭക്ഷണ പാനീയങ്ങളുടെ തീറ്റയും കുടിയും മാത്രമാണോ ഉദ്ദേശിക്കുന്നത്?
35. അല്ലൈൽ, അൽഗൈതുൽ അബ്യള് , അൽ ഗൈത്തുൽഅസ്‌വദ്, അൽ-ഫജ്ർ എന്നൊക്കെ പ്രത്യേക നാമങ്ങളിൽ പറയാൻ കാരണമെന്ത്?
36. അവ (തിൽക) എന്നു പറഞ്ഞാൽ ഏതിലേക്കാണ് ചൂണ്ടുന്നത്?
37. അൽ–ഗൈത്തുൽഅബ്യളു എന്നത് കർത്താവാണോ അതല്ല കർമ്മമാണോ?
38. അൽഗൈത്തുൽ അബ്യളു അൽഗൈത്തുൽ അസ്‌വദിനെ നമുക്കു വ്യക്തമാക്കി തരികയാണോ? അതല്ല നാം വെള്ളനൂലും കറുത്ത നൂലും കാണുകയാണോ?
39. ഇലല്ലൈലി എന്നു പറഞ്ഞാൽ രാത്രിയിലേക്ക് എന്നാണോ രാത്രിവരെ എന്നാണോ അർത്ഥം? ഹത്താ എന്നതിനും ഇലാ എന്ന

തിനും അർത്ഥവ്യത്യാസം ഇല്ലേ?

40. ഭക്ഷണപാനീയങ്ങൾ ഒഴിവാക്കണമെന്നു വിപരീത ആശയഗ്രഹണത്തിലൂടെ മനസ്സിലാക്കാനല്ലാതെ തിന്നരുത്, കുടിക്കരുത്, ലൈംഗിക വേഴ്ച നടത്തരുത് എന്നു നേരിട്ടു വിലക്ക് ഖുർആനിലുണ്ടോ? എല്ലാ സ്ഥലത്തും വിപരീത ആശയഗ്രഹണം (മഫ്ഹൂമു മുഗാലഫഃ) അനുവദനീയമാണോ?

പട്ടിണി എന്ന അർത്ഥം സ്വിയാമിനു നൽകണമെങ്കിൽ ഈ ചോദ്യങ്ങൾക്കും ഇതിനോടു അനുബന്ധമായി വരുന്ന ചോദ്യങ്ങൾക്കും ഉത്തരം കിട്ടൽ അനിവാര്യമാണ്. ഖുർആനിൽ പറഞ്ഞ യഥാർത്ഥ സ്വിയാമ് എന്തെന്നും എന്തെല്ലന്നും തിരിച്ചറിയാൻ വായനക്കാർക്കു ഈ ചോദ്യങ്ങൾ ഉപകരിക്കുമെന്നത് തീർച്ചയാണ്.

**പട്ടിണി എന്ന അർത്ഥം സ്വിയാമിനു നൽകണമെങ്കിൽ ഈ ചോദ്യങ്ങൾക്കും ഇതിനോടു അനുബന്ധമായി വരുന്ന ചോദ്യങ്ങൾക്കും ഉത്തരം കിട്ടൽ അനിവാര്യമാണ്. ഖുർആനിൽ പറഞ്ഞ യഥാർത്ഥ സ്വിയാമ് എന്തെന്നും എന്തെല്ലന്നും തിരിച്ചറിയാൻ വായനക്കാർക്കു ഈ ചോദ്യങ്ങൾ ഉപകരിക്കുമെന്നത് തീർച്ചയാണ്.**

## അടുത്ത ലക്കങ്ങളിൽ

**പ്രൊഫ. അലിഫ് മിറാക്കിൾ**
**സ്വർഗം, നരകം, പരലോകം**

**ഡോ. മിലാൻ സാൻഫ്രാൻസിസ്കോ**
**ഖുർആന്റെ സവിശേഷത**

**ഇർഷാദ് ബാഖവി**
**ലൈംഗികത: തെറ്റും ശരിയും**

**ഷബ്ന മുജ്തബ**
**ഖുർആന്റെ സ്ത്രീപക്ഷവായന**


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

വേദദർശനത്തിന്റെ വില 12 രൂപയായിരുന്നപ്പോൾ വരി ചേർന്നവർ, വില 15 രൂപയായി വർദ്ധിപ്പിക്കുകയും ഒരു കോപ്പി അയക്കുന്നതിന് 7 രൂപ തപാൽചെലവ് വരികയും ചെയ്യുന്ന സാഹചര്യത്തിൽ എത്രയും വേഗം പുതുക്കിയ വരിസംഖ്യ അയച്ചുതന്ന് സഹകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

*– മാനേജർ, വേദദർശനം*

# പൗരോഹിത്യത്തെ തള്ളുന്ന മുജാഹിദുകൾ ഹദീസുകളെ തള്ളണം: എം.എസ്. റഷീദ്

സ്വന്തം പ്രതിനിധി



കോഴിക്കോട്: സകല പുരോഗതികളെയും തള്ളിപ്പറഞ്ഞ പൗരോഹിത്യം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സമൂഹമദ്ധ്യേ അവതരിപ്പിച്ചു പ്രചാരം നേടുന്നത് തള്ളണമെന്ന കേരള നദ്‌വത്തുൽ മുജാഹിദീൻ നേതാക്കളുടെ പ്രസ്താവന ആത്മാർത്ഥതയോടെയാണെങ്കിൽ അവർ ആദ്യമായി ഹദീസുകളെ തള്ളിപ്പറയാൻ സധൈര്യം മുന്നോട്ടുവരണമെന്ന് ഖുർആൻ സുന്നത്ത് സൊസൈറ്റി കേന്ദ്രകമ്മിറ്റി അംഗം എം.എസ്. റഷീദ് ആവശ്യപ്പെട്ടു.

ഒരുവശത്ത് പൗരോഹിത്യത്തെ തള്ളിപ്പറയുന്ന മുജാഹിദ് നേതാക്കൾ മറുവശത്ത് പൗരോഹിത്യം ഊട്ടിയുറപ്പിക്കാനാണ് ശ്രമിക്കുന്നത്. അന്ധവിശ്വാസങ്ങൾ മുതലെടുത്ത് മതകച്ചവടം നടത്തുന്ന ചില പുരോഹിതന്മാരെ മാത്രം തള്ളുകയല്ല, മറിച്ച് പൗരോഹിത്യത്തിനും അനാചാരങ്ങൾക്കും സർവ്വ അന്ധവിശ്വാസങ്ങൾക്കും ആധാരമാക്കുന്ന ഹദീസുകൾ വിശുദ്ധ ഖുർആന് വിരുദ്ധമാണെന്ന യാഥാർത്ഥ്യം തുറന്നുപറയുകയാണ് മുജാഹിദ് നേതാക്കൾ ചെയ്യേണ്ടതെന്ന് റഷീദ് ചൂണ്ടിക്കാട്ടി.

പ്രവാചകന് ഭ്രാന്ത് ബാധിച്ചെന്നും പ്രവാചകന് ഉമ്മുഹറാമി എന്ന അന്യസ്ത്രീയുമായി ബന്ധമുണ്ടായിരുന്നുവെന്നും മറ്റുമുള്ള ഹദീസുകൾ പ്രമാണമാക്കി ഖുർആനെയും പ്രവാചകനെയും പരിഹസിക്കുന്നവരെങ്ങനെയാണ് പൗരോഹിത്യം അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നത് എതിർക്കുകയെന്ന് അദ്ദേഹം ചോദിച്ചു.

ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നു പറയുന്ന ഖുർആൻ നവോത്ഥാനത്തിലേക്കാണ് സമൂഹത്തെ വഴിനടത്തുന്നത്. എന്നാൽ യാതൊന്നും ചിന്തിച്ച് ഉൾക്കൊള്ളേണ്ടതില്ലെന്നും കുറെപേർ എഴുതിവെച്ച നുണക്കഥകൾ അനുസരിച്ച് ജീവിച്ചാൽ മതിയെന്നുമാണ് ഹദീസുകൾ പഠിപ്പിക്കുന്നത്. അറബി കോളേജുകളിൽ ഹദീസുകൾ പഠിപ്പിക്കുകയും ഖുർആൻ ക്ലാസെന്ന പേരിൽ ഹദീസുകൾ വിളമ്പുകയും അവ മതത്തിൽ പ്രമാണമാണെന്നു വിശ്വസിക്കുകയും ചെയ്യുന്ന മുജാഹിദുകൾക്ക് പൗരോഹിത്യത്തെ ചോദ്യംചെയ്യാൻ അവകാശമില്ലെന്നും റഷീദ് തുടർന്നുപറഞ്ഞു.

പൗരോഹിത്യത്തെ തള്ളണമെന്ന മുജാഹിദ് പ്രസ്താവന സ്വാഗതാർഹമാണ്. ഹദീസുകളെ തള്ളാതെ പൗരോഹിത്യത്തെ എതിർക്കാനാവില്ല. ഖുർആൻ ലോകസമക്ഷം അവതരിപ്പിച്ച പ്രാചകനെപ്പറ്റി ആര് എന്തു പറഞ്ഞാലും അത് വിലപ്പോവില്ല. മാണിക്യത്തെ ചവറ്റ്കുട്ടയിൽ വെച്ചാലും അത് മാണിക്യമല്ലാതാവുകയില്ല.

പ്രവാചകനെയും മുസ്ലിംകളെയും നിന്ദിക്കുന്ന സിനിമയെയും കാർട്ടൂണുകളെയുമൊക്കെ അപലപിക്കുമ്പോൾതന്നെ ഇതിന് ഹേതുവാകുന്ന ഹദീസുകളെ കാണാതിരിക്കരുത്. പ്രവാചകന്റെ കാമശക്തി വിവരിക്കുന്ന ഹദീസുകൾ പ്രമാണമാക്കുന്നവർ സിനിമക്കെതിരെ മാത്രം രംഗത്തുവരുന്നത് വിരോധാഭാസമാണ്.

ഓരോ ഹദീസും ഓരോ ഖുർആൻ സൂക്തത്തിന്റെ നിഷേധമോ പരിഹാസമോ ആണ്. സുന്നി പുരോഹിതർ മുടി വെള്ളത്തിലിട്ട് വിൽപ്പന നടത്തുന്നത് ഹദീസുകളെ ആധാരമാക്കിയാണ്. ഇതിനെതിരെ ശബ്ദിക്കുന്നതിനു മുമ്പ് സ്വയം പൗരോഹിത്യത്തിൽനിന്ന് മോചനം നേടാൻ മുജാഹിദുകൾ തയ്യാറായാൽ അത് സമൂഹത്തിനുതന്നെ ഏറെ ഗുണം ചെയ്യുമെന്ന് റഷീദ് പറഞ്ഞു.

# നിഷേധനിരാസത്തിന്റെ വർത്തമാനകാല പ്രസക്തി

പ്രൊഫ: അലിഫ് മിറാക്കിൾ (അമേരിക്ക)

> **“കുൽയാഅയ്യുഹൽകാഫിറൂൻ’ എന്നു തുടങ്ങുന്ന അദ്ധ്യായത്തിൽ ഖുർആൻ നിഷേധികളോട് കടുത്ത വിയോജിപ്പും നിരാസവും വ്യക്തമാക്കിയിട്ടുണ്ട്. നിരവധി സൂക്തങ്ങളിലൂടെ നിഷേധികളെ ഖുർആൻ വെല്ലുവിളിക്കുകയും യഥാർത്ഥ വിശ്വാസത്തിന്റെ കരുത്ത് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നൂറ്റാണ്ടുകൾ പലതും പിന്നിടുകയും നരവംശം ഏറെ പുരോഗമിക്കുകയും ചെയ്ത വർത്തമാനകാലത്ത് നിഷേധനിരാസത്തിന്റെ പ്രസക്തി വർധിച്ചിരിക്കയാണ്.**

“**കു**ൽയാഅയ്യുഹൽകാഫിറൂൻ’ എന്നു തുടങ്ങുന്ന അദ്ധ്യായത്തിൽ ഖുർആൻ ദൈവനിഷേധികളോട് കടുത്ത വിയോജിപ്പും നിരാസവും വ്യക്തമാക്കിയിട്ടുണ്ട്. നിരവധി സൂക്തങ്ങളിലൂടെ നിഷേധികളെ ഖുർആൻ വെല്ലുവിളിക്കുകയും യഥാർത്ഥ വിശ്വാസത്തിന്റെ കരുത്ത് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നൂറ്റാണ്ടുകൾ പലതും പിന്നിടുകയും നരവംശം ഏറെ പുരോഗമിക്കുകയും ചെയ്ത വർത്തമാനകാലത്ത് നിഷേധനിരാസത്തിന്റെ പ്രസക്തി വർധിച്ചിരിക്കയാണ്.

നിഷേധികൾ ഇപ്പോഴും ഉന്നയിക്കുന്ന ചില ചോദ്യങ്ങൾ ഇങ്ങനെയാണ്, ഖുർആൻ ദൈവിക വചനമാണെന്നതിനു എന്താണ് തെളിവ്? ദൈവം ഉണ്ടെന്നതിനു എന്തുണ്ട് തെളിവ്. മുഹമ്മദ് പ്രവാചകനാണെന്ന് എങ്ങനെ വിശ്വസിക്കും? എന്തുകൊണ്ട് മാനവകുലത്തിനാകെ മാർഗ്ഗദർശനം നൽകുന്ന ഖുർആൻ അറബി ഭാഷയിലായി. സ്ത്രീകളോട് എങ്ങനെ വിവേചനം വന്നു? സ്ത്രീ പ്രവാചകന്മാർ ഉണ്ടാവാത്തതെന്ത്? ഖുർആൻ പലതും ആവർത്തിച്ചു പറയുന്നതെന്ത്? ഖുർആനിൽ സൂക്തങ്ങൾ യഥാവിധി ഓർഡർ പ്രകാരം ആകാതിരുന്നതെന്തുകൊണ്ട്? ഒരു രാത്രിയിലാണോ അതോ ഘട്ടംഘട്ടമായാണോ അവതരണം? ബഹുഭാര്യത്വം അനുവദിച്ച ഖുർആൻ എന്തുകൊണ്ട് ബഹുഭർതൃത്വം അനുവദിക്കുന്നില്ല. തുടങ്ങിയ ചോദ്യങ്ങൾ കഴമ്പില്ലാത്തതാണെങ്കിലും വിശദീകരിച്ചു മറുപടി നൽകേണ്ടതുണ്ടെന്നു ഞാൻ കരുതുന്നു.

ഏതൊരു സൃഷ്ടിക്കുപിന്നിലും ഒരു സൃഷ്ടാവുണ്ടാകും എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. താനെ ഒന്നും ഉണ്ടാകുന്നില്ല. അങ്ങനെ വിശ്വസിക്കുന്നതു തന്നെ യുക്തിക്കു നിരക്കുന്നതുമല്ല. ആകയാൽ ഒരു സൃഷ്ടാവ് ഉണ്ടെന്ന കാര്യം സമ്മതിക്കാതിരിക്കാൻ ഒരു സൃഷ്ടിക്കും സാധ്യമല്ല. ഖുർആൻ അവതരിച്ച കാലത്തൊ അതിനടുത്ത നൂറ്റാണ്ടുകളിൽ തന്നെയോ കണ്ടെത്തിയിട്ടില്ലാത്ത, ഈയടുത്ത കാലത്തു മാത്രം ശാസ്ത്രം ശരിവെച്ച നിരവധി കാര്യങ്ങൾ ഖുർആനിലുണ്ട്. ബിഗ്ബാംഗ് തിയറി തന്നെ ഉദാഹരണം. ഇത്യാദി കാര്യങ്ങ

ളാൽ ഖുർആൻ ദൈവീക വചനമാണെന്ന കാര്യത്തിൽ അശേഷം സംശയിക്കേണ്ടതില്ല. അതെ ദൈവീക ഗ്രന്ഥത്തിൽ മുഹമ്മദ് പ്രവാചകനാണെന്നു വ്യക്തമാക്കിയതിലൂടെ പ്രവാചകനെയും അവിശ്വസിക്കാൻ നിവൃത്തിയില്ല.

നബി അറേബ്യയിലാണ്. അവിടെ ഭാഷ അറബിയാണ്. അപ്പോൾ പിന്നെ മറ്റൊരു ഭാഷയിൽ അവതരിക്കുന്നതിനെക്കാൾ ഏറ്റവും നല്ലത് അറബിയിൽ തന്നെയല്ലെ? സ്ത്രീകളോട് ഒരു വിവേചനവും യഥാർത്ഥത്തിൽ ഖുർആനിലില്ലെന്നു മാത്രമല്ല സ്ത്രീകൾക്കു ഒരു പക്ഷെ ഉയർന്ന പരിഗണനയും പരിരക്ഷയും ഉറപ്പാക്കുന്ന പ്രത്യയശാസ്ത്രമാണ് ഖുർആൻ വിഭാവനം ചെയ്യുന്നത്. കാറൽ മാർക്സും ഫെഡറിക് ഏംഗൽസും പുരുഷന്മാരായതുകൊണ്ട് കമ്മ്യൂണിസം സ്ത്രീവിരുദ്ധമാണോ? അല്ലെന്നാണ് ഉത്തരമെങ്കിൽ ഇസ്ലാമും സ്ത്രീവിരുദ്ധമല്ല. ഖുർആനിൽ ആവർത്തനം ഉണ്ടെങ്കിൽ ആവർത്തനം ഇല്ലാത്ത ഒരു ഗ്രന്ഥവും ലോകത്തില്ലെന്നതാണ് സത്യം. ചില കാര്യങ്ങൾ പ്രാധാന്യപൂർവ്വം സമർത്ഥിക്കുന്നതിനു ആവർത്തനം ആവശ്യമായി വരും. യഥാവിധി ഓർഡർ പ്രകാരം തന്നെയാണ് ഖുർആൻ. അതിന്റെ ആധുനിക വായന നടത്തിയവർക്ക് അത് ബോധ്യപ്പെടുകയും ചെയ്യും. ബഹുഭാര്യത്വം ഖുർആനിലില്ല. ബഹുഭർതൃത്വവും തഥൈവ.

പിന്നീട് നിഷേധികൾ ചോദിക്കുക സ്വർഗം, നരകം, പരലോകം എന്നീ കാര്യങ്ങളാണ്. ലോകാവസാനം ഇന്നു പരക്കെ അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ അതെക്കുറിച്ചുള്ള തർക്കങ്ങളിൽ കഴമ്പില്ല. ഖുർആനിൽ പറഞ്ഞ സ്വർഗവും നരകവും പരലോകവും അസംഭവ്യമല്ല. പക്ഷെ ഹദീസുകളിൽ പറയുന്നത് ഖുർആൻ വിശ്വാസികൾക്ക് സ്വീകാര്യവുമല്ല.

ചുരുക്കത്തിൽ നിഷേധികൾ കാര്യം മനസ്സിലാക്കുന്നതിലും ചരിത്രാവബോധത്തോടെയും ശാസ്ത്രീയ നിരീക്ഷണപഠനങ്ങളുടെ വെളിച്ചത്തിലും അവ യഥാവിധി ഉൾക്കൊള്ളുന്നതിലും ദയനീയമായി പരാജയപ്പെടുന്നു എന്നതാണ് വർത്തമാനകാല ദുരന്തം. അതുകൊണ്ടുതന്നെ നിഷേധപഥങ്ങളിൽ നിന്നും വീണ്ടുവിചാരം ഉണ്ടാകുന്നവർ സത്യമാർഗ്ഗത്തിലേക്കു ആകൃഷ്ടരാവുകയും ഖുർആൻ വിശ്വാസികളായിത്തീരുകയും ചെയ്യുന്നു.

ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഈ ലേഖകനു ഗൈഡായിരുന്ന ഒരു പ്രൊഫസർ തികഞ്ഞ യുക്തിവാദിയായിരുന്നു. പിന്നീട് മതവിഷയങ്ങൾ യഥാവിധി വിലയിരുത്തിയ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും വിശ്വാസിയായി തീരുകയും ചെയ്തു. പഴയ വിശ്വാസത്തെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഞാൻ യുക്തിവാദിയായിരുന്നില്ല മറിച്ച് നിഷേധിയായിരുന്നു എന്നാണ്. എന്തും ഏതും നിഷേധിക്കാനുള്ള ഒരുതരം വ്യഗ്രതയിലായിരുന്നു. ഇപ്പോൾ ഞാൻ വിശ്വാസിയായി, യുക്തിവാദിയുമായി. അഥവാ യുക്തിപൂർവ്വം ചിന്തിച്ചു മതവിശ്വാസിയായി. സർവ്വ നിഷേധികൾക്കും ഇതൊരു പാഠമാവട്ടെ. (വിവ: എസ്.പി)

**ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഈ ലേഖകനു ഗൈഡായിരുന്ന ഒരു പ്രൊഫസർ തികഞ്ഞ യുക്തിവാദിയായിരുന്നു. പിന്നീട് മതവിഷയങ്ങൾ യഥാവിധി വിലയിരുത്തിയ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും വിശ്വാസിയായി തീരുകയും ചെയ്തു. പഴയ വിശ്വാസത്തെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഞാൻ യുക്തിവാദിയായിരുന്നില്ല മറിച്ച് നിഷേധിയായിരുന്നു എന്നാണ്. എന്തും ഏതും നിഷേധിക്കാനുള്ള ഒരുതരം വ്യഗ്രതയിലായിരുന്നു. ഇപ്പോൾ ഞാൻ വിശ്വാസിയായി, യുക്തിവാദിയുമായി. അഥവാ യുക്തിപൂർവ്വം ചിന്തിച്ചു മതവിശ്വാസിയായി.**

ഹദീസിന്റെ സത്യം - തുടർച്ച

# അടിസ്ഥാന പ്രശ്നങ്ങൾ

**താ**ൻ വിശ്വസിക്കുന്ന പ്രവാചകന്റെ നാവിലൂടെ തന്നോടു പ്രവർത്തിക്കാൻ കൽപ്പിച്ചതാണെന്നു അറിയുമ്പോൾ ഒരു മുസ്ലിമിനും അത് തള്ളിക്കളയാൻ കഴിയില്ല. പ്രവാചകൻ കൽപിക്കുകയും ഒരു മുസ്ലിം അത് തള്ളിക്കളയുകയും ചെയ്യുക എന്നത് ഒരിക്കലും ഉണ്ടാവില്ല. ഒരു മുസ്ലിമിന്റെ ജന്മനാ ഉള്ള സ്വഭാവമാണ് തന്റെ പ്രവാചകൻ കൽപിക്കുകയാണെങ്കിൽ തന്റെ കഴുത്തടക്കമുള്ള തനിക്കു വില പിടിച്ചതെന്തും ബലി നൽകുക എന്നത്.

നമ്മുടെ പ്രവാചകനോടുള്ള ഈ വിശ്വാസം മുതലെടുത്തുകൊണ്ട് നമ്മുടെ മതപണ്ഡിതന്മാർ നമ്മുടെ ദൂതന്റെ പേരിൽ അവരുടെ സ്വന്തം താൽപര്യങ്ങൾക്കു മുമ്പിൽ സമർപ്പിക്കാൻ നമ്മോടു ആവശ്യപ്പെട്ടിരിക്കുകയാണ്. ഏതെങ്കിലും ഒരാൾ ഇവരുടെ വാദങ്ങളെ ചോദ്യംചെയ്യാൻ വേണ്ടി തയ്യാറായാൽ അവനെ ഒരു കുറ്റവാളിയായി മുദ്രകുത്തുകയും പ്രവാചക നിഷേധിയായി പ്രഖ്യാപിക്കുകയും ചെയ്യും. അവരുടെ അന്ധരായ അനുയായികൾ അവനെ കൊല്ലാൻ വരെ തയ്യാറാകുന്നു. പക്ഷെ ഇവർ ദൈവത്തിന്റെ മുമ്പിൽ തങ്ങളുടെ സ്വേച്ഛാധിപത്യവുമായി ഹാജറാക്കപ്പെടുമെന്ന കാര്യം മറന്നിരിക്കുകയാണ്.

ആദ്യമായി നാം ചർച്ച ചെയ്യുന്ന ഹദീസിനെ സംബന്ധിച്ച് വളരെ ലളിതമായ വാക്കുകളിൽ അവതരിപ്പിക്കുന്നു. അതിനുശേഷം വളരെ ചുരുങ്ങിയതും എന്നാൽ വിശദീകൃതവുമായ ചില വിവരണങ്ങൾ നൽകുന്നു. ഇനി ചില വാദങ്ങൾ അവതരിപ്പിക്കേണ്ട ആവശ്യകതയുണ്ട്.

1. "ഹദീസും സുന്നത്തും" എന്താണെന്നതിനെ സംബന്ധിച്ചുവരെ നമ്മുടെ മതപണ്ഡിതന്മാർക്കിടയിൽ ഒരു വ്യക്തതയുമില്ല.

2. ബുഖാരി, മുസ്ലിം കമ്പനികളുടെ പ്രസിദ്ധമായ ഹദീസ് ഗ്രന്ഥങ്ങളിൽ പോലും നമ്മുടെ ദൂതന്റേതാണെന്ന് ഉറപ്പുള്ള ഒരൊറ്റ ഹദീസുപോലും ഇല്ലെന്നാണ് മുഹദ്ദിസീങ്ങൾ ഏകോപിച്ചു പറഞ്ഞിട്ടുള്ളത്. ഇതിനു വിപരീതമായി ഈ ഹദീസ് ഉദ്ധരിച്ചവർ അവർക്കു ലഭിച്ചത് ഉദ്ധരിക്കുക മാത്രമാണ് ചെയ്തത്. അതിനർത്ഥം നമ്മുടെ പ്രവാചകൻ പറഞ്ഞതല്ല ആ ഹദീസുകളെന്നാണ്. മറിച്ച് ഇത് ഉദ്ധരിച്ചവർ അവർ സ്വയം മനസ്സിലാക്കിയതിനനുസരിച്ച്, അവരുടെ സ്വന്തം വാക്കുകളിൽ ഉദ്ധരിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഒരേ ഹദീസ് തന്നെ ഓരോ ഇമാമുകളും വ്യത്യസ്ത രൂപത്തിൽ ഉദ്ധരിച്ചത്.

3. സൂക്ഷ്മമായ കണക്കനുസരിച്ച് ദൂതന്റെ അനുയായികൾ 2,00,000 വരുമെന്നാണ് പറയുന്നത്. പക്ഷെ ബുഖാരി മുസ്ലിം കമ്പനികളിലെ ഏതൊരു ഹദീസ് എടുത്തു നോക്കിയാലും അതു റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരിക്കുക, രണ്ടോ മൂന്നോ

**നമ്മുടെ പ്രവാചകനോടുള്ള ഈ വിശ്വാസം മുതലെടുത്തുകൊണ്ട് നമ്മുടെ മതപണ്ഡിതന്മാർ നമ്മുടെ ദൂതന്റെ പേരിൽ അവരുടെ സ്വന്തം താൽപര്യങ്ങൾക്കു മുമ്പിൽ സമർപ്പിക്കാൻ നമ്മോടു ആവശ്യപ്പെട്ടിരിക്കുകയാണ്. ഏതെങ്കിലും ഒരാൾ ഇവരുടെ വാദങ്ങളെ ചോദ്യംചെയ്യാൻ വേണ്ടി തയ്യാറായാൽ അവനെ ഒരു കുറ്റവാളിയായി മുദ്രകുത്തുകയും പ്രവാചക നിഷേധിയായി പ്രഖ്യാപിക്കുകയും ചെയ്യും. അവരുടെ അന്ധരായ അനുയായികൾ അവനെ കൊല്ലാൻ വരെ തയ്യാറാകുന്നു.**

അനുചരന്മാരാണെന്നു കാണാൻ കഴിയും.

ബുഖാരി, മുസ്‌ലിം കമ്പനിക്കാർ അവരുടെ ബുക്കുകളിൽ രേഖപ്പെടുത്തിയതനുസരിച്ച് മഹാനായ ദൂതൻ ‘പറഞ്ഞതും’ ‘പ്രവർത്തിച്ചതും’ ഒന്നും തന്നെ മറ്റു അനുചരന്മാർ ഒരിക്കലും അറിഞ്ഞിരുന്നില്ല എന്നല്ലേ ഇതിനർത്ഥം?

4. നമ്മുടെ ദൂതൻ നമ്മെ വേർപിരിഞ്ഞുപോയ ശേഷം 250 വർഷം കഴിഞ്ഞിട്ടാണ് ‘സ്വിഹാഹുസ്സിത്ത’ എന്നു വിളിക്കപ്പെടുന്ന ഹദീസ് സമാഹാരങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്.

5. ഈ ഹദീസുകൾ ശേഖരിക്കുകയും എഴുതുകയും ചെയ്തിരുന്ന കാലത്ത് അതായത് 250 വർഷത്തിനുശേഷം എഴുതിവെക്കപ്പെടുന്ന കാലത്ത് ഒരൊറ്റ ഹദീസുപോലും ഉണ്ടായിരുന്നില്ല. ഹദീസുകളെ ‘രിവായത്’ എന്നു വിളിച്ചതിൽ നിന്നുതന്നെ അത് പിൽക്കാലത്ത് ഉദ്ധരിച്ചതോ പറഞ്ഞതോ ആണെന്നുള്ളതിന്റെ തെളിവാണ്. മുമ്പ് കഴിഞ്ഞുപോയ ഏതെങ്കിലും രചയിതാവിന്റെ ബുക്കിൽ നിന്നും പകർത്തിയതാണ് ഇത് എന്ന് ഒരു ഹദീസിനെക്കുറിച്ചും ആരും അവകാശപ്പെടുന്നില്ല.

6. നമ്മുടെ ദൂതന്റെ കാലത്തോ, വിശുദ്ധരായ ഖലീഫമാരുടെ കാലത്തോ ഹദീസ് ശേഖരിക്കുകയും എഴുതിവെക്കുകയും ചെയ്തിട്ടില്ല. ആ കാലത്ത് എഴുതിവെച്ച ഒരു ഹദീസും ലഭ്യമല്ല.

7. ബുഖാരി മുസ്‌ലിം പോലെയുള്ള കമ്പനിക്കാർ ആറുലക്ഷം (6,00,000) ഹദീസ് ശേഖരിച്ചിട്ട് വെറും ആറായിരം (6000) ഹദീസുകൾ മാത്രമെ തെരഞ്ഞെടുത്തൊള്ളൂ. ഇത്രയും വലിയ അളവിലുള്ള ഹദീസുകൾ തള്ളിക്കളയാൻ ഇവർക്ക് എന്ത് അധികാരമാണുള്ളത്. അവയെല്ലാം അസത്യങ്ങളായിരുന്നു എന്നു ആരാണ് പരിശോധിച്ച് ഉറപ്പുവരുത്തിയത്? അതുപോലെ അവയിൽ സത്യമായ ഹദീസുകൾ ഇല്ല എന്ന് ആര് പരിശോധിച്ചു ഉറപ്പു വരുത്തി?

8. ഹദീസുകൾ ഇന്ന് നാം സ്വീകരിച്ചതുപോലെ പ്രധാനപ്പെട്ടതും പ്രചാരത്തിലുമുള്ളതായിരുന്നുവെങ്കിൽ എന്തിനു ബുഖാരി മുസ്‌ലിം കമ്പനിക്കാർ ഓരോരോ ഹദീസുകൾ ശേഖരിക്കാൻ ആയിരക്കണക്കിനു മൈലുകൾ യാത്ര ചെയ്യേണ്ടിവന്നു?

പ്രവാചകന്റെ ‘വിശുദ്ധ വാക്കുകൾ’ അവ 250 വർഷത്തോളം നഷ്ടപ്പെടുത്തിയിട്ട് ഒരു പ്രത്യേക ജനങ്ങൾക്കു മാത്രം എന്തുകൊണ്ട് അതിന്റെ ലഭ്യത പരിമിതപ്പെടുത്തി? ഇത്രയും വലിയ ദീർഘമായ ഒരു കാലയളവിനു ശേഷം എങ്ങനെ ഈ ഹദീസുകൾ ഇത്രയും പ്രചാരത്തിലായി? ഈ ഹദീസുകൾ പൊതുജനങ്ങൾക്ക് അറിയാത്തവയായിരുന്നുവെങ്കിൽ ആദ്യത്തെ 250 വർഷം ഈ ഹദീസുകൾ കൂടാതെ എങ്ങനെ മുസ്‌ലിംകളുടെ ദീൻ പൂർത്തിയായി?

**‘സ്വഹീഹായ ഹദീസ്’ എന്ന വാക്ക് ഏറ്റവും കൂടുതൽ അവ്യക്തത ഉണ്ടാക്കുന്ന ഒന്നാണ്. സ്വഹീഹായ ഹദീസ് എന്നു പറഞ്ഞ് അതിനെ സത്യപ്പെടുത്തേണ്ട ആവശ്യമില്ല. യഥാർത്ഥത്തിൽ അവ മഹാനായ പ്രവാചകന്റെ വാക്കുകളാണെന്നല്ലേ വിശ്വാസം? ഖുർആനിക വചനങ്ങൾ സ്വഹീഹാണെന്നു ആരും പ്രത്യേകം പറയാറില്ലല്ലോ?**

9. ‘സ്വഹീഹായ ഹദീസ്’ എന്ന വാക്ക് ഏറ്റവും കൂടുതൽ അവ്യക്തത ഉണ്ടാക്കുന്ന ഒന്നാണ്. സ്വഹീഹായ ഹദീസ് എന്നു പറഞ്ഞ് അതിനെ സത്യപ്പെടുത്തേണ്ട ആവശ്യമില്ല. യഥാർത്ഥത്തിൽ അവ മഹാനായ പ്രവാചകന്റെ വാക്കുകളാണെന്നല്ലേ വിശ്വാസം? ഖുർആനിക വചനങ്ങൾ സ്വഹീഹാണെന്നു ആരും പ്രത്യേകം പറയാറില്ലല്ലോ? ഇത്രയുമാണ് ഹദീസുകളെക്കുറിച്ച് വളരെ പ്രചാരത്തിലുള്ള കാര്യങ്ങൾ.

പക്ഷെ മുകളിൽ പറഞ്ഞ ഈ അടിസ്ഥാന പ്രശ്നങ്ങൾ ഒന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. മറ്റു ചില കാര്യങ്ങൾകൂടി മനസ്സിലാക്കേണ്ടതിലേക്ക് അവയുടെ വിശദീകരണങ്ങൾ ശ്രദ്ധാപൂർവ്വം ഉൾക്കൊള്ളേണ്ടത് അത്യന്താപേക്ഷിതമാണ്.

ഗവേഷണം - തുടർച്ച

# ഇസ്ലാം മതവും ക്യസ്തുമതവും!

ഡോ. എം. അബ്ദുൽ ജലീൽ

'**ക്യ**സ്തുമതവും ഹിന്ദു മതവും ശരിയല്ല' എന്നു പ്രസംഗിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന സുന്നി-മുജാഹിദു-ജമാഅത്തു മൗലവിമാരുണ്ടിവിടെ. അതുപോലെ സുന്നികളോടു തർക്കിക്കാൻ വരുന്ന ഹിന്ദു-കൃസ്ത്യൻ പുരോഹിതന്മാരുമുണ്ട്. യഥാർത്ഥത്തിൽ നാം ഇന്നു കാണുന്ന സുന്നി മതവും കൃസ്തു മതവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണെന്ന് എളുപ്പത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. അട്ടിമറിക്കപ്പെട്ട സൊരാഷ്സ്ട്ര മതത്തിന്റെയും (Zorastranisam) മായം ചേർക്കപ്പെട്ട ജൂതമതത്തിന്റെയും അടിമുടി മാറ്റിമറിക്കപ്പെട്ട ക്രിസ്തുമതത്തിന്റെയും ഒരു മിശ്രിതമതമാണ് നിലവിലുള്ള അഹ്ലുസുന്നത്ത് വൽജമാഅത്ത് എന്ന സുന്നി മതം എന്ന് നമുക്ക് എളുപ്പം മനസ്സിലാക്കാക്കാൻ കഴിയും.നബിയുടെ ഏറ്റവും അടുത്ത അനുയായി (സ്വഹാബി) എന്ന് സുന്നി-മുജാഹിദ്-ജമാഅത്തു മൗലവിമാർ വിശ്വസിക്കുന്ന അബുഹുറൈറ ജൂതനാണെന്നും ഇന്നത്തെ ഇസ്ലാം മതത്തിലുള്ള ആചാരാനുഷ്ഠാനങ്ങളും, വിശ്വാസങ്ങളും പകുതിയിലധികവും അബുഹുറൈറ ഖുർആനിന്നും മുഹമ്മദ് നബിക്കും എതിരായി കെട്ടിയുണ്ടാക്കിയതാണെന്നും സമർത്ഥിക്കുകയാണ് 'അബുഹുറൈറയുടെ തനിനിറം' എന്ന ഗ്രന്ഥത്തിലൂടെ ചേകനൂർ മൗലവി ചെയ്തത്. എന്നാൽ ഇന്നു നാം ഉറക്കെപ്പറയുന്നത് ആധുനിക ഇസ്ലാം മതം എന്നത് (അഥവാ അഹ്ലുസ്സുന്നത്ത് വൽജമാഅത്ത് എന്നാൽ) കൃസ്തുമതത്തിന്റെ അറേബ്യൻ പതിപ്പ് (Arabian edition or Arabic version of Christianity ) മാത്രമാണെന്നാണ്. അതിന്റെ നൂറുകണക്കിന് തെളിവുകളാണ് നാം ഇന്നു വരെ കണ്ടതും ഇനി കാണാൻ പോകുന്നതും.

കൃസ്തുമതവും, ഇസ്ലാംമതവുമെല്ലാം (ഖുർആൻ ഇല്ലാത്ത സുന്നി-ശിയാ മതങ്ങൾ) ആചാരത്തിലും, അനുഷ്ഠാനങ്ങളിലും, ചിന്താഗതികളിലും, വേഷഭൂഷാദികളിലും, ചരിത്രപരമായും ഒരുപാട് സാമ്യങ്ങൾ വെച്ചുപുലർത്തുന്നതായി നമുക്ക് കാണാം. അതോരോന്നായി സാന്ദർഭികമായി നാം പഠിക്കുന്നുണ്ട്. (നബിയുടെ മരണം കഴിഞ്ഞു ഏകദേശം 200 വർഷം കഴിഞ്ഞപ്പോൾ-യഥാർത്ഥ ഇസ്ലാമിക ഭരണം അവസാനിച്ചു 200 വർഷം കഴിഞ്ഞപ്പോൾ - അറേബ്യയിൽ (പഴയ പേർഷ്യൻ സാമ്രാജ്യത്തിൽ) നിലവിൽ വന്ന ഖുർആൻ വിരുദ്ധ രാജഭരണകാലത്താണ് നാം ഇന്നു കാണുന്ന എല്ലാ പ്രധാനപ്പെട്ട 'സെമിറ്റിക് മതങ്ങളും'(ഇസ്ലാം, (സുന്നി

**കൃസ്തുമതവും, ഇസ്ലാംമതവുമെല്ലാം (ഖുർആൻ ഇല്ലാത്ത സുന്നി-ശിയാ മതങ്ങൾ) ആചാരത്തിലും, അനുഷ്ഠാനങ്ങളിലും, ചിന്താഗതികളിലും, വേഷഭൂഷാദികളിലും, ചരിത്രപരമായും ഒരു പാട് സാമ്യങ്ങൾ വെച്ചുപുലർത്തുന്നതായി നമുക്ക് കാണാം.**

-ശിയാ), കൃസ്ത്യൻ-ജൂതമതങ്ങൾ) ശക്തിയും അഭിവൃദ്ധിയും കൈവരിച്ചത്. പുതിയതരം കടലാസിന്റെയും എഴുത്താണിയുടെയും ലഭ്യതയും കണ്ടുപിടുത്തവും എഴുത്തു വിദ്യ എളുപ്പമാകുകയും ചെയ്തതോടെ ഗ്രന്ഥരചനകൾ (പ്രത്യേകിച്ചും ഇസ്ലാമിക ചരിത്ര-ഹദീസു ഗ്രന്ഥങ്ങൾ) വളരെ എളുപ്പമാവുകയും ഒരു പാടു സുവിശേഷഗ്രന്ഥങ്ങൾ (ഹദീസ് ഗ്രന്ഥങ്ങൾ) എഴുതപ്പെടുകയും ചെയ്തു. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ജൂതതന്ത്രത്തിന്റെ ഭാഗമായി എല്ലാ മതങ്ങളെയും അവരിലെ ഗ്രൂപ്പുകളെയും അബ്ബാസി ഖലീഫമാർ വേണ്ടുവോളം പ്രോത്സാഹിപ്പിച്ചു. അതുകൊണ്ടാണ് ലോകചരിത്രത്തിൽ മറ്റൊരു ഭരണകൂടത്തിനും സാധിക്കാത്ത ഒരു കാര്യം-(നീണ്ട 600ൽ പരം വർഷം സുഖമായി



**നബി തിരുമേനിയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം തന്റെ സഹോദരൻമാരായ അറബികളെ (ഉമ്മുൽ ഖുറാ പട്ടണത്തിനു ചുറ്റുമുള്ള അറബികളെ -ഉമ്മിയ്യുകളെ) സംസ്കരിക്കലും അവരെ ഭൂമിയിലെ ഒരുത്തമ സമൂഹമാക്കലുമായിരുന്നല്ലോ.**

ഭരിക്കാൻ) അവർക്കു കഴിഞ്ഞത്. നാം ഇന്നു കാണുന്ന സുന്നികളും, ശിയാക്കളും കൃസ്തുമതത്തിലെ എല്ലാ അവാന്തര വിഭാഗങ്ങളും വളരെ അഭിവൃദ്ധിപ്പെടുന്നതും മാത്സര്യബുദ്ധിയോടെ പ്രചരിപ്പിക്കാൻ തുടങ്ങുന്നതും അബ്ബാസി ഖലീഫമാരുടെ കാലഘട്ടത്തിലാണ്. സുന്നികൾക്കും, ശിയാക്കൾക്കും, കൃസ്തുമതത്തിലെ അവാന്തര വിഭാഗങ്ങൾക്കും ചെറുപ്പം മുതലേ മതപഠനത്തിനു വേണ്ടി പള്ളി, മദ്രസകളും,ദർസുകളും, ചർച്ചുകളും അബ്ബാസി ഖലീഫമാർ പണിതു കൊടുത്തു, പിഞ്ചു കുട്ടികളുടെ മനസ്സിൽ അവരുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്ന രീതിയിലുള്ള മതപഠനത്തിനാവശ്യമായ സിലബസ്സുകളും(പാഠ്യപദ്ധതികളും) നിർമ്മിക്കാൻ വേണ്ട എല്ലാ ഒത്താശകളും സാമ്പത്തിക സഹായ സഹകരണങ്ങളും അബ്ബാസി രാജാക്കന്മാർ ചെയ്തു കൊടുത്തു. നാം ഇന്നു കാണുന്ന സുന്നി-ശിയ-കൃസ്ത്യൻ-ആചാരമതങ്ങളുടെ അത്ഭുതകരമായ വളർച്ചയും പുരോഗതിയും ആരംഭിക്കുന്നത് അബ്ബാസി ഖലീഫമാരുടെ കാലഘട്ടത്തിലാണെന്ന് അറേബ്യൻ ചരിത്രം പഠിച്ചാൽ എളുപ്പത്തിൽ നമുക്ക് മനസ്സിലാകും.(ആ ഭാഗം പിന്നീട് വിശദമാക്കാം.)

മദീന ആസ്ഥാനമായി നബിയും ഖലീഫാ ഉമറും സ്ഥാപിച്ച മാതൃകാ ഇസ്ലാമിക ഭരണകൂടത്തിന്റെയും(മുപ്പത് വർഷം), മദീനാ പട്ടണത്തെയും, ഇസ്ലാമികഭരണകൂടത്തെയും, തകർത്തു തരിപ്പണമാക്കിക്കൊണ്ട് സിറിയയിലെ ഡമസ്കസ് ആസ്ഥാനമാക്കി മുആവിയ സ്ഥാപിച്ച അമവി ഭരണത്തിന്റെയും(സുന്നിഭരണം) (92 വർഷം) നല്ല വശങ്ങളൊന്നും എഴുതപ്പെടാതിരിക്കാനും പ്രചരിക്കാതിരിക്കാനും കാരണമായത് അക്കാലത്ത് എഴുത്തുപകരണങ്ങളും എഴുത്തു വിദ്യയും വളരെ പ്രചാരത്തിൽ ഇല്ലാത്തതുകൊണ്ടും അബ്ബാസി ഖലീഫമാരുടെ പക്ഷപാതപരമായ ഈ ചരിത്രരചനകൾ കൊണ്ടുമായിരുന്നു.

## നബി തിരുമേനിയുടെ പ്രധാന ദൗത്യങ്ങൾ

നബി തിരുമേനിയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം തന്റെ സഹോദരൻമാരായ അറബികളെ (ഉമ്മുൽ ഖുറാ പട്ടണത്തിനു ചുറ്റുമുള്ള അറബികളെ -ഉമ്മിയ്യുകളെ) സംസ്കരിക്കലും അവരെ ഭൂമിയിലെ ഒരുത്തമ സമൂഹമാക്കലുമായിരുന്നല്ലോ. (6:92) (43:44) (62:2) (7:34,35) (7:48) (18:4) (19:97). കൂടാതെ വിശുദ്ധഖുർആന്റെ (മുഹമ്മദ് നബിയുടെ) മറ്റൊരു മഹാദൗത്യമായി ഖുർആൻ പരിചയപ്പെടുത്തുന്നത്, ജാതി, മതം, ഗോത്രം, ദേശം, ഭാഷ എന്നീ അതിർവരമ്പുകൾക്കതീതമായി മാനവരെ ഒന്നായി കാണുക - 'നാം ഒന്ന് നമ്മുടെ ദൈവം ഒന്ന്' എന്ന ചിന്തയിലൂടെ (ലോകാഃസമസ്ഥാ സുഖിനോഭവന്തു എന്ന ചിന്തയിലൂടെ) ലോകത്തെ മുഴുവൻ സ്നേഹിക്കാനും ലോകജനതയെ മുഴുവൻ ഒന്നായി കാണാനും വിശ്വാസികളെ പ്രാപ്തരാക്കുക എന്നതാണ്. (2:62), (5:68), (2:213), (21:92), (23:52), (49:13)...., (7:157)...., (23:96), (16:90)...., (11:116)..., (5:2). ഇതു വിശദമായി മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്(19:97). അതുപോലെ നബിയുടെ മറ്റൊരു ദൗത്യമായി ഖുർആൻ പറയുന്നത് 'അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു'

എന്നു പറഞ്ഞ കൃസ്ത്യാനികളെ നീ താക്കീതു ചെയ്യാൻ വേണ്ടിയാണെന്നാണ് (18:4), (5:15), (5:19), (19:97).

തൌറാത്തിന്റെയും, ഇഞ്ചീലിന്റെയും (ബൈബിൾ പഴയ നിയമത്തിന്റെയും, പുതിയ നിയമത്തിന്റെയും) ആവർത്തനമാണല്ലോ വിശുദ്ധ ഖുർആൻ. ആ മുൻ വേദങ്ങളെ സത്യപ്പെടുത്താനും ശക്തിപ്പെടുത്താനുമാണ് ഖുർആൻ മുഹമ്മദ് നബിക്കവതരിപ്പിച്ചുകൊടുത്തത് എന്ന് ഖുർആൻ ഒരുപാടു തവണ വ്യക്തമാക്കിയതാണ്. അപ്പോൾ ആരാണ് കൃസ്ത്യാനികൾ ? എന്താണ് ക്രിസ്തുമതം ? ക്രിസ്തുമതത്തിനും ബൈബിളിനും പറ്റിയ അപചയം എന്തായിരുന്നു? എന്തുകൊണ്ടാണ്, മുഹമ്മദ് നബിയോടല്ലാഹു 'ദൈവം സന്താനത്തെ സ്വീകരിച്ചിരിക്കുന്നു' എന്നു പറഞ്ഞ ക്രിസ്ത്യാനികളെ നീ താക്കീതു ചെയ്യണം, എന്നുപറയാൻ കാരണം. അതിനുവേണ്ടി ക്രിസ്ത്യാനികളുടെയും, ക്രിസ്തുമതത്തിന്റെയും അപചയത്തിന്റെ ചരിത്രം നാം ചെറിയ തോതിലെങ്കിലും അറിഞ്ഞിരിക്കണം. അപ്പോൾ മാത്രമേ നബി കൊണ്ടുവന്ന ഖുർആൻ എന്ന ഇസ്ലാം മതം, എങ്ങനെ മുആവിയയുടെ (അമവികളുടെ) 'സുന്നത്ത്-ജമാഅത്ത്'എന്ന അറേബ്യൻ കൃസ്തുമതമായി മാറി എന്നും നമുക്ക് ശരിക്കും വ്യക്തമാവുകയുള്ളൂ.

മുഹമ്മദ് നബി തിരുമേനി മക്കയിലും മദീനയിലും പ്രബോധനം ചെയ്യുന്ന കാലത്ത്, തദ്ദേശിയരായ അറബികളെ കൂടാതെ വേറെയും കുറെ മതവിഭാഗങ്ങൾ പ്രവാസികളായിട്ടുണ്ടായിരുന്നു. ജൂതൻമാരും, ക്രിസ്ത്യാനികളും,നക്ഷത്രാരാധകരായ സാബികളും ( SABIANS), അഗ്നിയാരാധകരായ 'മജൂസി' കളും അക്കാലത്ത് വളരെയധികം ശ്രദ്ധിക്കപ്പെട്ട മതവിഭാഗങ്ങളായിരുന്നു. അതിൽ 'ക്രിസ്ത്യാനികൾ' എന്നു പറയുന്ന മതവിഭാഗം രണ്ടു ഗ്രൂപ്പായി തിരിഞ്ഞു പരസ്പരം തർക്കിക്കുകയും, കലഹിക്കുകയും, കൊല്ലുകയും പതിവായിരുന്നു. കൃസ്തു ദൈവമാണെന്നു വാദിച്ചിരുന്ന, - കൃസ്തു ഒരേ സമയം പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമാണെന്ന ത്രിത്വ (ത്രിയേകത്വം ) ത്തിൽ വിശ്വസിച്ചിരുന്നവരായിരുന്ന ഒരു വിഭാഗം (Nestorians). അതേസമയം കൃസ്തു മാനുഷിക വളർച്ചയുടെ പരമോന്നതി പ്രാപിച്ച, ദൈവത്താൽ നിയോഗിതനായ - ധാരാളം ദൈവികാനുഗ്രഹമുള്ള - ഒരു ദൈവദൂതൻ മാത്രമാണെന്നും വാദിച്ചിരുന്നവരായിരുന്നു (Monophysites) മറ്റൊരു വിഭാഗം. 'ഒന്നെങ്ങനെ മൂന്നാകും' - 'മൂന്നെങ്ങനെ ഒന്നാകും എന്നിങ്ങനെ തർക്കിച്ചു എപ്പോഴും ശണ്ഠകൂടലായിരുന്നു ആ കൃസ്ത്യാനികളുടെ തൊഴിൽ, .... വാക്ക് തർക്കം മൂത്ത് പലപ്പോഴും അതു രക്തച്ചൊരിച്ചിലിലും കൊലപാതകത്തിലും വരെ എത്തിനിന്നു...!! ഭൂരിപക്ഷം കൃസ്ത്യാനികളും മദ്യപാനത്തിനും, ചൂതുകളിക്കും അടിമകളായിരുന്നു. കൃസ്ത്യാനികൾക്ക് അവരുടെ മതവിശ്വാസത്തിൽ നിന്ന് ആകെ കിട്ടിയിരുന്ന പാഠം 'വൈൻ നുണയുക' എന്നതു മാത്രമായിരുന്നു...! അക്കാലത്ത് ഒരു കൃസ്ത്യാനിയെക്കണ്ടാൽ ഒരറബി ആദ്യം ചിന്തിക്കുക 'അവൻ വൈൻ കച്ചവടക്കാനായിരിക്കും' എന്നായിരുന്നുവത്രെ....!! ചുരുക്കത്തിൽ 'ദൈവത്താൽ നിയുക്തരെന്നും' 'ലോകം ഭരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക വർഗ്ഗം'(chosen people)എന്നും സ്വയം അഹങ്കരിച്ചിരുന്ന ജൂതൻമാർക്കോ, അതുപോലെ കൃസ്ത്യാനികൾക്കോ, മറ്റു പ്രവാസി സമൂഹങ്ങൾക്കോ അറബികളെ ആകർഷിക്കുവാൻ പര്യാപ്തമായ ഒരു സവിശേഷ ഗുണങ്ങളും ഉണ്ടായിരുന്നില്ല...!

അടിമ വ്യവസ്ഥിതിക്കെതിരെയും,കൊള്ളപ്പലിശക്കാർക്കെതിരെയും, പൗരോഹിത്യ ചൂഷണത്തിനെതിരെയും, സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കുമെതിരെയും, സർവ്വോപരി ചേലാകർമ്മത്തിനെതിരെയും, ശക്തിയായി പ്രതികരിച്ചു-ആ തിന്മകൾക്കെതിരെ യുവാക്കളുടെ ഒരു കൂട്ടായ്മയുണ്ടാക്കി,-അങ്ങനെ ഒരു നവോത്ഥാന പ്രസ്ഥാനവുമായിട്ടാണ് ക്രിസ്തുദേവൻ തന്റെ ജനതക്കിടയിലേക്ക് കടന്നുവന്നത്. മുഹമ്മദ് നബി മക്കയിൽ കൊണ്ടുവന്ന ഏക ദൈവവിശ്വാസത്തിലധിഷ്ഠിതമായ ഒരുനവോത്ഥാന പ്രസ്ഥാനം പോലെ, ക്രിസ്തുവിന്റേതും ഒരു സാമൂഹ്യ സാംസ്കാരിക, വിപ്ലവ പ്രസ്ഥാനമായിരുന്നു. എന്നാൽ ആ ക്രിസ്തുദേവനും, (ഈസാനബിക്കും) ക്രിസ്തുമതത്തിനും, അതിന്റെ യഥാർത്ഥ അനുയായികൾക്കും എന്തുപറ്റി എന്ന് നാം ഹ്രസ്വമായിട്ടെങ്കിലും അറിഞ്ഞിരിക്കണം. ക്രിസ്തുദേവന്റെ ശാന്തിമാർഗ്ഗം (ഈസാനബിയുടെ ഇസ്ലാം) എങ്ങനെ വിശുദ്ധ പൗലോസിന്റെ ക്രിസ്തുമതമായി എന്നു നാം പഠിക്കുമ്പോൾ, മുഹമ്മദ് നബി കൊണ്ടുവന്ന ഇസ്ലാം (ഖുർആൻ) എങ്ങനെ മുആവിയയുടെ 'അഹ്ലുസുന്നത്തുവൽജമാഅത്ത് ' എന്ന ഹദീസ് മതമായി എന്നു നമുക്കു എളുപ്പത്തിൽ മനസ്സിലാകും. ക്രിസ്തുമതത്തെ വിശുദ്ധ പൗലോസും ബൈസാൻറ്യൻ ചക്രവർത്തിമാരും ചേർന്ന് വികലമാക്കിയതു

പോലെത്തന്നെയാണ് മുആവിയയും, അമവിരാജാക്കൻമാരും, പിന്നീടു വന്ന അബ്ബാസി രാജാക്കൻമാരും ഇസ്ലമതത്തെയും ഖുർആനിനെയും അർത്ഥം മാറ്റി അട്ടിമറിച്ചത്.

## 'ക്രിസ്തുമത'വും വിശുദ്ധ പൗലോസും

ക്രിസ്ത്യാനികളുടെ വേദഗ്രന്ഥമായ ബൈബിൾ പുതിയ നിയമം, പൂർണ്ണമായും വിശുദ്ധ പൗലോസിന്റെ അവിശുദ്ധ ചിന്തകൾകൊണ്ടും, റോമാസാമ്രാജ്യത്തിലെ (ബൈസാന്റിയൻ ചക്രവർത്തിമാരുടെ) കൈകടത്തൽ മൂലവും പൂർണ്ണമായും മായം ചേർക്കപ്പെട്ടതായി നമുക്കു കാണാം. ബൈബിളിലെ തന്നെ പരസ്പര വിരുദ്ധമായ ചില വചനങ്ങളും, അന്ധവിശ്വാസങ്ങളുടെയും കെട്ടുകഥകളുടെയും (ഹദീസുകളുടെയും) അടിസ്ഥാനത്തിൽ മാത്രം കെട്ടിയുണ്ടാക്കിയ സുവിശേഷഗ്രന്ഥങ്ങളും, ക്രിസ്ത്യാനികളുടെ തന്നെ ചരിത്രവും അതിലേക്ക് ധാരാളം തെളിവുകൾ നൽകുന്നുണ്ട്.

മുഹമ്മദ് നബിയുടെ ഏറ്റവും വലിയ ശത്രുവായിരുന്ന അബൂസുഫ്യാന്റെ മകൻ മുആവിയ തന്റെ സിറിയൻ ഗവർണ്ണർ എന്ന പദവി ദുരുപയോഗം ചെയ്തു, പിന്നീട് തന്റെ മകൻ യസീദിനെ ഇസ്ലാമിന്റെ എല്ലാ ജനാധിപത്യ മര്യാദകളും കാറ്റിൽ പറത്തി, രാജാവായി വാഴിക്കുകയും, അങ്ങനെ അമവി ഭരണം എന്ന രാജഭരണം സ്ഥാപിക്കുകയും ചെയ്തുവല്ലോ. അങ്ങനെ മദീന ആസ്ഥാനമായി നബിയും ഖലിഫാ ഉമറും സ്ഥാപിച്ച മഹത്തായ ഇസ്ലാമിക ഭരണം, ക്രമേണ സിറിയ ആസ്ഥാനമായി വന്ന രാജഭരണമായി മാറി (അമവികൾ 92 വർഷത്തോളം സിറിയ ആസ്ഥാനമാക്കി, അറബികൾതന്നെ തോൽപ്പിച്ച, ലോകമഹാ വൻശക്തിയായിരുന്ന റോമാ സാമ്രാജ്യത്തിലെ ചക്രവർത്തിമാരെപ്പോലെ ആഢംബരത്തിൽ ഭരിച്ചു). ഇസ്ലാമിന് അതിന്റെ ജനാധിപത്യ-സോഷ്യലിസ്റ്റ്-വിപ്ലവമൂല്യങ്ങൾ നഷ്ടപ്പെട്ടു. അമവിഭരണം ഏതാണ്ടു പകുതിയായപ്പോഴാണ് -അബ്ദുൽ മലിക്കു ബിൻ മർവാന്റെ കാലഘട്ടത്തിലാണ് -(അമവികളുടെ) സുന്നികളുടെ സുവർണ്ണ കാലഘട്ടം ആരംഭിച്ചത്. 'രാജ്യദ്രോഹി' എന്നും 'ഇസ്ലാമിന്റെ ശത്രു' എന്നും നബി അധിഃക്ഷേപിച്ച ഹസ്രത്തു ഉസ്മാന്റെ ശക്തമായ ഇടപെടൽ കാരണം വധശിക്ഷ ഇളവു ചെയ്തു, നബി തിരുമേനി മദീനയിൽ നിന്നു ത്വായിഫിലേക്കു നാടുകടത്തിയ ഹക്കംബിൻ ആസിന്റെ മകൻ, മർവാന്റെ മകനായിരുന്നു അബ്ദുൽ മലിക്കുബിൻ മർവാൻ. അന്നു ബാപ്പയോടൊപ്പം ത്വായിഫിലേക്കു നാടുകടത്തപ്പെടുമ്പോൾ മർവാൻ ഒരു കൊച്ചു കുട്ടിയായിരുന്നു. ആ മർവാനാണ് യസിദിന്റെ മരണശേഷം യസീദിന്റെ മകന് പ്രായപൂർത്തിയാവാത്തതു കാരണം ഭാഗ്യം കൊണ്ടു മാത്രം അമവി രാജാവായതും, പിന്നീടു തന്റെ സ്വന്തം പുത്രനായ അബ്ദുൽ മലിക്കിനെ രാജാവായി അവരോധിച്ചതും. ഈ അബ്ദുൽ മലിക്കുബിൻ മർവാന്റെയും, അദ്ദേഹത്തിന്റെ മകൻ വലീദുബിൻ അബ്ദുൽ മലിക്കിന്റെയും, ഹിഷാംബിൻ അബ്ദുൽ മലിക്കിന്റെയും കാലഘട്ടമാണ് അമവികളുടെ (സുന്നി ഭരണത്തിന്റെ) ഏറ്റവും ശ്രദ്ധേയമായ **'സുവർണ്ണ കാലഘട്ടം'**. കുപ്രസിദ്ധനായ ഹജ്ജാജു ബിൻ യൂസുഫ് ഗവർണ്ണറായിരുന്ന കാലഘട്ടമായിരുന്നു അത്. ഈ കാലഘട്ടത്തിലാണ് അറബി ഭാഷ നാം ഇന്നു കാണുന്ന രീതിയിൽ പുരോഗതി പ്രാപിച്ചത്. ഭരണഭാഷ അറബിയാക്കിയതും, ഖലീഫയുടെ ഉത്തരവുകളും അനറബികളായ തദ്ദേശിയർക്കുള്ള ഉത്തരവുകളും കത്തുകളും ഒക്കെ അറബിഭാഷയിൽ തന്നെ നൽകാൻ തുടങ്ങിയതും, അറബിയിൽ മുദ്രണം ചെയ്ത സ്വർണ്ണ-വെള്ളി നാണയങ്ങൾ ആദ്യമായി അറബികൾ ഇറക്കിയും ഹജ്ജാജുബിൻ യൂസുഫിന്റെ കാലത്തായിരുന്നു. അറബികൾ ആദ്യമായി തപാൽ സംവിധാനം (Postal Department =അൽ ബരീദ് ) ആരംഭിച്ചതും ഈ അബ്ദുൽ മലിക്കിന്റെ (ഹജ്ജാജിന്റെ)കാലത്തായിരുന്നു. ഒരു നല്ല നയതന്ത്രജ്ഞനും, സമർത്ഥനുമായ- സുന്നികളല്ലാത്തവർക്ക് കർക്കശക്കാരനും ക്രൂരനുമായ - ഒരു ഭരണാധികാരി എന്നതിലുപരി നല്ലൊരു അദ്ധ്യാപകനും വാഗ്മിയുമായിരുന്ന ഹജ്ജാജുബിൻ യൂസുഫ്. റോമാസാമ്രാജ്യത്തിലെ (സിറിയ-ഈജിപ്ത്, ഇറാഖ്) പണ്ഡിതൻമാരുടെ സഹായത്തോടെ അറബിഭാഷാ ലിപിയും, ഭാഷയും, ഹജ്ജാജ് പരിഷ്കരിച്ചു. ചില അറബി പദങ്ങളുടെ അർത്ഥം മാറ്റികൊണ്ടുള്ള നിഘണ്ടുകളും (Dictionary) ഹജ്ജാജിന്റെ കാലത്ത് അവർ എഴുതിയുണ്ടാക്കി. (അതിനുശേഷം ചില ജൂത-ക്രിസ്ത്യൻ പാതരിമാരുണ്ടാക്കിയ അറബിഭാഷാ നിഘണ്ടുകളാണ് ആധുനിക അറബി ഭാഷ പഠിക്കാൻ എല്ലാവരും അവലംഭിക്കുന്നത്). സുന്നികളും ശിയാക്കളും ഒരുപോലെ ഉപയോഗിക്കുന്ന അറബിക് നിഘണ്ടുവിന്റെ - അൽമുൻജിദിന്റെ - കർത്താവായ ഫാദർ ലൂയിസ് അത്തരം ശൃംഖലയിലെ ഒരു കണ്ണി മാത്രമാണ്. അങ്ങനെ വിശുദ്ധ ഖുർആനിലെ ചില വചനങ്ങളുടെ അർത്ഥവും ആശയവും മാറ്റാൻ ഹജ്ജാജുബിൻ യൂസുഫിന്നു

കഴിഞ്ഞു. അങ്ങനെ തന്റെ പൂർവ്വീകരായ മുആവിയയുടെയും, യസിദിന്റെയും, മർവാന്റെയും കാലഘട്ടത്തിൽ പലപ്പോഴായി രാഷ്ട്രീയ-ഭൗതിക നേട്ടങ്ങൾ ലക്ഷ്യം വെച്ചുകൊണ്ടു 'നബി വചനം' എന്ന പേരിൽ അവരുണ്ടാക്കിയ ഹദീസുകൾക്കനുസ രിച്ചു വ്യാഖ്യാനിക്കപ്പെടുന്ന വിശുദ്ധ ഖുർആൻ (സുന്നി-ത ഫ്സീർ) നിലവിൽ വരാൻ തുടങ്ങി. അങ്ങനെ വിശുദ്ധ ഖുർആ നിലെ തിരഞ്ഞെടുത്ത ചില പദങ്ങൾക്കു അർത്ഥവും ആശയവും മാറ്റാൻ കഴിഞ്ഞു എന്നല്ലാതെ അക്കാലത്ത് അറേബ്യയുടെ അതി രുകളും കടന്ന് ഏതാണ്ടെല്ലാ പ്രമുഖൻമാരുടെയും, നാട്ടുരാജാ ക്കൻമാരുടെയും കൈകളിൽ എത്തിക്കഴിഞ്ഞ ഖുർആൻ എന്ന വേദഗ്രന്ഥം മാറ്റിമറിക്കാൻ ഹജ്ജാജുബിൻ യൂസുഫിന്നും അബ്ദുൽ മലിക്കിനും ശിങ്കിടികൾക്കും കഴിഞ്ഞില്ല. ഖുർആൻ ആദ്യമായി ഇറങ്ങിയ മക്കയിലെ ഖുറൈശികളുടെ അറബിഭാഷ യും, മോഡേൺ അറബിക് എന്ന പേരിൽ ഇന്ന് നിലവിലുള്ള പഴയ റോമാ-പേർഷ്യൻ രാജ്യങ്ങളിലെ(സിറിയ-ഈജിപ്ത്-ഇറാ ഖ്) ഭരണാധികാരികളുടെയും പണ്ഡിതൻമാരുടെയും കീഴിൽ അഭിവൃദ്ധിപ്പെട്ട അറബി ഭാഷയും തമ്മിൽ അർത്ഥത്തിലും ആശ യത്തിലും നമ്മെ അത്ഭുതപ്പെടുത്തുന്ന വ്യത്യാസങ്ങൾ ഉണ്ട്. നമ്മുടെ ഖുർആൻ പരിഭാഷകളിൽ നമുക്കത് ആവർത്തിച്ചു മന സ്സിലാകും. **മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഖുർആൻ പഴയ നിയമവും (നബിയുടെയും നാല് ഖലീഫമാരുടെയും കാലത്തെ അർത്ഥവും വ്യാഖ്യാനവും) ഖുർആൻ പുതിയ നിയമവും (സുന്നീ ശിയാ വ്യാഖ്യാനങ്ങൾ-അമവി അബാസി കാലഘട്ടങ്ങ ളിലെ അർത്ഥവും വ്യാഖ്യാനവും) എന്നിങ്ങനെ രണ്ടു രീതിയിൽ അർത്ഥം നൽകാൻ പാകത്തിൽ അവർ വിശുദ്ധ ഖുർആനിലെ ആശയങ്ങളെ മാറ്റിക്കളഞ്ഞു.**

ചേകന്നൂർ മൗലവി മുമ്പു നമുക്കു കാട്ടിത്തന്ന ചില ദുർവ്യാ ഖ്യാനങ്ങളും, ഖുർആൻ സുന്നത്തു പ്രസ്ഥാനത്തിലെ പണ്ഡി തൻമാർ വിശദീകരിക്കുന്ന പുതിയ അർത്ഥ വ്യത്യാസങ്ങളുടെയും ചരിത്രപരമായ പാശ്ചാത്തലം ഇതൊക്കെയാണ്.

ബൈബിൾ പുതിയ നിയമത്തെ (ഈസാനബി കൊണ്ടുവന്ന ഇഞ്ചീലിനെ) വികലമാക്കിയത് വിശുദ്ധ പൗലോസും, ബൈസാന്റ്യൻ ചക്രവർത്തിമാരുമാണെങ്കിൽ, വിശുദ്ധ ഖുർആ നിനെ ഇന്നുകാണുന്ന സുന്നി-ശിയാ തഫ്സിറുകളാക്കി അട്ടിമ റിച്ചത് മുആവിയയും, അമവി രാജാക്കൻമാരും,- അവരെ തുടർന്നു വന്ന (അവരെ തോൽപ്പിച്ചു) ഇറാഖിലെ ബാഗ്ദാദ് ആസ്ഥാനമായി പിന്നീടു അഞ്ഞൂറിലധികം (500 years) വർഷം ഭരിച്ച അബ്ബാസി രാജാക്കൻമാരുമായിരുന്നു. നബിയും ഖലീഫാ ഉമറും പരാജയ പ്പെടുത്തിയ പഴയ റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളിലെ ചക്ര വർത്തിമാരുടെ അതേ ശൈലിയും, ചിന്താഗതിയും, തന്ത്രവും മുറുകെ പിടിച്ചു കൊണ്ടാണ് ഇസ്ലാമിന്റെ 'മേൽവിലാസ'ത്തിൽ ഭരിച്ച അമവികളും, അബ്ബാസികളും, തുർക്കികളും (ഉസ്മാനിയ ഖിലാഫത്ത്) പിന്നീട് നൂറും, അഞ്ഞൂറും, അറനൂറും വർഷമൊക്കെ ഭരിച്ചത്. അതുകൊണ്ടാണ് ആ കാലഘട്ടങ്ങളിൽ വളർന്നു പടർന്നു പന്തലിച്ച ക്രിസ്ത്യൻ-സുന്നി-ശിയ പ്രസ്ഥാന ങ്ങൾ ഓരേ തൂവൽപക്ഷികളാവാൻ കാരണം.

ഖുർആൻ ആദ്യ മായി ഇറങ്ങിയ മക്കയിലെ ഖുറൈശികളുടെ അറബിഭാഷയും, മോഡേൺ അറ ബിക് എന്ന പേരിൽ ഇന്ന് നില വിലുള്ള പഴയ റോമാ-പേർഷ്യൻ രാജ്യങ്ങളിലെ(സി റിയ-ഈജിപ്ത്-ഇ റാഖ്) ഭരണാധികാ രികളുടെയും പണ്ഡിതൻമാരു ടെയും കീഴിൽ അഭിവൃദ്ധിപ്പെട്ട അറബി ഭാഷയും തമ്മിൽ അർത്ഥ ത്തിലും ആശയ ത്തിലും നമ്മെ അത്ഭുതപ്പെടുത്തുന്ന വ്യത്യാസങ്ങൾ ഉണ്ട്.

വാർത്താവലോകനം

# അഖില കേരള ജിന്ന് മഹാ സംഗമം

**തൃ**ശ്ശൂരിലെ പുലിക്കളി പ്രസിദ്ധമാണ്. കുടവയറുകളിൽ വരച്ച പുലിയുടെ ചിത്രവും അവയുടെ ചലനങ്ങളും ജനങ്ങൾക്ക് ഹരവും ആവേശവുമാണ്. കുടവയറുള്ളവരുടെ ഉത്സവമാണ് പുലിക്കളിയെങ്കിൽ താടിയുള്ളവരുടെ ഉത്സവമാണ് മഞ്ചേരിയിൽ നടന്നത്. താടിയും മുക്കാൽ പാന്റുമായി രൂപംകൊണ്ട പുതിയ 'ത്രീ ഫോർത്ത്' മുജാഹിദുകളുടെ ആദ്യത്തെ പൊതു അരങ്ങേറ്റത്തിന് ജിന്ന് നേതാവിന്റെ നേതൃത്വത്തിൽ മഞ്ചേരിയിൽ തുടക്കം കുറിച്ചു. ജിന്നുകളുടെ ആദ്യത്തെ അങ്കം ശക്തി തെളിയിക്കുക തന്നെ ചെയ്തു. കെ.എൻ.എമ്മിൽ ഇപ്പോൾ നവയാഥാസ്ഥികരായ മുജാഹിദുകളേക്കാൾ കൂടുതൽ ജിന്നുകളാണെന്നത് ഒരു സത്യമാണ്. ജനറൽ സെക്രട്ടറിയായ എ.പിയുടെ മഹല്ലായ പത്തപ്പിരിയം മഹല്ല് തെരഞ്ഞെടുപ്പിൽ ജിന്നുകൾ അവരുടെ ശക്തി തെളിയിച്ചതാണ്. കെ.എൻ.എം സംസ്ഥാന നേതൃത്വം ജിന്നുകളെ ഒന്ന് 'തോണ്ടിയ' ശേഷം നടന്ന തെരഞ്ഞെടുപ്പിൽ മഹല്ലിന്റെ ഭരണം പൂർണ്ണമായും ജിന്നുകൾ കൈക്കലാക്കി. എ.പിയുടെ ലൈഫ് ടൈം വാലിഡിറ്റിയുള്ള പ്രസിഡന്റ് സ്ഥാനം വരെ ജിന്നുകൾ പിടിച്ചെടുത്തു. ഇതുകണ്ട് കണ്ണ് തള്ളിയ കെ.എൻ.എം-കാർ സ്ഥലം എം.എൽ.എയെ കൂട്ടുപിടിച്ച് പ്രസിഡന്റ് സ്ഥാനവും ട്രഷറർ സ്ഥാനവും ജിന്നുകളോട് 'യാചിച്ച്' വാങ്ങുകയാണുണ്ടായത്. കാസർകോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പല മുജാഹിദ് മഹല്ലുകളും ജിന്നുകളുടെ പൂർണ്ണ നിയന്ത്രണത്തിലാണ്. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള 'പകര' മഹല്ല് പൂർണ്ണമായും ജിന്നുകളുടെ പിടിയിലാണ്. അവിടെ ഒരു മദനിയുടെ കീഴിൽ 'റുഖിയ ശറഇയ' എന്ന ജിന്ന് ചികിത്സയും ഭംഗിയായി നടന്നുവരുന്നു.

**വാൽകഷ്ണം:-** സബഇലെ രാജ്ഞിയുടെ സിംഹാസനം കണ്ണടച്ചു തുറക്കുംമുമ്പ് കൊണ്ടുവരാമെന്ന് ഇഫ്രീത്ത് സുലൈമാൻ നബിയോട് പറഞ്ഞപോലെ മഞ്ചേരിയിലെ ജിന്നുകളുടെ വമ്പിച്ച അരങ്ങേറ്റത്തിന് ശേഷം ജിന്ന് നേതാവ് ജന്നുകളോട് പറഞ്ഞു "മക്കളേ കണ്ണടച്ചു തുറക്കും മുമ്പ് കെ.എൻ.എം ജനറൽ സെക്രട്ടറിസ്ഥാനം നമ്മുടെ കയ്യിൽ വരും. അതിനുള്ള ആളുകൾ നമുക്കിവിടെയുണ്ട്." ഇതുകേട്ട ജിന്നുകൾ പരസ്പരം താടിയിൽ തൊട്ടും ആലിംഗനം നടത്തിയും ജയ് വിളിച്ചും ആനന്ദനൃത്തം ചെയ്തു.



**അനുബന്ധം:-** ജിന്നുകളുടെ പുതിയ അങ്കപ്പുറപ്പാടിൽ അതിരറ്റ് ആഹ്ലാദിക്കുന്നവരാണ് മടവൂരികൾ. മാധ്യമം പത്രം പോലും നൽകാത്ത പ്രാധാന്യമാണ് വർത്തമാനം പത്രം ജിന്ന് സംഗമത്തിന് നൽകിയത്. പോസ്റ്ററുകൾ ഒട്ടിച്ചും ജനങ്ങളെ പരമാവധി എത്തിച്ചും ജിന്ന് സംഗമത്തിന് പല ത്യാഗങ്ങളും മടവൂർ വിഭാഗം സഹിച്ചിട്ടുണ്ട്. അവർക്ക് പല പ്രതീക്ഷകളും ഉണ്ട്. 8-ാം മുജാഹിദ് സമ്മേളനം എങ്ങനെയെങ്കിലും കലങ്ങിക്കിട്ടിയാൽ അത് മടവൂരികൾക്ക് വലിയൊരു ആശ്വാസമാണ്. പിളർന്നതിന് ശേഷം മത്സരിച്ച് സമ്മേളനം നടത്തി കാലും കൈയും തളർന്ന് അവശരായവരാണ് മടവൂരി വിഭാഗം. ജിന്നുകളുടെ ശല്യം രൂക്ഷമായാൽ കെ.എൻ.എം വിഭാഗം മടവൂർ സാഹിബിന്റെ സഹായം തേടുമെന്ന പ്രതീക്ഷയും അവർക്കുണ്ട്. മടവൂരിനെ പുറത്താക്കിയ പുറത്താക്കൽ വിദഗ്ധരായ 'കോക്കസി'ന് അൽപമെങ്കിലും തലവേദനകൾ സൃഷ്ടിക്കാൻ സാധിച്ചാൽ അത് ഒരു 'ഉപകാരസ്മരണ'യാകുമല്ലോ എന്ന ചിന്തയും മടവൂരികൾക്കുണ്ട്. ഇങ്ങനെയുള്ള പല പ്രതീക്ഷകളും ജിന്നുകളെ പാലൂട്ടി വളർത്താൻ മടവൂരികൾക്ക് പ്രചോദനമാകുന്നു.

## മലപ്പുറം ജില്ലയിൽ ജിന്ന് ചികിത്സ വ്യാപിക്കുന്നു

മലപ്പുറം ജില്ലയിൽ എടവണ്ണക്കടുത്ത മുണ്ടങ്ങരയിൽ ഭർതൃമതിയായ ഒരു യുവതിയെ ജിന്നിനെ അടിച്ചിറക്കൽ എന്ന റുഖിയശറഇയ ചികിത്സക്ക് വിധേയമാക്കുകയും അത് വിവാദമാവുകയും ചെയ്തു. അതിന് സമാനമായ ചികിത്സ പുളിക്കൽ, വണ്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഭംഗിയായി വീണ്ടും ആവർത്തിച്ചു. വണ്ടൂരിലെ ജിന്ന് ചികിത്സക്കെതിരെ ഖുർആൻ സുന്നത്ത് സൊസൈറ്റി മുജാഹിദുകളെ ബോധവൽകരിക്കുന്നതിന് വേണ്ടി പൊതുസമ്മേളനം നടത്തുകയുണ്ടായി. ഇപ്പോഴും വണ്ടൂരിലെ കെ. എൻ.എം പള്ളിയിൽ ജിന്നിനെ അടിച്ചിറക്കൽചികിത്സ കൂടുതൽ വീര്യത്തോടെ നടക്കുന്നു. മലപ്പുറം ജില്ലയിലെ പല മഹല്ലുകളിലും ജിന്ന് ചികിത്സ ഭംഗിയായി നടന്നുവരുന്നു. പെരിന്തൽമണ്ണയിലെ പ്രശസ്തമായ ഒരാശുപത്രിയിൽ 'കൗൺസിലിംഗ്' എന്ന പേരിൽ ജിന്ന് ചികിത്സ നടക്കുന്നുണ്ട്. അതിന് നേതൃത്വം നൽകുന്നത് ജിന്ന് വിഷയത്തിൽ ഉഗ്രവിഷമുള്ള രണ്ട് മുജാഹിദ് നേതാക്കളാണ്. തിരുന്നാവായയിലെ ഒരു കെ.എൻ.എം-കാരന് മാനസിക അസ്വാസ്ഥ്യം അനുഭവപ്പെടുകയും മെഡിക്കൽ കോളേജിലെ മനോരോഗ വിദഗ്ധന്റെ ചികിത്സ നടക്കുകയും ചെയ്യുന്നതിനിടയിൽ താനാളൂരിലെ ഒരു 'മദനി' ചാടി വീഴുകയും 'പുരയിടത്തിൽ നലവിലുണ്ടായിരുന്ന കാട് (കാവ്) വെട്ടിവെളിപ്പിച്ചപ്പോൾ ജിന്ന് ശരീരത്തിൽ കയറിയതാണെന്ന്' പറഞ്ഞ് ധരിപ്പിക്കുകയും മുജാഹിദ് സെന്ററിൽ നിന്നുള്ള ഒരു പ്രതിനിധിയുടെ മേൽനോട്ടത്തിൽ ജിന്ന് ചികിത്സ ഭംഗിയായി തന്നെ നടത്തുകയും ചെയ്തു. ജിന്നിനെ ഓതി ഇറക്കുന്ന 'റുഖിയ ശറഇയ' ചികിത്സ ഫലിച്ചു. തിരുന്നാവായക്കാരന്റെ ശരീരത്തിൽ നിന്നും ഇറങ്ങിയ 'ബാധ' താനാളൂരിലെ ഒരു അൻസാരിയുടെ ശരീരത്തിൽ കയറുകയും ജിന്ന് ചികിത്സകരായ മദനിയും അൻസാരിയും തമ്മിൽ പരസ്യമായി കൊമ്പുകോർക്കുകയും വെല്ലുവിളിക്കുകയും ചെയ്തു. ഇങ്ങനെ പലയിടങ്ങളിലും മുജാഹിദുകൾക്കിടയിൽ ജിന്ന് ചികിത്സ വ്യാപിക്കുമ്പോൾ അന്ധവിശ്വാസികളായ സുന്നികൾ മൂക്കത്ത് വിരൽവെച്ച് കൊണ്ട് അതിശയത്തോടെ ചോദിക്കുന്നു 'ഇതാണോ മുജാഹിദ്?!'

**കവിത**

# കോമാളി

**റോസ്‌ലിൻ**

മൊട്ടമേൽ തൊപ്പിയും മീതെ കെട്ടും
മുട്ടുവരെമാത്രം സിംഗ്ൾ തുണിയും
മുഖത്ത് താടിനീട്ടിക്കൊണ്ടൊരു കാടും
മൂക്കിനു മീതെ നെറ്റിയിൽ തഴമ്പും വേണം

മീസാനും പിന്നെ അൽഫിയബൈത്തും
മിഷ്കാത്തും പാടിയാൽ 'പണ്ഡിതൻ'
മിനാരത്തിനുകീഴെ വസിക്കാം
മൂക്കറ്റംവരെ തിന്നു സുഖിക്കാം.

ജലാലൈനിയും ഫത്ഹുൽമുഈനും
ജനാബത്തിന്റെ ഫത്‌വാവിധികളും
ജനത്തെ കുപ്പിയിലാക്കുന്ന വിദ്യകളും
ജന്മനാ പഠിച്ചവർ 'സൂര്യപണ്ഡിതർ'

സ്കൂളിൽ പോകേണ്ട, ഇംഗ്ലീഷ് പഠിക്കേണ്ട
സ്തുത്യർഹമായതൊന്നും ചെയ്യേണ്ട
സകല ഖുറാഫത്തും പേറി നടക്കുന്ന
സാക്ഷാൽ മോല്യാർ 'മഹാപണ്ഡിതൻ'

വേദം പഠിക്കാതെ, ദൈവത്തെ അറിയാതെ
വേഷംകെട്ടി നടന്നവർ പണ്ഡിതർ
വേദസാരത്തെ അവഹേളിച്ച
വേദനിഷേധി 'ചന്ദ്രപണ്ഡിതൻ'

മാല മൗലുദ് കുറഞ്ഞുവന്നപ്പോൾ
മാലാഖയിറങ്ങുന്ന ദിഖ്റുഹൽഖകൾ
മാലയും വളകളും സ്ത്രീകൾ നൽകണം
മാപ്പർഹിക്കാത്ത ശിർക്ക് ചെയ്യണം

പാതിരാനേരത്തെ വഷള് പോയി
പാരവെക്കുന്ന പണികളായി
പത്രം നടത്തിയും ചാനൽ നടത്തിയും
പാവം മോല്യാർ കോമാളിയായി.

# വളരെ വൈകിവന്ന വിവേകം

**അബ്ദുൽസമദ് എടപ്പാൾ**

**ജി**ന്ന്, പിശാച് ബാധ വിഷയത്തിൽ ശബ്ദകോലാഹലങ്ങൾ കൊണ്ട് ജനങ്ങളെ വളരെയധികം വീർപ്പുമുട്ടിച്ച പഴയ 'ജാഹിലിയ്യത്ത്' പുതിയ രൂപത്തിൽ അവതരിപ്പിച്ചിരുന്ന വലിയ നാക്കുള്ള ചിലരെ 'സസ്പെൻഷനി'ലൂടെ നിലക്കുനിർത്തിയതിൽ കെ.എൻ.എം പ്രശംസയർഹിക്കുന്നു. പക്ഷെ ഇതിന് ഇത്ര നീണ്ടകാലം കാത്തിരിക്കണമായിരുന്നോ? ഈ മഹാവീരന്മാർ നടത്തിയ വഷളൻ പ്രസംഗങ്ങളിലൂടെ ഇസ്‌ലാമിനകത്തും പുറത്തുമുള്ള എത്രപേർ തെറ്റിദ്ധരിച്ചു.

ഇതൊക്കെയാണ് ഇസ്‌ലാമെങ്കിൽ ഉൾക്കൊള്ളാൻ പറ്റാത്തതാണെന്ന് മനസ്സിലാക്കി എത്രപേർ കാലിടറിപ്പോയിരിക്കും. തെറ്റിദ്ധരിപ്പിക്കാവുന്നതിലപ്പുറം ഇത്തരം പ്രഭാഷകർക്ക് സൗകര്യം ഒരുക്കിയ സംഘടനക്ക് കേവലം ഒരു 'സസ്പെൻഷനി'ലൂടെ മുഖം രക്ഷിക്കാൻ കഴിയില്ല. സംഘടനയോട് കൂറുള്ള പലരും ഇത്തരം ആളുകളെ കുറിച്ചും അവരുടെ വിഷംചീറ്റുന്ന പ്രഭാഷണത്തെക്കുറിച്ചും ഉത്തരവാദപ്പെട്ട നേതാക്കളെ വിവരമറിയിച്ചിരുന്നു. എന്നിട്ടും നേതൃനിരയിലുള്ളവർ മൗനം ദീക്ഷിക്കുകയാണ് ചെയ്തത്. ഇവന്മാരുടെ പ്രസംഗം കേട്ട് ഇനി പിഴച്ചുപോകാൻ ആരും ബാക്കിയില്ലാ എന്നുറപ്പായപ്പോൾ 'സസ്പെൻഷൻ' എന്ന 'പൊട്ടാത്ത' പടക്കം കൊണ്ട് ആരെയാണ് വിഡ്ഢികളാക്കാൻ ഉദ്ദേശിക്കുന്നത്. ജിന്ന് പിശാച് വിഷയത്തിലും മറ്റും ഇവരെ പിളർത്തിയതും ഇനിയും പിളർത്തുന്നതും 'ഹദീസെന്ന' മായാവലയമാണ് എന്ന് ഇനിയെങ്കിലും മനസ്സിലാക്കുക. മുസ്‌ലിംകളിലെ അനൈക്യത്തിനും ചേരിതിരിവിനും കാരണം ഒന്ന് മാത്രമേയുള്ളൂ. അത് മറ്റൊന്നുമല്ല ഇസ്‌ലാമിന്റെ പ്രമാണമായി ദൈവിക ഗ്രന്ഥമായ ഖുർആൻ മാത്രം പോരെന്നും ഖുർആന്റെ അവതരണത്തിന് 200 വർഷം കഴിഞ്ഞ് സമാഹരിച്ച ഹദീസ് ഗ്രന്ഥങ്ങൾകൂടി വേണമെന്നുമുള്ള നയമാണത്.

ഇവിടത്തെ എല്ലാ സുന്നീ സംഘടനകൾക്കും അവരവരുടെ ആചാരങ്ങളുമായി പിടിച്ചുനിൽക്കാൻ സഹായിക്കുന്നതും, അവരെ ചേരിതിരിച്ച ഹദീസ് തന്നെയാണ്. സ്ത്രീകൾക്ക് പള്ളിയിൽ പോകാതിരിക്കാൻ തെളിവ് നൽകുന്ന ഹദീസുകളുള്ളപ്പോൾ പോകാൻ പ്രോത്സാഹിപ്പിക്കുന്ന എമ്പാടും ഹദീസുകളുമുണ്ട്. കൈ നെഞ്ചത്ത് കെട്ടാൻ ഹദീസുകൾ ഉള്ളപ്പോൾ പൊക്കിൾഭാഗത്ത് കെട്ടാനും രേഖകളുണ്ട്. ദൈവത്തോടല്ലാതെ പ്രാർത്ഥിക്കാൻ പാടില്ല എന്ന് ഹദീസുള്ളപ്പോൾ മലക്കുകളോടും മനുഷ്യരോടും പ്രാർത്ഥിക്കാമെന്നതിനും ഹദീസുണ്ട്. ഇങ്ങനെ പെട്ടെന്ന് ആർക്കും പിടികിട്ടാതിരിക്കാൻ പാകത്തിൽ അൽപം നല്ലതും വളരെയേറെ ദുഷിച്ചതും ചേർത്ത് ഹദീസുണ്ടാക്കി അത് പ്രമാണമാക്കി പ്രതിഷ്ഠിച്ച് സമുദായം ഗ്രൂപ്പുകളും ഉപഗ്രൂപ്പുകളുമായി ചേരിതിരിഞ്ഞ് പരസ്പരം കലഹിച്ചും ബഹളവും സംവാദങ്ങളും സംഘട്ടനങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു.

**നന്മനിറഞ്ഞ ഖുർആൻ കൈവിട്ട് തിന്മയുടെ പര്യായമായ ഹദീസുകളെ പ്രമാണമാക്കുന്നിടത്തോളം ഈ നില തുടർന്നുകൊണ്ടിരിക്കും.**

നന്മനിറഞ്ഞ ഖുർആൻ കൈവിട്ട് തിന്മയുടെ പര്യായമായ ഹദീസുകളെ പ്രമാണമാക്കുന്നിടത്തോളം ഈ നില തുടർന്നുകൊണ്ടിരിക്കും. ചില ഹദീസുകളെങ്കിലും ചിന്തിക്കുന്നവർക്ക് ഉൾക്കൊള്ളാൻ കഴിയാതെ വന്നിരിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് മുജാഹിദ് പ്രസ്ഥാനത്തിലെ പുതിയ പ്രശ്നങ്ങൾ. ചിന്തിക്കുന്നവർക്ക് മാത്രമേ ഖുർആൻ ഫലം ചെയ്യുകയുള്ളൂ എന്ന ഖുർആനിക പ്രഖ്യാപനം ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. ഒരുകാലത്ത് സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പൊരുതിയ ഒരു പ്രസ്ഥാനം, അനാചാരം വിസർജ്ജിക്കുന്ന പ്രഭാഷകരെ കയറൂരി വിട്ടത് ഒരിക്കലും ശരിയായില്ല. വൈകിയുദിച്ച ഈ വിവേകംകൊണ്ട് അവർ സമുദായത്തിന് വരുത്തിവെച്ച വിനകൾ ഇല്ലായ്മ ചെയ്യാൻ ഒരിക്കലും കഴിയില്ലെന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കുന്നുവെങ്കിൽ നന്നായിരുന്നേനെ.

# ഓണവും നിലവിളക്കും കുറെ ഫത്‌വകളും

**മുഹമ്മദാലി മാറഞ്ചേരി**

**കാ**ലം തെറ്റി പെയ്ത മഴയിൽ ഇത്തവണത്തെ ഓണാഘോഷം അൽപമൊന്നു നിറം മങ്ങിയെങ്കിലും ഇടക്കു രംഗപ്രവേശം ചെയ്ത കുറെ 'ഓണം ഫത്‌വക്കാർ' മാധ്യമശ്രദ്ധ നേടി. ഓണം, നിലവിളക്ക്, വിദ്യാരംഭം എന്നിവ കേരളീയതയുടെ പ്രതീകങ്ങൾ എന്ന നിലക്ക് മലയാളി മുസ്‌ലിംകൾക്കും സ്വീകാര്യമാണ് എന്ന പ്രഖ്യാപനത്തോടെ എം.ഇ.എസ്. പ്രസിഡണ്ട് ഡോ: ഫസൽ ഗഫൂർ ആണ് സംവാദം തുടങ്ങിവെച്ചത്. തുടർന്ന് അദ്ദേഹത്തെ പിന്തുണച്ചും നിരാകരിച്ചും നിരവധി പേർ രംഗത്തെത്തി. എന്നാൽ ഓണം, നിലവിളക്ക്, എഴുത്തിതിരുത്ത് എന്നിവ എങ്ങനെയാണ് പ്രതീകവൽക്കരിക്കുന്നത് എന്നോ അല്ലെങ്കിൽ ആരാണ് മുസ്‌ലിം, ആരാണ് ഹിന്ദു എന്നോ തിരിച്ചറിയാത്തവരാണോ നമ്മൾ എന്ന സംശയമാണ് ബാക്കിയായത്.

ഓണം ഒരു ഹൈന്ദവ ആഘോഷമാണോ? കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഹിന്ദുക്കളുണ്ട്. അവർക്കൊന്നും മലയാളികൾക്കുള്ളതുപോലെ ഓണാഘോഷമില്ല. ഇന്ത്യക്കു വെളിയിൽ നേപ്പാളിലും അമേരിക്കയിലും പാക്കിസ്ഥാനിൽപോലും ഹിന്ദുക്കളുണ്ട്. അവരിൽ മലയാളികളല്ലാത്തവരൊന്നും ഓണത്തെപ്പറ്റിയോ നിലവിളക്കിനെപ്പറ്റിയോ കേട്ടിട്ടുകൂടിയില്ല! പിന്നെയെങ്ങനെ ഇതെല്ലാം ഹൈന്ദവതയുടേതാവും?

മലയാളികളിൽതന്നെ അധികം പേരും ഓണത്തിനു പിന്നിലെ ഐതിഹ്യങ്ങളിൽ വിശ്വസിച്ചല്ല ഓണമാഘോഷിക്കുന്നത്. (എങ്ങനെ വിശ്വസിക്കാനാവും? പുരാണപ്രകാരം വാമനാവതാരത്തിനു ശേഷമാണ് പരശുരാമ അവതാരം. അദ്ദേഹം മഴുവെറിഞ്ഞാണ് കേരളമുണ്ടാവുന്നത്. എന്നാൽ ഓണം സംബന്ധിച്ച ഐതിഹ്യത്തിൽ കേരളം ഭരിച്ച മഹാബലിയെയാണ് വാമനൻ പാതാളത്തിലാഴ്ത്തുന്നത്! അപ്പോൾ കേരളം ഉണ്ടാകുന്നതിനു മുമ്പ് മഹാബലി കേരളം ഭരിച്ചു എന്നു എങ്ങനെ വിശ്വസിക്കും?)

യഥാർത്ഥത്തിൽ ഓണം കേരളത്തിലെ ആദിമ കാർഷിക ഉത്സവമാണ്. അതിനു വിളവെടുപ്പുമായും ഋതുഭേദവുമായും ആണ് ഏറെ ബന്ധം എന്നു പരിശോധിച്ചാൽ കാണാം. ഐതിഹ്യങ്ങൾ പിന്നീട് നിറംപകരാനായി എത്തിയവയാണ്. അതൊന്നും ഹിന്ദുക്കൾപോലും വിശ്വസിക്കുന്നില്ല. അതിന്റെ പേരിൽ ആഘോഷത്തിൽനിന്നും ആരും വിട്ടുനിൽക്കേണ്ടതില്ല.

**പ്രതീകങ്ങളെ കാണുമ്പോൾ അല്ലാഹുവിനെ മറക്കുമോ എന്നു ഭയപ്പെടുന്നവർക്കായി ഖുർആൻ (അദ്ധ്യായം 112) പറയുന്നു: "പറയുക അല്ലാഹു- അതു ഏകമാണ്- പ്രപഞ്ചസാര സർവ്വസ്വമാണ്..."**

തൃശ്ശൂർ പൂരം എന്നു കേട്ടാൽ പാറമേക്കാവിലേയോ വടക്കുംനാഥക്ഷേത്രത്തിലെയോ വിഗ്രഹപൂജയാണെന്നു പറഞ്ഞ് അങ്ങോട്ട് നോക്കേണ്ട എന്നു ആരും വിലക്കുന്നില്ലല്ലോ. ലോകത്തിലെ ഏറ്റവും മനോഹരമായ സൗധങ്ങളിൽ ഒന്നായ താജ്മഹൽ ഒരു ശവകുടീരമാണെന്ന കാരണത്താൽ അവിടം സന്ദർശിക്കരുതെന്ന് ആരും വിലക്കുന്നില്ലല്ലോ. (നാളെ ഈ കാര്യങ്ങളിലും ഫത്‌വകൾ വരുമോ?)

നിലവിളക്ക് മലയാളി മനസ്സിനു

പ്രകാശത്തിന്റെയും പ്രത്യാശയുടെയും ഉൺമയുടെയും പ്രതീകമാണ്. പ്രകാശവും പ്രതീക്ഷയും ഉൺമയും ഐശ്വര്യവുമാണ് ഈശ്വരൻ. ഇത്തരം പ്രതീകങ്ങളെ ആരും ആരാധിക്കുന്നില്ല. അവയിലൂടെ അടിസ്ഥാനമൂല്യങ്ങളെ ഉൾക്കൊള്ളാനാണ് ചിലർ ശ്രമിക്കുന്നത് എന്നു മാത്രം. (സത്യത്തിൽ നിലവിളക്കിനെ ഹൈന്ദവചടങ്ങുകളിലേക്കാൾ ആരാധനാ മനോഭാവത്തോടെ തെളിയിക്കുന്നത് ചില മുസ്‌ലിം ദേവാലയങ്ങളിലാണ്- പുത്തൻപള്ളി, കൊടുങ്ങല്ലൂർ എന്നിവ ഉദാഹരണം).

പ്രതീകങ്ങളെ കാണുമ്പോൾ അല്ലാഹുവിനെ മറക്കുമോ എന്നു ഭയപ്പെടുന്നവർക്കായി ഖുർആൻ (അദ്ധ്യായം 112) പറയുന്നു: “പറയുക അല്ലാഹു- അതു ഏകമാണ്- പ്രപഞ്ചസാര സർവ്വസ്വമാണ്...”

ഓണവും നിലവിളക്കും അനിസ്‌ലാമികമെന്നു വിധിക്കുമ്പോൾ മുസ്‌ലിംകൾ ഇന്നു ആവേശപൂർവ്വം കൊണ്ടാടുന്ന ആഘോഷങ്ങൾ എത്രമാത്രം ഇസ്‌ലാമികമാണെന്നു പരിശോധിച്ചിട്ടുണ്ടോ? എന്തു ഭക്ഷിക്കണം, എന്തു വസ്ത്രം ധരിക്കണം എന്നീ ദൈനംദിന ജീവിതകാര്യങ്ങൾ മുതൽ ന്യൂക്ലിയർ ഫിസിക്സ് വരെ ഖുർആനിൽ കണ്ടെത്തിയവർക്ക് എന്തേ ഈദുൽ ഫിത്തറും ഈദുൽ അസ്ഹയും ഖുർആനിൽ കണ്ടെത്താനാവുന്നില്ല? ഖുർആനിൽ ഇല്ലാത്ത ഇതെല്ലാം ആരാണ് മുസ്‌ലിംകൾക്ക് അനുവദനീയമാക്കിയത്? ഇസ്‌ലാമെന്നാൽ അറബിനാട്ടിലെ ആചാരങ്ങളും ആഘോഷങ്ങളും സാർവ്വത്രികമാക്കലാണോ?

ശാന്തിയുടെയും സാഹോദര്യത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശമാണത്രെ ഈദ് ആഘോഷങ്ങൾ നൽകുന്നത്. ഓരോ തവണ മാസപ്പിറവി ഉറപ്പിക്കുന്നതു മുതൽ കാണാം സാഹോദര്യത്തിന്റെയും ത്യാഗത്തിന്റെയും വിളയാട്ടം! ഈ കൊച്ചു കേരളത്തിലെ ഓരോ മുസ്‌ലിം ഗ്രൂപ്പിനും ഓരോ നേതാവ് മാസപ്പിറവി ഉറപ്പിച്ചാലേ പെരുന്നാളാകൂ എന്ന മട്ടാണ്. എത്ര പെരുന്നാളുകൾ നാം ഭിന്നിച്ചു നടത്തി! ഇപ്പോൾ ഈദ്ഗാഹുകളെ ചൊല്ലിയും മത്സരമുണ്ട്. ഒരു പെരുന്നാളിനു ഒരു ഈദ്ഗാഹിൽ ഒരുമിച്ചവർ അടുത്ത പെരുന്നാളിനു ഭിന്നിക്കുന്നു. ഇതാണോ മാനവസമൂഹത്തിനു നിങ്ങൾ കാണിക്കുന്ന സാഹോദര്യത്തിന്റെയും ത്യാഗത്തിന്റെയും മാതൃക? സ്വന്തം തട്ടകത്തിലെ പൊരുത്തക്കേടുകൾ പരിഹരിക്കാൻ ആരുടെയെങ്കിലും കൈയിൽ ഫത്ഫ ഉണ്ടോ?

സംഗീതലോകം ആരാധിക്കുന്ന ഷഹനായിവാദകനായ ഉസ്താദ് ബിസ്മില്ലാഖാനെ ഒരു വിദേശ

**ഓണം ഒരു ഹൈന്ദവ ആഘോഷമാണോ? കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഹിന്ദുക്കളുണ്ട്. അവർക്കൊന്നും മലയാളികൾക്കുള്ളതുപോലെ ഓണാഘോഷമില്ല. ഇന്ത്യക്കു വെളിയിൽ നേപ്പാളിലും അമേരിക്കയിലും പാക്കിസ്ഥാനിൽപോലും ഹിന്ദുക്കളുണ്ട്. അവരിൽ മലയാളികളല്ലാത്തവരൊന്നും ഓണത്തെപ്പറ്റിയോ നിലവിളക്കിനെപ്പറ്റിയോ കേട്ടിട്ടുകൂടിയില്ല!**


ആരാധകൻ വൻവാഗ്ദാനങ്ങളോടെ ഭാരതം വിട്ട് തന്റെ നാട്ടിലേക്ക് വരാൻ ക്ഷണിച്ചു. അദ്ദേഹം എല്ലാ വാഗ്ദാനങ്ങൾക്കും പകരം ഒരൊറ്റ കാര്യം മതി താൻ വരാൻ തയ്യാറാണെന്ന് അറിയിച്ചു ഇപ്രകാരം പറഞ്ഞു:

“അവിടെ, ഞാൻ അല്ലാഹുവിൽ പരമമായി അർപ്പിച്ചു ഷെഹനായി വാദനത്തിൽ മുഴുകുമ്പോൾ പ്രചോദകമായി എനിക്കരികിലൂടെ ഒഴുകാൻ ഗംഗയുണ്ടോ? ഞാൻ വരാം.”

മറ്റൊരു വിഖ്യാത സംഗീതജ്ഞനായ ഉസ്താദ് അല്ലാവുദ്ദീൻ ഖാന്റെ കഥയും കേൾക്കുക: തികഞ്ഞ മതഭക്തനും ഖുർആൻ പണ്ഡിതനും ആയിരുന്ന ഈ സരോദ് വാദകൻ, അദ്ദേഹം ശാരദാ ക്ഷേത്രത്തിൽ നടത്തിയ സംഗീതാർച്ചനയിൽ ആകൃഷ്ടനായാണ് താൻ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചത് എന്നു രേഖപ്പെടുത്തുന്നു പണ്ഡിറ്റ് രവിശങ്കർ! ഉസ്താദിന്റെ മകളെ അദ്ദേഹത്തിനു വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. ആ മകളാണ് പ്രസിദ്ധ സിത്താർ (സുർ ബാഹർ) വിദഗ്ദ്ധയായ അന്നാപൂർണ്ണാദേവി!

ഇസ്‌ലാമിനെ സംരക്ഷിക്കാനായി ഫത്വകളും വാളുമായി കൈവെട്ടാനും കാൽ വെട്ടാനും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന അന്ധ കോമരങ്ങൾ അറിയുന്നുണ്ടോ പരിശുദ്ധമായ ദൈവസാക്ഷാൽക്കാരത്തിന്റെ ഈ മഹത്ചരിതങ്ങൾ!

# ഹ്യൂമനിസ്റ്റ് സെന്റർ അവാർഡ് പ്രൊഫ. ഹമീദ് ചേന്ദമംഗല്ലൂരിന്



കോഴിക്കോട്: മതമൗലികവാദ വിരുദ്ധ ഗ്രന്ഥരചനക്കു ഹ്യൂമനിസ്റ്റ് സെന്റർ ഏർപ്പെടുത്തിയ അവാർഡിന് പ്രശസ്ത എഴുത്തുകാരനും പ്രഭാഷകനുമായ പ്രൊഫ. ഹമീദ് ചേന്ദമംഗല്ലൂർ അർഹനായി. പ്രൊഫ. ഹമീദ് രചിച്ചു മാതൃ ഭൂമി ബുക്സ് പ്രസിദ്ധീകരിച്ച 'ദൈവത്തിന്റെ രാഷ്ട്രീയം' എന്ന ഗ്രന്ഥത്തിന്റെ രചനക്കാണ് അവാർഡ്.

ഒക്ടോബർ 13ന് ശനിയാഴ്ച ഉച്ചക്കുശേഷം 4ന് കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ നടക്കുന്ന അവാർഡ്ദാന സമ്മേളനത്തിൽ വെച്ച് പ്രശസ്ത ചരിത്രപണ്ഡിതൻ ഡോ. എം.ജി.എസ്. നാരായണൻ അവാർഡ് സമ്മാനിക്കും. സമ്മേളനം കോഴിക്കോട് മേയർ പ്രൊഫ. എം.കെ. പ്രേമജം ഉദ്ഘാടനം ചെയ്യും.

ശ്രീനി പട്ടത്താനം, കെ.പി. സുധീര, യു. കലാനാഥൻ, തായാട്ട് ബാലൻ, അബ്ദുല്ല മേപ്പയൂർ, നഫീസ സെയ്തു തുടങ്ങിയവർ സംസാരിക്കും. തുടർന്ന് സദാചാരപോലീസ് പ്രശ്നവും പരിഹാരവും എന്ന വിഷയത്തിൽ സെമിനാറും നടക്കുമെന്ന് സംഘാടകർ അറിയിച്ചു. (9946813261, 9349333164)

---

### കെ.എസ്.വൈ.എഫ് സംസ്ഥാന പ്രതിനിധി സംഗമം

# ഖുർആൻ ഗ്രഹിക്കുന്നതു സമഗ്ര പുരോഗതിക്ക്: കൂത്തുപറമ്പ്

സ്വന്തം പ്രതിനിധി





കോഴിക്കോട് (പി.സി. മുഹ മ്മദ്കുട്ടി ഹാജി നഗർ): വിശുദ്ധ ഖുർആൻ യഥാ വിധി ഉൾക്കൊള്ളുന്നതു വഴി സമുദായം സമഗ്ര പുരോഗതി നേടുമെന്ന് കെ. എസ്.എസ്. കേന്ദ്ര കമ്മിറ്റി അംഗം അബ്ദുറഹ്മാൻ കൂത്തുപറമ്പ് പ്രസ്താവിച്ചു.

കോഴിക്കോട് പി.സി. മുഹമ്മദ്കുട്ടി ഹാജി നഗറിൽ (സ്പോർട്സ് കൗൺസിൽ ഹാൾ) നടന്ന ഖുർആൻ സുന്നത്ത് യൂത്ത് ഫെഡറേഷൻ സംസ്ഥാന പ്രതിനിധി സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായി രുന്നു അദ്ദേഹം.

ഖുർആന്റെ ആധുനിക വായന കുറെയേറെ അന്ധ വിശ്വാസങ്ങളിൽനിന്നും രക്ഷനേടാൻ ഉപകരിച്ചു. നാളി തുവരെ ഇസ്‌ലാം എന്നാൽ കുറെയേറെ ആചാരാനു ഷ്ഠാനങ്ങളാണെന്നു നാം വിശ്വസിക്കുകയും അങ്ങനെ ശീലിക്കുകയും ചെയ്തു. എന്നാലിപ്പോൾ ആചാര നമ സ്ക്കാരം, വ്രതം പോലുള്ള അനാചാരങ്ങൾ നമ്മൾ തിരിച്ചറിഞ്ഞു. ഖുർആൻ യഥാവിധി ഉൾക്കൊള്ളുന്ന പഠനങ്ങളും ചിന്തകളും സർവ്വ അനാചാരങ്ങളിൽ നിന്നും മോചനം നൽകുമെന്നും അദ്ദേഹം തുടർന്നുപ റഞ്ഞു.

എം.എസ്. റഷീദ് അധ്യക്ഷത വഹിച്ചു. ബഷീർ താനാളൂർ, എം. ഹസനബ്ബ മംഗലാ പുരം, കെ.എം. കുട്ടിമൗലവി പട്ടാമ്പി, സെയ്ത ലവി അൻസാരി, മുതൂർ അബൂബക്കർ തുട ങ്ങിയവർ പ്രസംഗിച്ചു.


## സി.ഡി വിപണിയിൽ

* ഭീകരതാ വിരുദ്ധദിനാചരണവും മൗലവി അനുസ്മരണവും (29-07-2012ന് കോഴിക്കോട് നടന്നത്)

**ബന്ധപ്പെടുക: 9539141099**

* റൂഹ് ഖുർആനിൽ
* ഖുർആനിൽ കൈവെട്ടുകയോ

**ബന്ധപ്പെടുക: 9895927886**

## യാഥാസ്ഥിതികരും ഖുർആന്റെ മഹത്വം തിരിച്ചറിയുന്നു –മുതൂർ

കോഴിക്കോട്: പുരോഗമനവാദികളെന്നു അവകാശപ്പെടുന്ന മുജാഹിദുകൾ മാത്രമല്ല പഴഞ്ചൻ വിശ്വാസങ്ങൾ പുണരുന്ന സുന്നി വിഭാഗം പണ്ഡിതർപോലും ഖുർആൻ സുന്നത്തിന്റെ മഹത്വം തിരിച്ചറിഞ്ഞു വരികയാണെന്നു കെ.എസ്.എസ്. ജന. സെക്രട്ടറി മുതൂർ അബൂബക്കർ പറഞ്ഞു.

ഈയിടെ ഒരു പ്രമുഖ സുന്നീ പണ്ഡിതൻ തന്നെ ക്ഷണിച്ചുവരുത്തി സംശയങ്ങൾ ചർച്ചചെയ്ത കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടി. ഖുർആന്റെ മഹത്വം തിരിച്ചറിയപ്പെടുന്നവർ ധാരാളമായി പ്രസ്ഥാനത്തിലേക്കു കടന്നുവരികയാണ്. കെ.എസ്.വൈ.എഫ് പ്രതിനിധി സംഗമത്തിൽ മുതൂർ പറഞ്ഞു.

---

## മുഹമ്മദ്കുട്ടി ഹാജി മാതൃകാ പുരുഷൻ –അൻസാരി

കോഴിക്കോട് (പി.സി. മുഹമ്മദ്കുട്ടി ഹാജി നഗർ): ഖുർആൻ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് സമ്പത്തിന്റെ നല്ലൊരു ഭാഗം ചെലവഴിച്ച ആദർശധീരനും മാതൃകാപുരുഷനുമായിരുന്നു പരേതനായ പി.സി. മുഹമ്മദ്കുട്ടി ഹാജിയെന്ന് സെയ്തലവി അൻസാരി പറഞ്ഞു.

കെ.എസ്.വൈ.എഫ് സംസ്ഥാന പ്രതിനിധി സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തവെ ഹാജിയുടെ സേവനങ്ങളെ അൻസാരി അനുസ്മരിച്ചു. എതിർപ്പുകളെ അശേഷം വകവെക്കാതെ കർമ്മമണ്ഡലത്തിൽ സധൈര്യം നിലയുറപ്പിച്ച ഹാജി എക്കാലത്തും ഖുർആൻ വിശ്വാസികളുടെ മനസ്സിൽ നിലകൊള്ളുമെന്നും അൻസാരി പറഞ്ഞു.

---

## കെ.എസ്.വൈ.എഫ് നേത്രദാന പ്രതിജ്ഞ ശ്രദ്ധേയമായി

കോഴിക്കോട്: ഖുർആൻ സുന്നത്ത് യൂത്ത് ഫെഡറേഷൻ പ്രവർത്തകർ മരണശേഷം അവരുടെ നേത്രങ്ങൾ ദാനംചെയ്യുന്നതിന് തീരുമാനിച്ചതായി കെ.എസ്.വൈ.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി സായിദ് അത്തോളി അറിയിച്ചു. കേരളത്തിന്റെ ചരിത്രത്തിൽതന്നെ ആദ്യമായാണ് ഒരു മതസംഘടന ഇത്തരമൊരു ധീരമായ നടപടിക്ക് തയ്യാറാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

---

## പ്രസ്ഥാനം നിർണ്ണായക ശക്തിയായി: ബഷീർ

കോഴിക്കോട്: ഖുർആൻ സുന്നത്ത് പ്രസ്ഥാനം രാജ്യത്തെ മുസ്‌ലിം ജനവിഭാഗത്തിനിടയിൽ നിർണ്ണായക ശക്തിയായി മാറിയിട്ടുണ്ടെന്ന് വേദദർശനം മാസിക എഡിറ്റർ ബഷീർ താനാളൂർ പറഞ്ഞു. കെ.എസ്.വൈ.എഫ് സംസ്ഥാന പ്രതിനിധി സംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു ബഷീർ.

വർഷങ്ങൾക്കു മുമ്പ് ചേകനൂർ മൗലവിയും കുറച്ചാളുകളും ചേർന്ന ഒരു കൂട്ടമെന്ന് പ്രസ്ഥാനത്തെ പരിഹസിച്ചവർ ഇപ്പോൾ കണ്ണ് തുറന്നു കാണേണ്ടതുണ്ട്. ഇന്ത്യയുടെ പല ഭാഗങ്ങളിലും മാത്രമല്ല ലോകത്തുതന്നെയും ഖുർആൻ പ്രമാണമായംഗീകരിക്കുന്നവരുടെ നിര വളരുകയാണ്. ബഷീർ ചൂണ്ടിക്കാട്ടി.

---

## സേവനപ്രവർത്തനങ്ങളാൽ ധന്യരാവുക: എം.എസ്. റഷീദ്

കോഴിക്കോട്: സൃഷ്ടാവിനെ കേവലം ആചാരങ്ങളിലൂടെ നമിക്കുന്നതിലല്ല, മറിച്ച് വേദഗ്രന്ഥത്തിന്റെ സാരമറിഞ്ഞുകൊണ്ട് യഥാർത്ഥ സേവനപ്രവർത്തനങ്ങൾക്കാണ് പ്രാധാന്യമെന്ന് കെ.എസ്.എസ്. കേന്ദ്രകമ്മിറ്റി അംഗം എം.എസ്. റഷീദ് പറഞ്ഞു. കെ.എസ്.വൈ.എഫ് സംസ്ഥാന പ്രതിനിധി സംഗമത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒന്നിനെയും ഭയപ്പെടാതെ സധൈര്യം സൽപ്രവർത്തനങ്ങളിൽ വ്യാപൃതരാകണം. ചിന്തിക്കുന്നവർക്കു ദൃഷ്ടാന്തങ്ങളുണ്ടെന്ന ഖുർആന്റെ അധ്യാപനം മഹത്തരമാണ്. സൽകർമ്മങ്ങൾക്കു വേണ്ടിയാണ് മനുഷ്യനു ബുദ്ധി നൽകിയത്. സൽപ്രവർത്തനങ്ങളിലൂടെയാണ് മാതൃക കാണിക്കേണ്ടത്. അദ്ദേഹം തുടർന്നു പറഞ്ഞു.

**കലികാല കാഴ്ചകൾ**

# ‘ഹദീസും ഇജ്മാഉം ഖിയാസും’ ധിക്കരിച്ചു പാരമ്പര്യവാദികൾ


> **രതിവൈകൃതത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കുന്നവർ, അതു വേണ്ടവിധം പഠിച്ചവർ, നാലുകെട്ടിനെ പ്രോത്സാഹിപ്പിച്ച് എഴുതുന്നവർ, വഷള് പറയുന്നവർ, കുറെ ഇംഗ്ലീഷ് മീഡിയം നടത്തി ദഫ് കളിച്ചാൽ കണ്ണിനാനന്ദം എന്നല്ലാതെ മറ്റൊന്നുമില്ല.**


**എ**ല്ലാ വിനോദങ്ങളും നിഷിദ്ധമാണ് (കുല്ലുലഅ്‌വിൻ ഹറാം), ഫോട്ടോ എടുക്കാൻ പാടില്ല, വായന പാടില്ല, പാട്ടു പാടരുത്, നൃത്തംവെക്കരുത്, ഇംഗ്ലീഷ് നരകത്തിലെ ഭാഷ, അത് പഠിക്കരുത്, അറബി-മലയാളം മാത്രം മതി, വീഡിയോ-റേഡിയോ-ചാനൽ ഹറാം, പാന്റ്, ചുരിദാർ നിഷിദ്ധം, ചലച്ചിത്രം വലിയ ഹറാം.. ഇതൊക്കെ ഹദീസുകളുടെ വെളിച്ചത്തിൽ സുന്നികൾക്ക് ഹറാമായിരുന്നു. അത് മുമ്പ്, ഇപ്പോൾ എല്ലാം ഹലാലാണെന്നാണ് ഇജ്മാഅ്. എന്തൊരു വൈരുദ്ധ്യം.

സുന്നികൾ സമസ്ത നേതാവായ ഒരു തങ്ങളുടെ നേതൃത്വത്തിൽ ചാനൽ നടത്തുന്നു. അതിൽ സിനിമയും സീരിയലും സംപ്രേഷണം ചെയ്യുന്നു. സർവ്വ മലകളും കുന്നുകളും കുളങ്ങളും നിരത്തി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിച്ചു നടത്തുന്നു. മൊയ്ല്യാന്മാർ പാന്റിടുന്നു. ചുരിദാർ ഇടാൻ കൽപ്പിക്കുന്നു. കുട്ടികളെ നൃത്തം പഠിപ്പിക്കുന്നു. ദഫ് കളിപ്പിക്കുന്നു. ചിത്രരചനാ മത്സരം നടത്തുന്നു. ചുരുക്കത്തിൽ മുമ്പ് ചെകുത്താനുവേണ്ടി ഇവർ മാറ്റിവെച്ചതൊക്കെ ഇപ്പോൾ സ്വീകരിച്ച് ചെകുത്താന്റെ ആളുകളായിരിക്കുന്നു.

കപടത്തരത്തിന്റെ പര്യായമായ ജമാഅത്തും ചാനൽ നടത്തുന്നു. ഹദീസും ഇജ്മാഉം ഖിയാസും പൊളിഞ്ഞിരിക്കുന്നു. ഇവരുടെ ഭാഷയിൽ ശരിഅത്തിന്റെ നെടുംതൂണുകളിൽ അവശേഷിക്കുന്നത് ഖുർആൻ മാത്രം. അതു സ്വീകരിക്കാൻ ഞങ്ങളില്ലെന്ന് ഇവർ മുമ്പെതന്നെ പറഞ്ഞതുമാണ്. സത്യം പുലർന്നു, അസത്യം തകർന്നു, അസത്യം തകരുകതന്നെ ചെയ്യും എന്ന ഖുർആൻ വാക്യം അക്ഷരാർത്ഥത്തിൽ പുലർന്നിരിക്കുന്നു.

മൊയ്ല്യാന്മാർ അൽ അസ്ഹറിൽ ചെന്നു ഡോക്ടറേറ്റ് എടുക്കുന്നു. ചിലർ അറബി സാഹിത്യം പഠിച്ച് കേരളത്തിൽ നിന്നുതന്നെ അത് സാധ്യമാക്കുന്നു. ചിലർ വക്കീലാകുന്നു- നുണപറയാൻ പഠിക്കുന്നു. മറ്റുചിലർ യുനാനി വൈദ്യന്മാരാകുന്നു. എന്തൊരു വൈരുദ്ധ്യം? ഫൈളിമാരും സഅദിമാരും സഖാഫികളും മദനിമാരും അൻവരിമാരും നരകത്തിലെ ഭാഷ പഠിക്കുന്നു. നാല് മദ്ഹബിലും വിധി പറയാൻ യോഗ്യതയുള്ള ഒരു ‘ചക്കാപി’ സബ്ഉൽ മൂബിഖാത്തിൽപെട്ട കുറ്റം ചെയ്തു ജയിലിൽ കഴിയുമ്പോൾ ‘ധാർമ്മിക വിപ്ലവം’ എത്രമാത്രം ഫലവത്തായി.

രതിവൈകൃതത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കുന്നവർ, അതു വേണ്ടവിധം പഠിച്ചവർ, നാലുകെട്ടിനെ പ്രോത്സാഹിപ്പിച്ച് എഴുതുന്നവർ, വഷള് പറയുന്നവർ, കുറെ ഇംഗ്ലീഷ് മീഡിയം നടത്തി ദഫ് കളിച്ചാൽ കണ്ണിനാനന്ദം എന്നല്ലാതെ മറ്റൊന്നുമില്ല.

– സഹൃദയൻ

# ഖുർആൻ ആശയപ്രചരണത്തിൽ പങ്കാളികളാകുക

വിശുദ്ധ ഖുർആന്റെ ആശയപ്രചരണരംഗത്ത്
ശക്തമായ മുന്നേറ്റം നടത്തുന്ന
വേദദർശനം മാസിക ഏറെ പഠനാർഹമായ
സൃഷ്ടികളോടെ പ്രസിദ്ധീകരിച്ചുവരുന്ന
സാഹചര്യത്തിൽ മാസികയുടെ നടത്തിപ്പിന്
കഴിയാവുന്ന സാമ്പത്തിക സഹായം
അയച്ചുതരുവാൻ എല്ലാ ആശയബന്ധുക്കളോടും
സവിനയം അഭ്യർത്ഥിക്കുന്നു.

## A/C No. 32455236088

**State Bank of India**
**Tirur Branch**
**Tirur - 676 101, Malappuram Dt.**
**For more details: 9745111044, 8281348893**



ഇതുവരെ നാം വഞ്ചിക്കപ്പെടുകയായിരുന്നു.! അബൂഹുറൈറയി
ലൂടെ, മുആവിയയിലൂടെ, ബുഖാരി-മുസ്‌ലിമിലൂടെ, അതിനെ
ആസ്പദമാക്കി രചിക്കപ്പെട്ട ഖുർആൻ പരിഭാഷകളിലൂടെ...!
ഇപ്പോൾ ഖുർആനെ ഖുർആൻ കൊണ്ട് വ്യാഖ്യാനിക്കുന്ന
ഖുർആന്റെ യഥാർത്ഥ സത്യം നമുക്കു മുമ്പിലിതാ
എത്തിനിൽക്കുന്നു. ഖുർആൻ പരിഭാഷകളിൽ കാണാൻ
കഴിയാത്ത ഖുർആന്റെ യഥാർത്ഥ സാരം ഇവിടെ അനാവരണം
ചെയ്യുന്നു. സൂറത്തുൽ ബഖറ മുതൽ ആരംഭിക്കുന്ന
പഠനക്ലാസ്സുകൾക്ക് തുടക്കം കുറിക്കുന്നു.

# ഖുർആൻ പഠനസംഗമം

**2012 ഒക്ടോബർ 21 ഞായർ** 9.30 am മുതൽ 5 pm വരെ

## ഫറോക്ക് കെ.എസ്.എസ്. ഓഡിറ്റോറിയത്തിൽ

(രാമനാട്ടുകര റോഡ് – ഫറോക്ക്)

ക്ലാസെടുക്കുന്നത്:

**മുതൂർ അബൂബക്കർ മൗലവി**
**സെയ്തലവി അൻസാരി**

കൺവീനർ – സ്വാഗതസംഘം
ഖുർആൻ പഠനവേദി


ഇപ്പോൾ കൂടുതൽ പേജുകളിൽ

പഠനാർഹമായ ലേഖനങ്ങളുമായ്
പുരോഗമന ഇസ്‌ലാമിക മാസിക



**വേദ ദർശനം**

Wanted Advertisement Representatives at:

തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്,
കണ്ണൂർ, ബാംഗ്ളൂർ, മംഗലാപുരം, ചെന്നൈ, കോയമ്പത്തൂർ